ARAM
RY

# കേരളത്തിലെ സെമ്മിനാരികൾ

## (ഒരു ചരിത്രാവലോകനം)

ഗ്രന്ഥകർത്താ:

**ഡോക്ടർ തോമസ് പുതിയകുന്നേൽ**

(09)
J. 72
137
DHARMARAM COLLEGE LIBRARY, BANGALORE.
26115

പ്രസാധകർ

ജനതാ പ്രസിദ്ധീകരണസംഘം

---

വിതരണം

ജനതാ ബുക്കുസ്റ്റാൾ

എറണാകുളം

Malayalam.

KERALATHILE SEMINARIKAL
(The Seminaries of Kerala)

Original historical Research.

By
Dr. Thomas Puthiakunnel
Vincentian Bureau, Ernakulam.

First Published,
September 1968.

Price 1 - 25

Right reserved.

Sales,
Janatha Book Stall, Ernakulam.

Printed at
St. Joseph's Press,
Mannanam

Cum Permissu Superiorum:

# കേരളത്തിലെ സെമ്മിനാരികൾ

## വിഷയവിവരം.

—:✱:—

അദ്ധ്യായം. പേജ്.


| | | |
|---|---|---|
| | ആമുഖം | 1 |
| 1 | വൈദികവിദ്യാഭ്യാസം ആദിമശതകങ്ങളിൽ. | 3 |
| 2 | പതിനാറാംനൂററാണ്ടുമുതലുള്ള സെമ്മിനാരികൾ. | 8 |
| 3 | മംഗലപ്പുഴ പദ്രുവാദോ സെമ്മിനാരി. | 16 |
| 4 | മംഗലപ്പുഴ സെമ്മിനാരിയുടെ പൂൎവ്വചരിത്രം. | 22 |
| 5 | വരാപ്പുഴ–പുത്തമ്പള്ളി–മംഗലപ്പുഴ സെമ്മിനാരി. | 38 |
| 6 | മംഗലപ്പുഴക്കുന്നിൻെറ ഉടമസ്ഥാവകാശം. | 47 |
| 7 | കൊച്ചിരൂപതയും മംഗലപ്പുഴക്കുന്നും. | 59 |
| 8 | പൊന്തിഫിക്കൽ പദവി. | 67 |
| 9 | വടവാതൂർ സെമ്മിനാരി. | 76 |
| 10 | ധൎമ്മാരാംകോളേജ്. | 80 |
| 11 | ഇടക്കാലസെമ്മിനാരികളും വൈദികാൎത്ഥി പഠനഗൃഹങ്ങളും. | 83 |

# ആമുഖം

—:*:—

കേരളത്തിലേ ക്രിസ്തീയ വൈദികവിദ്യാഭ്യാസമണ്ഡലത്തിൻെറ ഒരു തൂലികാചിത്രമാണ് ഈ ലഘുഗ്രന്ഥം. ഒരു ചരിത്രാവലോകനം എന്നു പറയുമ്പോഠം ചരിത്രകാരന്മാർ വിമൾനദൃഷ്ട്യാ വീക്ഷിക്കും. ചരിത്രം പ്രാമാണികരേഖകളിലധിഷ്ഠിതമാണെങ്കിൽ, ലഭിച്ചടത്തോളം രേഖകഠം നിരത്തിവച്ചാണ് ഈ അവലോകനം കുത്തിക്കുറിച്ചിട്ടുള്ളതു്. അതിനുതക്ക ഒരു പൂർണ്ണതയേ ഗ്രന്ഥകാരൻ അവകാശപ്പെടുന്നുള്ളു. ഈ വിഷയം സംബന്ധിച്ച് ഇനിയും അറിയപ്പെടാത്ത രേഖകഠം ധാരാളമുണ്ടാകാം. ഗവേഷണത്തിൻെറ കുഴൽക്കണ്ണാടിയുമായിച്ചെന്നു നോക്കാൻ സാധിക്കാത്ത പല ഈടുവസ്തുക്കളും ഏടുകളുമുണ്ടാകും. വലിയ ഗവേഷണമൊന്നും നടത്തിയില്ലെങ്കിലും, സമയക്കുറവുമൂലം ശേഖരിക്കാൻ സാധിക്കാത്ത സ്ഥിതിവിവരക്കണക്കുകഠം വേറെയും.

കൂടുതൽ ഗവേഷണങ്ങഠം നടത്തി പുത്തനാശയങ്ങഠം കൂട്ടിച്ചേർക്കുവാനുള്ള ചുമതല വളരുന്ന തലമുറക്കുവിടുന്നു. അവർക്കിതൊരു ചവിട്ടുപടിമാത്രം. കേരളത്തിലേ ഇതഃപര്യന്തമുള്ള സെമ്മിനാരികളെക്കുറിച്ച് ഇതുപോലൊരു ചരിത്രപഠനം ആരും കൈരളിക്കർപ്പിച്ചതായി അറിവില്ല. എങ്കിൽ ഇതു് ആദ്യത്തെ ചവിട്ടുപടികൂടിയായിരിക്കട്ടെ. ഇരുപതു നൂററാണ്ടുകാലത്തെ പഴക്കമുള്ള കേരളസഭ, വൈദികവിദ്യാഭ്യാസമണ്ഡലത്തു് പടിപടിയായി ഉയർന്നതെങ്ങനെയെന്ന് ഏകദേശമൊരു രൂപം ഈ ഗ്രന്ഥം നല്കുമെന്നു വിശ്വസിക്കുന്നു.

കേരളസഭാചരിത്രസംബന്ധമായി വിവിധ ഭാഷകളിൽ വിരചിതമായിട്ടുള്ള പല ഗ്രന്ഥങ്ങളും ദീപികയി

ലും സത്യദീപത്തിലും ഞാൻ പ്രസിദ്ധീകരിച്ചിരുന്ന ചില ലേഖനങ്ങളും ഈ ചരിത്രാവലോകനനിർമ്മാണത്തിനു് ആധാരമായിത്തീർന്നിട്ടുണ്ടു്. കൂടാതെ, "Syro- Malabar Clergy" എന്ന എൻെറ ഡോക്ടറേറ്റു് തീസിസു് ഗ്രന്ഥമാണു് സെമ്മിനാരികളെക്കുറിച്ചുള്ള ഈ ലഘുഗ്രന്ഥരചനയ്ക്കു പ്രധാനാവലംബമായിരുന്നിട്ടുള്ളതു് എന്നു പറയാം.

ഈ ഗ്രന്ഥം "പ്രകാശം പ്രസിദ്ധീകരണസംഘം" വഴി വെളിച്ചം കാണുന്നതിനു് സദയം അനുവദിച്ച വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ വെ. റവ. ഫാ. ജേക്കബ്ബു് കല്ലറയ്ക്കൽ അവർകളോടും, ഇതിൻെറ മുദ്രണവും വിതരണവും ഏറ്റെടുത്ത പ്രകാശം പബ്ളിക്കേഷൻസു് സ്ഥാപനത്തോടും എനിക്കുള്ള കടപ്പാടും നന്ദിയും രേഖപ്പെടുത്തിക്കൊള്ളുന്നു.

ഡോക്ടർ തോമസ്
പുതിയകുന്നേൽ.

വിൻസെൻഷ്യൻ ബ്യൂറോ,
എറണാകുളം.
14-4-1963

## അദ്ധ്യായം 1

# വൈദികവിദ്യാഭ്യാസം ആദിമശതകങ്ങളിൽ

കേരളത്തിൽ പണ്ടുകാലംമുതൽ ''ഗുരുകുലവാസം'' എന്ന വിദ്യാഭ്യാസ സമ്പ്രദായമാണു് നിലവിലിരുന്നതു്. ഗുരുവിനോടുകൂടി താമസിച്ചു് ബൗദ്ധികവും മാനസികവും കായികവുമായ വിദ്യകളെല്ലാം അഭ്യസിച്ചു് ''അരയും തലയും മുറുക്കി" ജീവിതത്തിലേക്കു് പ്രവേശിച്ചിരുന്നു, അന്നത്തെ യുവാക്കൾ. ജാതിമതഭേദമെന്യേ കേരളത്തിൽ നിലവിലിരുന്ന വിദ്യാഭ്യാസരീതിയാണിതു്. സാധാരണ ''പണിക്കർ'' വംശത്തിൽ പെട്ടവർക്കുമാത്രമേ ഗുരുക്കന്മാരെന്നനിലയിൽ വിദ്യ അഭ്യസിപ്പിക്കുന്നതിനു് അനുവാദമുണ്ടായിരുന്നുള്ളു. ''ചില പ്രത്യേകവംശജരായ ഹൈന്ദവരെമാത്രം ഗുരുക്കന്മാരായി അംഗീകരിക്കുന്ന പല അക്രൈസ്തവരാജാക്കന്മാരുടേയും കീഴിൽ മലബാർ ക്രിസ്ത്യാനികൾ കഴിച്ചുകൂട്ടേണ്ടിവരുന്നതുകൊണ്ടു്, വിഗ്രഹവണക്കത്തിനു് പ്രേരിപ്പിക്കപ്പെടുകയെന്ന അപകടം ഇല്ലാത്ത സ്കൂളുകളിൽ ക്രിസ്ത്യാനികൾക്കു തങ്ങളുടെ കുട്ടികളെ അയക്കാവുന്നതാണു്.'' (Synod of diamper, III, 12) ഉദയമ്പേരൂർ സൂനഹദോസിന്റെ മേലുദ്ധരിച്ച ഡിക്രിയിൽ പറയുന്ന പ്രത്യേകവംശജരായ ഗുരുക്കന്മാർ ''പണിക്കർ'' ജാതിക്കാർതന്നെയാണു്. ഇങ്ങനെ ഗുരുക്കന്മാരോടുകൂടി താമസിച്ചു് വിദ്യ അഭ്യസിക്കുകയെന്നതായിരുന്നു പൊതുജനവിദ്യാഭ്യാസരീതി.

### മല്പാൻഭവനങ്ങൾ.

വൈദിക വിദ്യാഭ്യാസവും ഏതാണ്ടിപ്രകാരംതന്നെയാണു നടത്തിപ്പോന്നതു്. വൈദികാന്തസ്സിൽ പ്രവേശി

കുവാനാഗ്രഹിക്കുന്ന ഒരു യുവാവു് മല്പാന്റെ പക്കൽ ചെന്നു ശിഷ്യപ്പെടുന്നു.

(മല്പാൻ എന്ന സുറിയാനിവാക്കിന്റെ അത്ഥം അദ്ധ്യാപകൻ, വിദ്യയിൽ സമുന്നതനിലപ്രാപിച്ചവൻ എന്നെല്ലാമാണു്.) ഇപ്രകാരമുള്ള മല്പാന്മാർ നടത്തിയിരുന്ന മല്പാൻഭവനങ്ങളിലാണു് (Malphanates) ഒരു നൂററാണ്ടപ്പുറംവരെ കേരളത്തിലെ വൈദികവിദ്യാത്ഥികളെ പരിശീലിപ്പിച്ചുപോന്നതു്. ഒരു വൈദികവിദ്യത്ഥി മല്പാന്റെ പക്കൽ പാഠനം ആരംഭിക്കുന്നതിനുമുമ്പു് ഒരുപക്ഷേ പണിക്കരുടെയടുക്കൽ ഗുരുകുലവാസമനുഷ്ഠിച്ചു് അക്ഷരവിദ്യയും കായികാഭ്യാസങ്ങളും വശമാക്കിയിരിക്കും. ഇടവകയിലേ ഏററം പ്രായമുള്ള വൈദികനോ, വികാരിയോ ആയിരുന്നു പലപ്പോഴും മല്പാനായി വത്തിച്ചുകൊണ്ടു് ശെമ്മാശ്ശന്മാരെ പഠിപ്പിച്ചിരുന്നതു്. കൂടാതെ ഏതാനും ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയിരുന്ന മല്പാൻഭവനങ്ങളുമുണ്ടായിരുന്നു. പതിനെട്ടാം നൂററാണ്ടിൽതന്നെ ഇപ്രകാരമുള്ള ഇരുപതിൽപ്പരം മല്പാൻഭവനങ്ങളുണ്ടായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ പള്ളിപ്പുറം, പൂഞ്ഞാർ, പാലാ, ഒല്ലൂർ, കാരക്കുന്നം, കുത്തിയതോടു്, ചാത്തനാടു്, നാഗപ്പുഴ, വടയാർ, ഭരണങ്ങാനം, ചങ്ങനാശ്ശേരി മൈലക്കൊമ്പു് മുതലായ സ്ഥലങ്ങളിലാണു് സ്ഥിതിചെയ്തിരുന്നതു്. (Ambrosius, OCD, "Hierarchia Carmelitana," Vol. IV, p340. Cfr. also, ഫാ. ബർണാർദ്ദു് T. O. C. D, "മാർത്തോമ്മാ ക്രിസ്ത്യാനികം," Vol. II. p266) മല്പാന്മാരുടെ കീഴിൽ തിരുക്കമ്മഭാഷയായ സുറിയാനി പഠിച്ചു കർബാന ചൊല്ലുന്നതിനും, കൂദാശകറം കൊടുക്കുന്നതിനും പരിശീലിക്കുന്നതിനുപുറമെ, സങ്കീത്തനങ്ങറം ആലപിക്കുന്നതിനും വിശുദ്ധഗ്രന്ഥം വ്യാഖ്യാനിക്കുന്നതിനുംവേണ്ട ജ്ഞാനവും ശെമ്മാശ്ശന്മാർ സമ്പാദിച്ചിരുന്നു. ഇങ്ങനെ പൊതുവേ മൂന്നോ നാലോ വഷത്തെ പാഠനം കൊണ്ടു് പട്ടം സ്വീകരിക്കുന്നതിനുവേണ്ട അറിവും പരിശീലനവും അവർ സമ്പാദിച്ചിരുന്നു. പട്ടസ്വീകരണത്തിനു ഒരുക്ക

മായി ഇത്രവഷം പഠിക്കണമെന്നു് ഇന്നത്തെപ്പോലെ അക്കാലങ്ങളിൽ നിബന്ധന ഉണ്ടായിരുന്നുമില്ല.

## വൈദിക സർവ്വകലാശാലകൾ.

ഇപ്രകാരം ഇടവകകളോടനുബന്ധിച്ചോ ഏതാനും ഇടവകകളുടെ സംയുക്താഭിമുഖ്യത്തിലോ നടത്തപ്പെട്ടിരുന്ന മല്പാൻഭവനങ്ങൾക്കുപുറമെ, ഉപരിപഠനത്തിനാഗ്രഹിച്ചിരുന്ന വൈദികവിദ്യാൎത്ഥികൾക്കായി മലബാറിൽ ചില "സർവ്വകലാശാലകൾ"തന്നെ ഉണ്ടായിരുന്നുവെന്നു് പല വിദേശമിഷ്യനറിമാരുടേയും കൃതികളിൽനിന്നു് ഗ്രഹിക്കാം. അങ്കമാലിയിൽ പ്രശസ്തരായ മല്പാന്മാരാൽ നടത്തപ്പെട്ടിരുന്ന ഒരു യൂണിവേഴ്സിററി ഉണ്ടായിരുന്നുവെന്നും ഒരു കത്തനാർ 50 വഷത്തോളം വിശുദ്ധഗ്രന്ഥവ്യാഖ്യാനങ്ങൾ സുറിയാനിയിൽ പഠിപ്പിച്ചിരുന്നുവെന്നും മലബാറിൻെറ നാനാഭാഗത്തുമായി അദ്ദേഹത്തിനു ധാരാളം ശിഷ്യന്മാർ ഉണ്ടായിരുന്നുവെന്നും മററും 1557-ൽ കേരളം സന്ദശിച്ച ഫാ. കർണെയ്റോ, എസ്. ജെ. രേഖപ്പെടുത്തിയിട്ടുണ്ടു്. "In the region of angamalee these Christians have their university (tem sua Universidade) There is a cassanar there who is teaching Sacred Scriptures since fifty years, and he has many disciples from all parts of Malabar. The old cassanar taught Scriptures in Syriac Language" (Wicki, S. J. "Documenta Indica," Vol. iii, p. 804) ഫാദർ കർണെയ്റോയുടെ സമകാലീനനായിരുന്ന ഗോയസ് ദമിയാവോ" Cronica de Felicissimo Rei D. Manuel" എന്നപോർത്തുഗീസു് ഗ്രന്ഥത്തിൽ പഴയനിയമത്തിലും പുതിയനിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന വ്യുല്പന്നമതികളായ പല മല്പാന്മാരും അന്നു സുറിയാനികത്തോലിക്കരുടെ ഇടയിലുണ്ടായിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു. Their doctors teach old and new Law, especially the Prophets in public schools. Some of them are well-versed in Law" (Vol I. p. 214.)

വൈദികവിദ്യാഭ്യാസം അക്കാലത്തു പ്രധാനമായും വിശുദ്ധഗ്രന്ഥപഠനത്തിൽ കേന്ദ്രീകൃതമായിരുന്നു. വേദപുസ്തകം ശരിക്കു വ്യാഖ്യാനിക്കാൻ പഠിച്ചാൽ വൈദികവിദ്യാഭ്യാസത്തിൻെറ ഒരു നല്ലഭാഗം പൂത്തിയായതായി കണക്കാക്കപ്പെട്ടുപോന്നു. സമുന്നതമായ ബഹുമതിയും വണക്കവുമാണു് മാർത്തോമ്മാക്രിസ്ത്യാനികൾ വേദപുസ്തകത്തിനു നല്കിയിരുന്നതു്. സ്വർണ്ണമോ വെള്ളിയോ കൊണ്ടുണ്ടാക്കിയ പേടകത്തിൽ ഓരോ ദേവാലയങ്ങളുടേയും മദ്ധ്യത്തിലായി വേദപുസ്തകം സൂക്ഷിച്ചുപോന്നു. വലിയ തിരുനാളുകളിൽ വിശുദ്ധഗ്രന്ഥവും വഹിച്ചുകൊണ്ടു് പ്രദിക്ഷണം നടത്തുകയും പ്രദിക്ഷിണാന്ത്യത്തിൽ വിശ്വാസികൾ ഭക്ത്യാദരപൂർവ്വം അതിനെ ചുംബിക്കുകയും ചെയ്യുക പതിവായിരുന്നു. (Cfr. Vincenzo Maria O. C. D., Il viaggio alle indie orientali, p. 142) ഇങ്ങനെ തങ്ങളുടെ സർവ്വസ്വവുമായിരുന്ന വിശുദ്ധഗ്രന്ഥം അവഗാഢം പഠിക്കുകയും അതു വ്യാഖ്യാനിക്കുവാൻ പരിശീലിക്കുകയും ചെയ്യുന്നതിനുപുറമേ, ദൈവശാസ്ത്രപരവും ചരിത്രപരവുമായ വിഷയങ്ങളിലും വേണ്ടത്ര ജ്ഞാനം സമ്പാദിക്കുവാൻ വൈദികാത്ഥികൾ ശ്രമിച്ചിരുന്നു. ഉദയമ്പേരൂർ സൂനഹദോസിൻെറ മൂന്നാംഭാഗം 14-ാം ഡിക്രിയിൽ പറയുന്നപോലുള്ള ഈട്ടററ ദൈവശാസ്ത്രപ്രബന്ധങ്ങളും സാംസ്കാരികചരിത്രഗ്രന്ഥങ്ങളും കൈകാര്യം ചെയ്തിരുന്ന മലങ്കരസഭയിലെ വൈദികരുടെ വിദ്യാഭ്യാസനിലവാരം തികച്ചും സമുന്നതമായിരുന്നുവെന്നു് സ്പഷ്ടമാണല്ലോ. മേലുദ്ധരിച്ച പോത്തുഗീസു് ഗ്രന്ഥകാരന്മാരുടെ രേഖകൾ ഈ യാഥാത്ഥ്യത്തിനു് ഉപോൽബലകമായി നിലകൊള്ളുകയും ചെയ്യുന്നു.

## കാനൺ അനുശാസനങ്ങൾ

ഉദയമ്പേരൂർ സൂനഹദോസിൻെറ കാലംവരെ മലങ്കരസഭയെ ഭരിച്ചിരുന്നതു് പൗരസ്ത്യസിറിയൻ മെത്രാന്മാരായിരുന്നല്ലോ. പ്രസ്തുത സഭയുടെ കാനൺനിയമവും ആചാരാനുഷ്ഠാനങ്ങളുമായിരുന്നു, സ്ഥലകാലാനുസൃതമായ ചില വ്യത്യാസങ്ങളോടുകൂടിയാണെങ്കിലും, മലങ്കര

സഭയിൽ നിലവിലിരുന്നതു്. പൗരസ്ത്യസിറിയൻസഭയുടെ പ്രധാന നിയമഗ്രന്ഥമായ അബ്ദീശോയുടെ നോമോ കാനോൺ ഏഴാംഭാഗം, നാലാം അദ്ധ്യായം മൂന്നാം കാനൻ ഇപ്രകാരം അനുശാസിക്കുന്നു. "അഞ്ചാം പട്ടക്കാർ സങ്കീർത്തനങ്ങൾ പാടാൻ പഠിച്ചിരിക്കണം. ആറാം പട്ടക്കാരോ എന്നാൽ വിശുദ്ധ ഗ്രന്ഥങ്ങളിലും വിശിഷ്യ പുതിയനിയമപാഠങ്ങളിലും തക്ക അറിവു നേടിയിരിക്കണം. ഗ്രാമങ്ങളിൽ ഇത്രയധികം പഠിപ്പ് ആവശ്യമില്ലായിരിക്കാം. എന്നിരുന്നാലും ഗ്രാമങ്ങളിലെ വികാരിമാർ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നതുകൊള്ളാം" (Mai Angelo "Collectio Canonum Ebedjesus Sobensis" P. 112) മേലുദ്ധരിച്ചപോലുള്ള കാനോനികളുടെ നിബന്ധനയനുസരിച്ച് മലങ്കരസഭയിലെ വൈദികരും ശെമ്മാശ്ശുമ്മാരും അവരവരുടെ അന്തസ്സിനടുത്ത പുണ്യവും ജ്ഞാനവും സമ്പാദിക്കുവാൻ ശ്രമിച്ചിരുന്നു. മല്പാന്മാരും വികാരിമാരും കാനോനാകളുടെ വിധിപ്രകാരം തക്ക യോഗ്യതയുള്ള അർത്ഥികളെ മാത്രമാണ് അതതു പട്ടങ്ങൾ സ്വീകരിക്കുവാൻ മെത്രാന്മാരുടെ പക്കൽ ദേശക്കുറിയുമായി അയച്ചിരുന്നതു്.

1545–ൽ സമാരംഭിച്ച ത്രെന്തോസ് സൂനഹദോസാണ് കത്തോലിക്കാസഭയിൽ സെമ്മിനാരികൾ സ്ഥാപിച്ചു നടത്തണമെന്ന് ആജ്ഞാപിച്ചതു്. പ്രസ്തുത സൂനഹദോസിൻെറ നിശ്ചയപ്രകാരമുള്ള സെമ്മിനാരികൾ നടപ്പിലാകുന്നതുവരെ കേരളത്തിൽ മാത്രമല്ല, യൂറോപ്യൻരാജ്യങ്ങളിലും നമ്മുടെ നാട്ടിലെ മല്പാൻസമ്പ്രദായത്തിനു തുല്യമായ ചില വിദ്യാഭ്യാസരീതികളാണ് നിലവിലിരുന്നതു്. സൂനഹദോസിൻെറ നിർദ്ദേശമനുസരിച്ചുള്ള സെമ്മിനാരികൾ കേരളത്തിൽ സ്ഥാപിച്ചു നടത്തുന്നതിനു് വിവിധ സന്യാസസമൂഹങ്ങളിൽപ്പെട്ട വിദേശമിഷ്യനറിമാർ ശ്രമിക്കയുണ്ടായി. അവരിൽ പ്രമുഖർ ഫ്രാൻസിസ്കൻ, ജസ്വീററു്, ഡൊമിനിക്കൻ, കർമ്മലീത്താ എന്നീ സന്യാസസഭക്കാരാണ്.

## അദ്ധ്യായം 2

# പതിനാറാം നൂററാണ്ടുമുതലുള്ള സെമ്മിനാരികൾ.

## 1. കൊടുങ്ങല്ലൂർ കോളജ്
(സ്ഥാപനം 1541)

### ഫ്രാൻസിസ്ക്കൻ സഭക്കാർ

ഫ്രെ വിച്ചെന്തെ ദെലാഗോസ്സ് (Frey vicente de Lagos) എന്നു പേരുള്ള ഒരു പോർത്തുഗീസ്സ് ഫ്രാൻസിസ്ക്കൻ മിഷ്യനറി 1538-ൽ ഗോവയിൽ വന്നുചേർന്നു. ഏറെത്താമസിയാതെ അദ്ദേഹം മാർത്തോമ്മാക്രിസ്ത്യാനികളുടെയിടയിൽ ജോലി ചെയ്യുവാനായി മലബാറിലേക്കു തിരിച്ചു. മാർത്തോമ്മാനസ്രാണികളുടെ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി 1541-ൽ അദ്ദേഹം കൊടുങ്ങല്ലൂരു് ഒരു കോളേജ് അഥവാ സെമ്മിനാരി ആരംഭിച്ചു. (Cfr. Wicki, S. J. "Der einheimnische klerus in Indien," Schoeneck-Beckenried, 1950 P. 39) അന്നു സുറിയാനിക്കത്തോലിക്കരുടെ മെത്രാനും ശുദ്ധ ഹൃദയനുമായിരുന്ന മാർ യാക്കോബ് തിരുമേനി പുതിയ സെമ്മിനാരിയുടെ നടത്തിപ്പിൽ എല്ലാ സഹായ സഹകരണങ്ങളും ചെയ്തുകൊടുത്തു. തൻെറ അജഗണങ്ങളെ നയിക്കുന്നതിനു്, പഠിപ്പും പുണ്യവുമുള്ള വൈദികരെ വാർത്തെടുക്കാൻ ഈ സെമ്മിനാരി ഉപകരിച്ചേക്കും എന്നു വിശ്വസിച്ചുകൊണ്ടാണു് തിരുമേനി പുതിയ സെമിനാരിയിൽ അതീവതാല്പര്യം പ്രദർശിപ്പിച്ചതു്.

1549-ൽ വി. ഫ്രാൻസീസ്സ് സേവ്യർ സൈമൺ റോഡ്റിഗസ്സിനയച്ച ഒരു കത്തിൽ ഫ്രാൻസിസ്കൻ വൈ

ദികർ നടത്തിയിരുന്ന പ്രസ്തുത സെമ്മിനാരിയിൽ നൂറോളം വിദ്യാൎത്ഥികളുണ്ടായിരുന്നതായി പ്രസ്താവിക്കുന്നു.

"In this college there are about 100 students, sons of those descended from the christians whom St. Thomas converted...and there are 60 places of these Christians and near these places is this college" (Cfr. Ferroli, S. J. "Jesuits in Malabar" Vol. I P. 161)

ഈ സെമിനാരിയിൽ വൈദികവിദ്യാൎത്ഥികൾക്ക് ഏററം ഉത്തമമായ പരിശീലനം നല്കുവാൻ ഫ്രെ വിച്ചെന്തെ ശ്രമിച്ചു എന്നതിനു സംശയമില്ല. പക്ഷേ ഫ്രെ വിച്ചെന്തെക്കു സുറിയാനിഭാഷ വശമുണ്ടായിരുന്നില്ല. ആകയാൽ ശെമ്മാശ്ശന്മാരെ ആ ഭാഷ അഭ്യസിപ്പിക്കുന്നതിനോ, കുർബാനചൊല്ലുക, കൂദാശകൾ കൊടുക്കുക മുതലായകാൎയ്യങ്ങളിൽ പരിശീലിപ്പിക്കുന്നതിനോ സാധിച്ചില്ല. ഫ്രെ വിച്ചെന്തെയുടെ കീഴിൽ ലത്തീൻ രീതികളിൽ മാത്രം അഭ്യസിപ്പിക്കപ്പെട്ടിരുന്ന വൈദികരെ തങ്ങളുടെ പള്ളികളിൽ കുർബാനചൊല്ലുന്നതിനോ താമസിക്കുന്നതിനോ മാർത്തോമ്മാക്രിസ്ത്യാനികൾ അനുവദിച്ചില്ല എന്നു ചരിത്രകാരനായ ഗുവേയാ സാക്ഷിക്കുന്നു:

"The St. Thomas christians did not refuse him (Frey vicente) their sons to be brought up in this college, but they would not avail themselves of the teachings of their sons nor of their priesthood, because they had been trained in the Latin Rite . nor did they allow them to say Mass in their churches, much less to reside in them" (Cfr. Gouvea, "Jornada do Arcebispo de Goa" Coimbra, 1606, P. 6)

മാർ യാക്കോബിനുശേഷം മലങ്കരസഭയെ ഭരിച്ചിരുന്ന മാർ യൗസേപ്പ് തിരുക്കർമ്മഭാഷയായ സുറിയാനി പഠിച്ചിട്ടില്ല എന്ന കാരണത്താൽ ഈ കോളേജിലെ ശെമ്മാശ്ശന്മാൎക്കു പട്ടം നൽകുന്നതിനു വിസമ്മതിക്കയുണ്ടായി. ഫ്രെ വിച്ചെന്തെയുടെ കാലശേഷവും കുറെ നാളത്തേയ്ക്കു ഈ

സെമിനാരി പ്രവത്തിച്ചിരുന്നു. ഇവിടെ പഠിച്ച സുറിയാനി വൈദികർ കൊച്ചിരൂപതയിലുള്ള ലത്തീൻ ഇടവകകളിൽ ജോലിനോക്കിയിരുന്നു. 1604-ൽ മോൺ. റോസ്. എസ്. ജെ എഴുതിയിട്ടുള്ളതും ഇപ്പോഠ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചുവരുന്നതുമായ ഒരു കൈയെഴുത്തു രേഖയിൽ ഫ്രാൻസിസ്കൻ വൈദികർ നടത്തിയിരുന്ന കൊടുങ്ങല്ലൂർ കോളജ് എത്രമാത്രം വിജയപ്രദമായിരുന്നുവെന്നു വിലയിരുത്തിയിട്ടുണ്ട്. "... The Franciscans founded the college in 1541 and Latinized the young men in such a way that not even one trained in it worked among the St. Thomas Christians" (Roz. S. J. Relacao da Serra (1604) British Museum, add. Ms. 9853, folio 3) അങ്ങനെ മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചടത്തോളം ഫ്രാൻസിസ്കൻ വൈദികർ നടത്തിയ സെമിനാരി വേണ്ടപോലെ പ്രയോജനപ്പെട്ടില്ല എന്നാണ് സമകാലീനരായ വിദേശമിഷ്യനറിമാർതന്നെ സാക്ഷിക്കുന്നതു്.

## 2. വൈപ്പിക്കോട്ടസെമ്മിനാരി.

സ്ഥാപനം. 1581

•

ഈശോസഭക്കാർ

അങ്കമാലിമെത്രാപ്പോലീത്തായായിരുന്ന മാർ അബ്രാഹം തൻെറ വിശ്വാസികളായ മാർത്തോമ്മാക്രിസ്ത്യാനികളുടെയിടയിൽ ജോലിചെയ്യുവാനായി ഈശോസഭാ വൈദികരെ അനുവദിച്ചു. 1577-ൽ വൈപ്പിക്കോട്ടയിൽ (ചേന്ദമംഗലത്തു്) അവർ ഒരു ആശ്രമം സ്ഥാപിച്ചു. സുറിയാനിഭാഷയും മററും വശമുണ്ടായിരുന്ന ഫാദർ ഫ്രാൻസീസ് റോസ് എസ്. ജെ. യുടെ പരിശ്രമഫലമായി പ്രസ്തുത ആശ്രമത്തോടനുബന്ധിച്ച് 1581-ൽ ഒരു സെമ്മിനാരി സമാരബ്ധമായി. സുറിയാനിഭാഷക്കുപുറമെ ദൈവശാസ്ത്രവും സന്മാർഗ്ഗശാസ്ത്രവും ഫാദർ റോസ് തന്നെ പഠിപ്പിച്ചിരുന്നു. (Cfr. Ferroli, S. J. op. cit. vol. 1, P. 166)

കർദ്ദിനാൾ ഗെസുവാൾദോ തിരുസിംഹാസനത്തിനു സമപ്പിച്ച ഒരു റിപ്പോർട്ടിൽ ഈ സെമ്മിനാരിയെക്കുറിച്ച് പറഞ്ഞതിപ്രകാരമാണ്. "There is a Seminary staffed by the Fathers of the Society of Jesus in which live 50 or 60 Students belonging to the descendants of those who were converted to the true faith by the Apostle St. Thomas. They are taught Humanities, Latin and Chaldaic, the cases of Conscience and the Rudiments of Catholic Faith and Liturgy." (Ferroli, op cit. p. 169)

ഈ സെമ്മിനാരിയിലെ വിദ്യാത്ഥികൾ സംഖ്യയിലെന്നപോലെതന്നെ പഠനത്തിലും വിശുദ്ധിയിലും അനുദിനം അഭിവൃദ്ധിപ്പെട്ടുവന്നിരുന്നുവെന്നും രണ്ടാഴ്ചയിലൊരിക്കൽ അവർ വി. കർബാന സ്വീകരിച്ചിരുന്നുവെന്നും സീനിയർ വിഭാഗത്തിൽപ്പെട്ടവർ നിശ്ചിതസമയങ്ങളിൽ, കാനോനാനമസ്ക്കാരം ചൊല്ലിയിരുന്നുവെന്നും മററും, ഇൻഡ്യയിലെ ഈശോസഭാ പ്രൊവിൻഷ്യാൾ 1597-ൽ ജസ്വീററ് ജനറലിനു് അയച്ച റിപ്പോർട്ടിൽ പറയുന്നു. (cfr. Litterae Annuae Societatis Jesu pro anno 1597, Neapoli, 1607, P. 540)

1664-ൽ ഡച്ചുകാർ പോർത്തുഗീസുകാരുടെ ആധിപത്യത്തിലിരുന്ന കൊച്ചിയും പരിസരങ്ങളും ആക്രമിച്ചു കീഴടക്കിയപ്പോൾ ഈശോസഭക്കാർ വൈപ്പിക്കോട്ടസെമ്മിനാരി ഉപേക്ഷിച്ചുപോകേണ്ടിവന്നു. എന്നിരുന്നാലും സാമൂതിരിയുടെ രാജ്യാതിത്തിയിലുണ്ടായിരുന്ന തങ്ങളുടെ അമ്പഴക്കാട്ട് ആശ്രമത്തോടനുബന്ധിച്ച് സെമിനാരി അവർ തുടർന്നുനടത്തുകയുണ്ടായി. 1773-ൽ ഈശോസഭ നിറുത്തൽ ചെയ്യപ്പെടുകയും പിന്നീട് ഏകദേശം ഒരു നൂററാണ്ടോളം കഴിഞ്ഞു് അതു് പുനരാരംഭിക്കയും ചെയ്കയുണ്ടായല്ലോ. അമ്പഴക്കാട്ടേക്കു മാററപ്പെട്ട സെമിനാരി 1773-ൽ ഈശോസഭ നിറുത്തൽ ചെയ്യപ്പെടുന്നതുവരെ ഊജ്ജിതമായി പ്രവത്തിച്ചുപോന്നു. സഭ നിറുത്തലാക്കപ്പെട്ടശേഷവും കുറെ

വഷ്ങ്ങരം സെമ്മിനാരി നിലനിന്നുവെങ്കിലും, 1789-ൽ ടിപ്പുസുൽത്താൻ മലബാർ ആക്രമിച്ചപ്പോരം പ്രസ്തുത സെമ്മിനാരിക്കെട്ടിടം തകൎക്കപ്പെട്ടുപോയി. Ferroli op. cit. vol. II P. 286-296) വൈപ്പിക്കോട്ട സെമ്മിനാരിയുടെ അവശിഷ്ടങ്ങരം ഇന്നും ചേന്ദമംഗലത്തു കാണാൻ സാധിക്കും.

## 3. കടുത്തുരുത്തിസെമ്മിനാരി

സ്ഥാപനം 1624

ഡൊമിനിക്കൻ സഭക്കാർ

1554-ൽ ഡൊമിനിക്കൻ സഭക്കാർ ഗോവയിൽ ഒരു ആശ്രമം സ്ഥാപിക്കയുണ്ടായി. 16-ാം നൂററാണ്ടവസാനത്തോടുകൂടി കൊച്ചിയിലും അവൎക്കു ഒരു ആശ്രമം ഉണ്ടായിരുന്നതായിക്കാണുന്നു. 1624-ൽ ഫ്രാൻസീസ് ദൊനാത്തി എന്ന ഡൊമിനിക്കൻ വൈദികൻ കടുത്തുരുത്തിയിൽ പരിശുദ്ധ കന്യകാമറിയത്തിൻെറ നാമത്തിൽ ഒരു ദൈവാലയം പണികഴിപ്പിച്ചു. ഈ പള്ളിയോടനുബന്ധിച്ച് ആ വഷംതന്നെ ഫാ. ദൊനാത്തി മാർത്തോമ്മാക്രിസ്ത്യാനികരംക്കുവേണ്ടി ഒരു സെമ്മിനാരിയും സ്ഥാപിക്കയുണ്ടായി. പ്രസ്തുത സെമ്മിനാരിയിൽ പഠിപ്പിച്ചിരുന്ന വൈദികൎക്ക് സുറിയാനിയുരംപ്പെടെ പല ഭാഷകരം അറിയാമായിരുന്നുവെന്നും മററും റോമിലെ ഡൊമിനിക്കൻ കൂരിയായിൽ സൂക്ഷിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറയുന്നു: "The religious who were in Kaduthuruthy knew many languages; among others Assyrian and Chaldean so well that they could teach the Syrian students and prepare them for priesthood" (Archives of the Dominicans, Santa Sabina, Rome, vol. XIII, 467 B folio, 47, 60)

പോർത്തുഗീസുകാരായ ഈശോസഭാമെത്രാന്മാരുടെ ഭരണത്തിൽ പലതുകൊണ്ടും അമഷംപൂണ്ടിരുന്ന മാൎത്തോ

മ്മാക്രിസ്ത്യാനികൾ ഡൊമിനിക്കൻ സഭക്കാരെ സ്വാഗതംചെയ്തു. മാത്രമല്ല അന്നു കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായിരുന്ന മോൺ സ്റ്റീഫൻ ബ്രിട്ടോയ്ക്കു സുറിയാനി ഭാഷ വശമുണ്ടായിരുന്നില്ല. ആകയാൽ തങ്ങളുടെ തിരുകർമ്മഭാഷ വശമുള്ളവനും കടുത്തുരുത്തി സെമ്മിനാരിയിലെ മല്പാനുമായിരുന്ന ഫാദർ ദൊനാത്തിയെത്തന്നെ തങ്ങൾക്കു മെത്രാനായിക്കിട്ടണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് അക്ദിയാക്കോനും മററു പ്രമുഖവൈദികരും റോമ്മിലേയ്ക്കു അപേക്ഷ അയച്ചു. ഫാദർ ദൊനാത്തിയെ സുറിയാനിക്കാരുടെ മെത്രാനായിട്ടല്ലെങ്കിലും അക്രൈസ്തവരുടെയിടയിൽ മിഷ്യൻവേലചെയ്യുവാനുള്ള മെത്രാനായി (Bishop "in Partibus infidelium") വാഴിക്കവാൻ 1630-ൽ കൂടിയ കർദ്ദിനാളന്മാരുടെ യോഗം തീരുമാനിക്കയുണ്ടായി. മെത്രാൻപട്ടസ്വീകരണത്തിനും മററുമായി 1634-ൽ ഫാ. ദൊനാത്തി റോമിലേയ്ക്കു കപ്പൽ കയറി. പക്ഷെ വഴിമദ്ധ്യേ കടൽക്കള്ളന്മാരാൽ വധിക്കപ്പെടുകയാണുണ്ടായതു്. (cfr. Ferroli, S. J. op. cit. vol. p. 366) ഫാദർ ദൊനാത്തിയുടെ കാലശേഷം കടുത്തുരുത്തി സെമ്മിനാരി തുടർന്നു പ്രവർത്തിച്ചിരുന്നതായി രേഖകളൊന്നുമില്ല.

## 4. സുറിയാനി കർമ്മലീത്തരാൽ നടത്തപ്പെട്ട സെമ്മിനാരികൾ

(സ്ഥാപനം 1833)

1831-ലാണു് സുറിയാനി കർമ്മലീത്താസഭയുടെ പ്രഥമ ആശ്രമം മാന്നാനത്തു സ്ഥാപിക്കപ്പെട്ടതു്. പള്ളിപ്പുറം സെമ്മിനാരിയിലെ മല്പാനും കർമ്മലസഭയുടെ ആരംഭകരിലൊരാളുമായ പാലയ്ക്കൽ തോമ്മാകത്തനാർ 1833-ൽ മാന്നാനത്തു് ഒരു സെമ്മിനാരി ആരംഭിച്ചു. ആദ്യവർഷങ്ങളിൽ കർമ്മലസഭയിലെ ശെമ്മാശ്ശന്മാരെയും ഇടവകവൈദികരാകാനുള്ള ശെമ്മാശ്ശന്മാരെയും ഒരുമിച്ചാണു്

പഠിപ്പിച്ചിരുന്നതു്. പിന്നീടു് സഭാംഗങ്ങളായ ശെമ്മാശ്ശന്മാർക്കുവേണ്ടി പ്രത്യേകം സെമ്മിനാരി നടത്തിപ്പോന്നു.

18-ാം നൂററാണ്ടിൽതന്നെ കേരളത്തിൽ ഇരുപതിൽ പരം മല്പാൻ ഭവനങ്ങളുണ്ടായിരുന്നതായി മുമ്പു പ്രസ്താവിച്ചുവല്ലോ. വരാപ്പുഴ വികാരിഅപ്പസ്തോലിക്കയായിരുന്ന മോൺ. ബർണർദീൻ മേല്പറഞ്ഞ മല്പാൻഭവനങ്ങളെല്ലാം നിറുത്തൽ ചെയ്തശേഷം മാന്നാനത്തും പുത്തമ്പള്ളിയിലും (1866-ൽ) വാഴക്കുളത്തും (1866-ൽ) എൽത്തുരുത്തിലും (1868-ൽ) നാലു വലിയ സെമിനാരികൾ സ്ഥാപിച്ചു. ഇവയിലേതിലെങ്കിലും ഒന്നിൽ പഠിക്കാത്തവർക്കു പട്ടം കൊടുക്കുകയില്ലായെന്നു് നിഷ്ക്കർഷിക്കുകയും ചെയ്തു. (Travancore State Manual, II. P. 198, cfr. also. ബർണാർദ്, op, cit p. 266) ഇവയിൽ പുത്തമ്പള്ളിസെമ്മിനാരി കർമ്മലീത്താ വിദേശമിഷനറിമാരും, മററു മൂന്നു സെമ്മിനാരികൾ സുറിയാനി കർമ്മലീത്താ വൈദികരുമാണു് നടത്തിപ്പോന്നതു്. 1888-ൽ എല്ലാ സെമ്മിനാരികളുംകൂടി യോജിപ്പിച്ചു് പുത്തമ്പള്ളിയിൽ ഒരു മേജർ സെൻട്രൽ സെമ്മിനാരി സ്ഥാപിക്കുന്നതുവരെ, മാന്നാനം, വാഴക്കുളം, എൽത്തുരുത്തു് എന്നീ സ്ഥലങ്ങളിലെ സെമ്മിനാരികൾ പ്രവർത്തിച്ചുപോന്നു.

കർമ്മലസഭയിലെ ശെമ്മാശ്ശന്മാരെ 1857 മുതൽ കൂനമ്മാവിലാണു് പരിശീലിപ്പിച്ചുപോന്നതു്. എന്നാൽ 1889-ൽ തിരുസിംഹാസനത്തിൻെറ നിശ്ചയപ്രകാരം കൂനമ്മാവു കൊവേന്തയും പരിസരങ്ങളും ലത്തീൻ കർമ്മലീത്തക്കു വിട്ടുകൊടുത്തപ്പോൾ കർമ്മലസെമ്മിനാരി അമ്പഴക്കാട്ടേയ്ക്കു മാററപ്പെട്ടു. അംഗങ്ങൾ വർദ്ധിച്ചുവന്നതോടുകൂടി സ്ഥലസൗകര്യം കുറവായിരുന്നതുകൊണ്ടു് സെമ്മിനാരി മാന്നാനത്തേയ്ക്കും പിന്നീടു് മുത്തോലിയിലേയ്ക്കും മാററപ്പെടുകയുണ്ടായി. മുത്തോലിയിലെ കൊവേന്തപരിസരങ്ങൾ വേണ്ടത്ര ആരോഗ്യകരമല്ലെന്നു കണ്ടതിനാൽ 1917 മുതൽ ചെത്തിപ്പുഴയാണു് സെമ്മിനാരി നടത്തിപ്പോന്നതു്. 1956-ൽ ബാംഗ്ളൂർ ധർമ്മാരാം കോളേജ്

സ്ഥാപിതമാവുകയും കർമ്മലസഭയിലെ മൂന്നു പ്രോവിൻസിലുംപെട്ട ശെമ്മാശ്ശന്മാരെ അവിടെ പരിശീലിപ്പിക്കുന്നതിനു വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ 400-ൽ പരം വൈദികവിദ്യാർത്ഥികൾക്കു താമസിച്ചു പഠിക്കുവാനുള്ള സൗകര്യം ധർമ്മാരാമിലുണ്ട്. അവിടത്തെ പ്രൊഫസറന്മാർ എല്ലാവരുംതന്നെ നാട്ടിലേയും യൂറോപ്പിലേയും വിവിധ യൂണിവേഴ്സിററികളിൽ ഉപരിപഠനം നടത്തി ഡിഗ്രികൾ നേടിയിട്ടുള്ള നാട്ടുകാർതന്നെയാണ്. വൈദികാർത്ഥികളുടെ പരിശീലനത്തിന് അന്യ നാട്ടുകാരെ ആശ്രയിക്കാതെതന്നെ ഉത്തമരായ വൈദികരെ വാർത്തെടുക്കുവാൻ സാധിക്കുമെന്നു് ഇൻഡ്യയിലെ ഇതര ക്രൈസ്തവവിഭാഗങ്ങൾക്കു അവർ മാതൃക കാണിച്ചിരിക്കുകയാണ്. തിരുസിംഹാസനത്തിൽനിന്നു് ചന്ദാ, സാഗാർ എന്നു രണ്ടു മിഷൻകേന്ദ്രങ്ങൾ കർമ്മലീത്തക്കു കല്പിച്ചനുവദിച്ചതോടുകൂടി മിഷൻ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി കൂടുതൽ വൈദികാർത്ഥികളെ സഭയിൽ ചേർത്തു പരിശീലിപ്പിച്ചുവരുന്നു.

## അദ്ധ്യായം 3

# മംഗലപ്പുഴ പദ്രുവാദോ സെമ്മിനാരി.

(സ്ഥാപനം: 1866-ൽ. നടത്തിയിരുന്നതു് കൊടുങ്ങല്ലൂർ അതിരൂപതയിലെ ഇടവക വൈദികർ)

പോർത്തുഗീസു് പദ്രുവാദോ ഭരണത്തിൻകീഴിലുള്ള കൊടുങ്ങല്ലൂർ അതിരൂപതയുടെ വകയായി മംഗലപ്പുഴക്കുന്നിൽ 1866-ൽ ഒരു സെമ്മിനാരി ആരംഭിക്കയുണ്ടായി. പ്രസ്തുത സെമ്മിനാരിയുടെ സ്ഥാപനത്തിനു കളമൊരുക്കിയ സാഹചര്യങ്ങൾ ശരിക്കു മനസ്സിലാക്കുവാൻ അന്നത്തെ മലബാർ സഭയെക്കുറിച്ചുള്ള ഒരു ചരിത്രാവലോകനം അവശ്യാവശ്യകമാണ്.

പോർത്തുഗീസുകാരായ ഈശോസഭക്കാരെ മേലദ്ധ്യക്ഷന്മാരായി സ്വീകരിക്കുവാൻ തങ്ങൾ തയ്യാറില്ല എന്നാണല്ലോ കൂനൻകുരിശുസത്യംവഴി മാർത്തോമ്മാക്രിസ്ത്യാനികൾ പ്രകടമാക്കിയതു്. സ്വന്തറീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കുവാൻ അവർ നടത്തിയ പരിശ്രമങ്ങളെല്ലാം മലബാറിലെ പോർത്തുഗീസു്മേധാവിത്വം നിമിത്തം പരാജയപ്പെടുകയും ചെയ്തു. ഇത്തരുണത്തിൽ ഇററാലിയൻ കർമ്മലീത്താ വൈദികർ സുറിയാനിക്കാരുടെ കാര്യങ്ങൾ അന്വേഷിക്കുവാൻ അയയ്ക്കപ്പെട്ടു. അവരുടെ ആഗമനം പോർത്തുഗീസു് അധികാരികൾക്കും പദ്രുവാദോ മെത്രാന്മാർക്കും കടുത്ത അമർഷത്തിനും അസന്തുഷ്ടിക്കും കാരണമാക്കി. 1700-ാമാണ്ടു് ഡിസംബർ 6-ാം തീയതി ആഞ്ചലോഫ്റാൻസീസു് എന്ന കർമ്മലീത്താ മിഷനറിയെ മാർത്തോമ്മാക്രിസ്ത്യാനികളുടെമേൽ അധികാരമുള്ള പ്രഥമവികാരി അപ്പസ്തോലിക്കയായി നിയമിച്ചുകൊണ്ടുള്ള ബൂളാ പ്രൊപ്പഗാന്താതിരുസംഘത്തിൽനിന്നും



അപ്പസ്തോലിക സെമ്മിനാരി - മംഗലപ്പുഴ, ആലുവാ.

അയയ്ക്കുകയുണ്ടായി. (cfr. Ambrosius, O. C. D., "Hierarchia Carmelitana" Vol. IV. P. 209) മാർത്തോമ്മാ നസ്രാണികളുടെമേലുള്ള ഭരണാധികാരം തങ്ങൾക്കാണെന്നു അവകാശപ്പെട്ടിരുന്ന പദ്രുവാദോ മെത്രാന്മാർ ഈ നിയമനത്തിൽ തങ്ങൾക്കുള്ള പ്രതിഷേധം പലതരത്തിലും പ്രകടമാക്കി. പുതിയ വികാരിഅപ്പസ്തോലിക്കാ തനിക്കു മെത്രാൻപട്ടം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ടു് പദ്രുവാദോയുടെ കീഴിലുള്ള കൊച്ചി മെത്രാനേയും ഗോവാമെത്രാപ്പോലീത്തായേയും സമീപിച്ചെങ്കിലും ഇരുവരും അതിനു വിസമ്മതിക്കയാണുണ്ടായതു്. ആയിടയ്ക്കു് കോഴിക്കോട്ടു വന്നുചേർന്ന ഒരു കൽദായ സുറിയാനി മെത്രാപ്പോലീത്തായായ മാർ സൈമൺ തിരുമേനിയിൽനിന്നാണു് അവസാനം അലങ്ങാട്ടുവച്ചു് 1701–ൽ ആഞ്ചലോ ഫ്റാൻസിസ് ഒ. സി. ഡി. മെത്രാൻ പട്ടം സ്വീകരിച്ചതു്. (cfr. Ambrosius op cit. p 210)

അങ്ങനെ കർമ്മലീത്തർ ഔദ്യോഗികമായി മലബാർസഭയുടെ ഭരണം ഏറ്റെടുത്തപ്പോൾ പദ്രുവാദോ മെത്രാന്മാർ തങ്ങളുടെ അവകാശങ്ങൾ പുനഃസ്ഥാപിച്ചുകിട്ടണമെന്നഭ്യർത്ഥിച്ചുകൊണ്ടു് തിരുസിംഹാസനത്തിങ്കലേക്കു് എഴുതി. പ്രൊപ്പഗാന്താ തിരുസംഘത്തിൽനിന്നും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായ്ക്കു അയച്ചുകൊടുത്ത മറുപടിയിൽ, പോർച്ചുഗീസു് ഈശോസഭാ മെത്രാനായ അദ്ദേഹത്തിനു്, ഡച്ചു ആക്രമണം നിമിത്തവും, സുറിയാനിക്കാർ അനുവദിക്കാത്തതുകൊണ്ടും സ്വതന്ത്രമായി പ്രവേശിക്കുവാൻ സാദ്ധ്യമല്ലാത്ത പള്ളികളുടെ ഭരണം വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്കു് ആയിരിക്കുമെന്നു നിർദ്ദേശിച്ചിരുന്നു. (Ambrosius P. 211) ഈ ഡിക്രിയുടെ വെളിച്ചത്തിൽ വളരെ ചുരുക്കം സുറിയാനിപള്ളികളുടെ ഭരണമേ പദ്രുവാദോ മെത്രാന്മാർക്കു ലഭിച്ചൊള്ളു. കൂനൻകുരിശുസത്യത്തിനുശേഷം കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്താമാരായി നിയമിക്കപ്പെട്ട പലരും ആ സ്ഥാനം സ്വീകരിച്ചു് മലബാറിലേക്കു വരുവാൻ തയാറായില്ല. ചിലർ ഗോവായിൽ താമസിച്ചു് രൂപതാഭരണം നട

ത്തിപ്പോന്നു. ഇങ്ങനെ നിയുക്തരായ മെത്രാന്മാരിലൊരാറം, മോൺ. ദിദാക്കൂസ്, പറമ്പിൽ ചാണ്ടിമെത്രാൻെറ ഭാഗിനേയനായിരുന്ന ഒരു മത്തായിക്കത്തനാരെ തൻെറ വികാരിജനറാളായി നിയമിച്ചു. സ്വന്തറീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കുവാൻ തീവ്രപ്രയത്നം ചെയ്തിരുന്ന സുറിയാനിക്കാർ, ഇപ്രകാരം ഒരു വികാരിജനറാളിനെയെങ്കിലും ലഭിച്ചതുകൊണ്ട് അതിയായി സന്തോഷിച്ചു എന്നു പറയേണ്ടതില്ലല്ലോ. മത്തായിക്കത്തനാരുടെ പരിശ്രമഫലമായി പല സുറിയാനിപ്പള്ളികളും കൊടുങ്ങല്ലൂർ പദ്രുവാദോ അതിരൂപതയുടെ കീഴിലാക്കപ്പെട്ടു. പോർത്തുഗീസു മെത്രാന്മാരെ സുറിയാനിക്കാർ സ്വാഗതം ചെയ്യുന്നില്ലെന്നു കണ്ടപ്പോറം പോർത്തുഗൽ രാജാവും നയംമാററി. അങ്ങനെ, നാട്ടുകാരനായിരുന്ന ഫാദർ ജോസഫ് കരിയാററിയെ 1785-ൽ ലിസ്ബണിൽവച്ചു കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി വാഴിക്കയും മററും ചെയ്ത വിവരങ്ങറം ചരിത്രത്തിൽനിന്നും വ്യക്തമാണല്ലോ.

വികാരിജനറാളായിരുന്ന മത്തായിക്കത്തനാരുടെ കാലത്തും അതിനുശേഷവുമായി കൊടുങ്ങല്ലൂർ അതിരൂപതയുടെ കീഴിലാക്കപ്പെട്ട സുറിയാനിപ്പള്ളികറം, 1866-ലേ കണക്കുപ്രകാരം 55-ൽ കൂടുതലുണ്ടായിരുന്നുവെന്നു കാണുന്നു.

## മംഗലപ്പുഴക്കുന്നിൻെറ ചരിത്രം

പോർത്തുഗീസ് പദ്രുവാദോ ഭരണത്തിൽപ്പെട്ട കൊടുങ്ങല്ലൂർ അതിരൂപതയുടെ കീഴിലുണ്ടായിരുന്ന സുറിയാനിക്കാർ തങ്ങളുടെ രൂപതവകയായി ഒരു സെമ്മിനാരി ഉണ്ടായിക്കാണുവാൻ അതിയായി ആഗ്രഹിച്ചിരുന്നു. പ്രസ്തുത അതിരൂപതയുടെ ആദ്യമെത്രാപ്പോലീത്തായായിരുന്ന മോൺ. റോസ് ഒരു വൈദികനായിരിക്കുമ്പോറം തന്നെ, മാർ അബ്രാഹത്തിൻെറ അനുമതിയോടുകൂടി 1581-ൽ വൈപ്പിക്കോട്ടയിൽ സ്ഥാപിച്ച് നടത്തിപ്പോന്നതും കാലക്രമത്തിൽ നിന്നുപോയതുമായ സെമ്മിനാരിക്കുപകരം ഒരു പുതിയ സെമ്മിനാരി ഉണ്ടാക്കുവാൻ സമ

ദായനേതാക്കന്മാർ പരിശ്രമിച്ചു. സെമ്മിനാരിക്കുപററിയ സ്ഥലം അവർ പലയിടത്തും അന്വേഷിക്കയുണ്ടായി.

പണ്ടുമുതൽ പോർത്തുഗീസുകാരും പിന്നീട് ഡച്ചുകാരും തങ്ങളുടെ ഒരു സാനിട്ടോറിയംപോലെ കരുതിപ്പോന്ന ഒരു സ്ഥലം ആലുവാസ്സൂട്ടത്ത് പെരിയാറിൻെറ തിരത്തു സ്ഥിതിചെയ്തിരുന്നു. "മോന്തോഫോർമോസ" (മനോഹരമായകുന്ന്) അഥവാ മംഗലപ്പുഴ എന്നാണവർ അതിനു പേരിട്ടിരുന്നതു്. 40 ഏക്കറോളം വിസ്താരമുള്ളതും, ഒരു രണ്ടുനിലബംഗ്ലാവും ജാതി മുതലായ വിവിധ ഫലവൃക്ഷങ്ങളുമുണ്ടായിരുന്നതുമായ ഈ സ്ഥലം 1866-ൽ ഒരു യൂറോപ്യൻെറ കൈവശമായിരുന്നു. എന്തു വിലകൊടുത്തും ഈ സ്ഥലം കരസ്ഥമാക്കിയാൽ അതു സെമ്മിനാരിക്കു പററിയതായിരിക്കുമെന്നു നമ്മുടെ സമുദായനേതാക്കന്മാർ കണ്ടു.

കൊടുങ്ങല്ലൂർ അതിരൂപതയുടെ കീഴിലായി കേരളത്തിൽ അങ്ങോളമിങ്ങോളം വ്യാപിച്ചുകിടന്നിരുന്ന 55 സുറിയാനിപ്പള്ളിക്കാക്ക് വീതപ്പിരിവു നിശ്ചയിച്ച് 2000 രൂപാ പിരിഞ്ഞുകിട്ടി. (1) ഈ തുകകൊണ്ടു് മതിയാകാതിരുന്നതിനാൽ തൻെറ മുത്തപ്പൻ അവിരാത്തരകൻ ഈ നിയോഗത്തിനായി പണ്ടുതന്നെ നീക്കിവച്ചിരുന്ന 2000 രൂപായുംകൂടി ചേർത്തു്, അങ്ങനെ 4000 രൂപാമുടക്കി, അന്നത്തെ ഒരു പ്രമുഖ നേതാവായിരുന്ന പാറായിൽ അവിരാവക്കിത്തരകനാണു് മംഗലപ്പുഴ വസ്തുവകകാം യൂറോപ്യനിൽനിന്നും തീറെഴുതിവാങ്ങിയതു്. ഇതു സംബന്ധിച്ച് പദ്രുവാദോ രൂപതകളുടെ ചരിത്രം വിവരിക്കുന്ന "Mitras Lusitanas no Oriente" എന്ന

---

(1) 1838-ൽ Multa Praeclara എന്ന തിരുവെഴുത്തുവഴി കൊടുങ്ങല്ലൂർ രൂപത നിറുത്തലാക്കപ്പെട്ടുവെങ്കിലും, മാർപ്പാപ്പായും പോർത്തുഗൽ രാജാവും തമ്മിൽ 1857-ൽ നടത്തിയ ഉടമ്പടിപ്രകാരം കൊടുങ്ങല്ലൂർ കൊച്ചി രൂപതകറം പുനസ്ഥാപിക്കപ്പെട്ടു. പിന്നീട് 1886-ൽ മാത്രമാണു് കൊടുങ്ങല്ലൂർ രൂപത നിറുത്തൽ ചെയ്യപ്പെട്ടതു്.

പോർട്ടുഗീസ് ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു. "Por decr. de 7 Maio 1867, foi aceita a doacao feita por Paray e autros catholicos de cranganor, de un terreno, com uma casa, n'uma elevacao a beiro do rio de Alva (Alwaye) vae a cranganor por elles comprados para fundacao de Seminario, e trespasados ao arcebispo de Goa por escrituras publicas de 25 Juli e 9 Nov. 1866; e avaliado a casa em 3500rp. ea cerca com pomar de nogueiras em 500rp."
(Nazareth, c casimiro, Mitras Lusitanas no oriente, Nova Goa, 1924, p. 60) പോർത്തുഗീസ്ഭാഷ വശമില്ലാത്തവക്കുപോലും അതിലെ ഉള്ളടക്കം നിഷ്പ്രയാസം മനസ്സിലാക്കാമല്ലോ.

മംഗലപ്പുഴ വസ്തു സംബന്ധിച്ച തീറാധാരത്തിന്റെ ശരിപ്പകർപ്പ് കൊച്ചി അരമനയിൽനിന്നും എടുപ്പിച്ച് 1932 ഓഗസ്റ്റ്മാസത്തിലെ "എറണാകുളം മിസ്സം" എന്ന രൂപതാമാസികയിൽ ചേർത്തിരുന്നതു് പീടിയേയ്ക്കൽ യൌസേപ്പുകത്തനാരുടെ ലേഖനത്തിൽ ഉദ്ധരിച്ചിട്ടുള്ളതിനാൽ (അദ്ധ്യായം 4 കാണുക) ഇവിടെ ആവർത്തിക്കുന്നില്ല.

വസ്തു വാങ്ങിയശേഷം ഏറെത്താമസിയാതെ മംഗലപ്പുഴക്കുന്നിൽ സെമ്മിനാരി ആരംഭിച്ചു. കൊടുങ്ങല്ലൂർ അതിരൂപതയിലെ ഇടവകവൈദികരായിരുന്നു സെമ്മിനാരി നടത്തിയിരുന്നതു്. 20 വർഷത്തോളം സെമ്മിനാരി ഊർജ്ജിതമായി പ്രവർത്തിച്ചു. കൊടുങ്ങല്ലൂർ അതിരൂപതയിലെ വൈദികരുടെ ധ്യാനം മൂന്നു ബാച്ചുകളിലായി മംഗലപ്പുഴ സെമ്മിനാരിയിൽവച്ചു നടത്തണമെന്നും, മലയാളത്തിലേയ്ക്കു തർജ്ജമചെയ്തിരിക്കുന്ന വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രഗ്രന്ഥം എല്ലാ കത്തനാരന്മാരും ശെമ്മാശ്ശന്മാരും വാങ്ങിക്കൊള്ളുണമെന്നും മററും 1867 മുതൽ 1869 വരെ കൊടുങ്ങല്ലൂർ അതിരൂപതയുടെ വികാരിജനറാളായിരുന്ന മോൺ. കോയൽഹോ അയച്ച ഒരു Circular Letter-ൽ പറയുന്നു. (Nazareth op, cit

P. 60–62). ഇങ്ങനെ, സെമ്മിനാരി ശെമ്മാശന്മാരുടെ പരിശീലനകേന്ദ്രമായിരുന്നതിനുപുറമെ രൂപതയിലെ വൈദികൾക്കു തങ്ങളുടെ അപ്പസ്തോലിക പ്രവൎത്തനങ്ങൾക്കുവേണ്ട ആദ്ധ്യാത്മികശക്തി സംഭരിക്കുന്നതിനുള്ള ഒരു പുണ്യതീൎത്ഥവുമായിരുന്നു.

1886–ൽ വത്തിക്കാനും പോൎത്തുഗലും തമ്മിലുണ്ടായ ഉടമ്പടിപ്രകാരം കൊടുങ്ങല്ലൂർ അതിരൂപത നിറുത്തൽ ചെയ്യപ്പെട്ടു. ആ വൎഷംതന്നെ ഇൻഡ്യയിൽ ലത്തീൻ ഹയരാർക്കി സ്ഥാപിക്കപ്പെടുകയും ചെയ്തു. (Acta Leonis xiii, Pont. Max, vol. vi, p: 164–179) കൊടുങ്ങല്ലൂർ അതിരൂപത നിറുത്തൽചെയ്യപ്പെട്ടപ്പോൾ, സെമ്മിനാരിയും നിന്നുപോയി. മംഗലപ്പുഴ പദ്രുവാദോ സെമ്മിനാരിയിലെ ഒരു വിദ്യാൎത്ഥിയായിരുന്ന പീടിയയ്ക്കൽ ബ. യൌസേപ്പച്ചൻ 1933–ൽ എഴുതിയ ലേഖനം ഈ സെമ്മിനാരിയുടെ ചരിത്രത്തിലേക്കു് വളരെയേറെ വെളിച്ചം വീശുന്ന ഒന്നാണു്. ആകയാൽ ആ ലേഖനം അതേപടി അടുത്ത അദ്ധ്യായത്തിൽ ചേൎക്കുന്നു.

## അദ്ധ്യായം 4

# മംഗലപ്പുഴ സെമ്മിനാരിയുടെ പൂർവ്വചരിത്രം

(പീടിയേക്കൽ യൗസേപ്പ് കത്തനാർ)

1933 ഫെ. 24–ാം തീയതിയും മാർച്ച് 17–ാം തീയതിയും നസ്രാണിദീപികയിൽ രണ്ടു ഭാഗങ്ങളായി പ്രസിദ്ധം ചെയ്തിരുന്ന ലേഖനങ്ങൾ.)

I

പുത്തൻ പള്ളിയിൽ നടത്തിവന്നിരുന്ന അപ്പസ്തോലിക്ക് സെമ്മിനാരി മംഗലപ്പുഴയിലെ ബ്രഹ്മാണ്ഡമായ കെട്ടിടത്തിലേക്കു മാററിസ്ഥാപിച്ചുകൊണ്ടു അതിൻെറ ഔദ്യോഗികമായ ഉൽഘാടനം ഈയിടെ ദലഗാദപ്പസ്തോലിക്കാതിരുമനസ്സുകൊണ്ടു നിർവ്വഹിച്ചതു സംബന്ധിച്ച വിവരങ്ങൾ ദീപികാപംക്തികളിൽ പ്രസിദ്ധം ചെയ്തിരുന്നുവല്ലോ. മംഗലപ്പുഴയിൽ ചരിത്രം ആവർത്തിക്കപ്പെട്ടിരിക്കയാണു് ചെയ്തിരിക്കുന്നതെന്ന വാസ്തവം അധികമാരും അറിഞ്ഞുകാണുകയില്ല. അതുകൊണ്ടു മുൻപു മംഗലപ്പുഴയിൽ നടന്നുവന്ന സെമ്മിനാരി സംബന്ധിച്ച് എൻെറ അറിവിൽ പെട്ടിട്ടുള്ള വിവരങ്ങൾ താഴെ സംഗ്രഹിക്കുന്നതു ദീപികാവായനക്കാർക്കു രസാവഹമായിരിക്കുമെന്നു വിചാരിക്കുന്നു.

ക്രിസ്താബ്ദം 1861–ൽ ബാബേലിൽനിന്നു മാർ തോമ്മാ റോക്കോസ്സ് എന്ന കൽദായ മെത്രാൻ ബാബേൽ പാത്രിയക്കീസിൻെറ അനുമതിയോടുകൂടി മലയാളത്തിലുള്ള കൽദായസുറിയാനിക്കാരെ സന്ദർശിക്കുന്നതിനായി വന്നു. അദ്ദേഹം മലയാളത്തുവന്നശേഷം അധികാരം കവിഞ്ഞു പട്ടം കൊടുക്കുക മുതലായ കൃത്യങ്ങൾ നടത്തി. വരാപ്പുഴയുടെയും കൊടുങ്ങല്ലൂർ പതിർവാദയുടേയും ആധി

പത്യത്തിൽ നിന്നിരുന്ന അനേകം പള്ളിക്കാർ അദ്ദേഹത്തെ അനുസരിച്ചു. മലയാളത്തിലെ മിക്ക കൽദായപ്പള്ളികളും ശീശ്മയിലായി ഒടുവിൽ പാത്രിയർക്കീസു തിരിച്ചു വിളിക്കയാൽ അദ്ദേഹം ബാബേലിലേയ്ക്കു മടങ്ങിപ്പോകുകയും ചെയ്തു. ഇങ്ങനെ ശീശ്മയിലകപ്പെട്ട പള്ളികളെ അതിൽനിന്നു ഉദ്ധരിക്കുന്നതിനായി റോമിൽനിന്നും 9-ാം പീയൂസ് മാർപ്പാപ്പായുടെ തിരുവെഴുത്തുപ്രകാരം ഒരു കൊമ്മിസറി അപ്പസ്തോലിക്കായായി ഒരു ഫ്റാൻസിസ്കൻ മെത്രാനായിരുന്ന സാമ്പാ എന്നദ്ദേഹവും അദ്ദേഹത്തിൻെറ സിക്രട്ടറിയായി ബ്രിട്ടീഷ് രാജകുടുംബത്തോടു ബന്ധമുള്ള ലോർഡ് ഹവ്വർഡ് എന്ന പട്ടക്കാരനുംകൂടി മലയാളത്തുവന്നു. അവർ ഇവിടെ വന്ന് ഏതാനും പള്ളികൾ സന്ദർശിച്ചതിൻെറ ഫലമായി പതിനഞ്ചു ദിവസത്തിനകം വരാപ്പുഴ വികാരിഅപ്പസ്തോലിക്കായുടെ കീഴിലും കൊടുങ്ങല്ലൂർ പതിർവാദാധികാരത്തിൻകീഴിലും നില്ക്കാൻ മനസ്സുള്ളവർ നിന്നുകൊള്ളണമെന്നു ഒരു സ്വതന്ത്രകല്പന പ്രഖ്യാപനംചെയ്തു. ശീശ്മയിൽച്ചേർന്ന ഭൂരിപക്ഷം പള്ളിക്കാരും കൊടുങ്ങല്ലൂർ പതിർവാദാധികാരത്തിൽ വീണ്ടും ചേർന്നു. കൊടുങ്ങല്ലൂർ അധികാരത്തിൻകീഴ് ഇങ്ങനെ ചേർന്നവരെ ഭരിക്കുന്നതിനായി പ്രത്യേകം മെത്രാനെ നിയമിച്ചില്ല. അതിനാൽ ഗോവയിലെ പ്രിമാസുമെത്രാപ്പോലീത്തായുടെ കല്പനപ്രകാരം ഗോവണ്ണദോരന്മാരെ (അഡ്മിനിസ്ത്രേറററന്മാരെ) ഏല്പ്പിച്ചുത്തി ഭരണം ആരംഭിച്ചു. ആദ്യകൊല്ലം ഓലിക്കരെ പള്ളിയിൽ താമസിച്ചുകൊണ്ടു സന്ധിമാൻ ആദിയായ ഗോവണ്ണദോരന്മാർ ഭരണം തുടങ്ങി.

കൊടുങ്ങല്ലൂർരൂപതയിൽ ചേർന്ന പതിർവാദാധികാരത്തിൽപ്പെട്ട സുറിയാനിക്കാരായ ശെമ്മാശ്ശന്മാർക്കു വൈദികപഠനത്തിന് സെമ്മിനാരി ഇല്ലാതെ വന്നതിനാൽ കുറവിലങ്ങാട്ട്, തൃശ്ശൂർ, ഒല്ലൂർ മുതലായ പള്ളിക്കാർ കൂടിആലോചിച്ച് ഒരു വൈദികവിദ്യാലയം ഉണ്ടാക്കണമെന്നു നിശ്ചയിച്ചു. ഈ സന്ദർഭത്തിൽ മി. ശെക്കിയർ എന്നൊരു ധ്വര ശീമയിൽനിന്നും മലയാളത്തിൽ വന്ന് മംഗലപ്പുഴക്കുന്നിൽ താമസിച്ചുകൊണ്ടു്

നാല്പതേക്കർ സ്ഥലം ജാതിത്തോട്ടമായി എടുക്കയും അതു മതിലുകെട്ടിക്കയും അവിടെ ഒരു ബംഗ്ലാവു പണിയിക്കയും ചെയ്തു. സായിപ്പിനോടു പ്രസ്തുത പള്ളിക്കാരുടെ ആവശ്യപ്രകാരം പാറായി അവിരാത്തരകനവർകൾ 1041–ാമാണ്ടു് അതു് എഴുതിവാങ്ങിച്ചു. അതുസംബന്ധിച്ച ആധാരം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

## (മുദ്രവില ഓല.)

കൊല്ലം 1041–മത കൎക്കിടക ഞായററിൽ എഴുതിയ തീറോലക്കരണമാവിത. കൊച്ചീൽകോട്ടയിൽ ഇരിക്കും മെസ്ത്ര. ഏച്ചു്. ഈ. ശെട്ട്ളിയർ തനിക്ക ആലങ്ങാണ്ടു മണ്ടപത്തുംവാതുക്കൽ ആയിരുപ്രവൃത്തിയിൽ തെ. മങ്ങലപ്പുഴക്കുന്നിൽ പണ്ടാരവക പുതുവൽപ്പാട്ടം പതിഞ്ഞിരിക്കുന്ന സ്ഥലങ്ങൾക്ക അതിര കിഴക്ക പുഴക്കും പടിഞ്ഞാറ തെക്ക കിഴക്ക പടിഞ്ഞാറ കെട്ടിരിക്കുന്ന മതിലിന്നും പുറത്തുള്ള വഴിക്കും വടക്കപടിഞ്ഞാറ തെക്ക വടക്ക (കെട്ടീട്ടുള്ള) വഴിക്കും കിഴക്ക അതിര വടക്കകിഴക്ക പടിഞ്ഞാറ കെട്ടീരിക്കുന്ന മതിലിനും തെക്ക ഇന്നാല അതൃക്കകെത്തുള്ള സ്ഥലവും അതിൽ ഒള്ള ആറാഴ്ച ഉഭയങ്ങൾ എപ്പെപ്പെട്ടതുംകൂടി നിലപലമരമടക്കം എപ്പെപ്പെട്ടതും വാങ്ങിക്കൊണ്ടു പണ്ടാരവകയിൽ നെർപെട്ട പെരുമാറി വിളങ്ങി പതിവ മുതലായ ആധാരങ്ങളും പിടിച്ച കരവും കൊടുത്തു നടന്നുകൊള്ളത്തക്കവെണ്ണവും ഈ വകക്ക 1862–മത മൈമാസം 22–നു് കൈവശ്യോല മുതലായതും കൊടുത്ത ശൊദ്യം കഴിഞ്ഞ തീറാകെ എഴുതിക്കൊടുത്താൻ. മെസ്ത്ര. ഏച്ചു്. ഈ. ശെട്ട്ളിയർ അമ്മാൾക്കുമെ മെസ്ത്ര. ഏച്ചു്. ഈ. ശെട്ട്ളിയർ തനിക്ക മേൽചൊന്ന നാല അതൃക്കകെത്തുള്ള സ്ഥലവും അതിൽ ഉള്ള ആറാഴ്ചകളുംകൂടി നിലപലമരമടക്കം ചെല്ലുവാനുള്ള അൎത്ഥം മുതൽ എപ്പെപ്പെട്ടതും കൊടുത്ത പണ്ടാരവകയിൽ നെർപട്ട വിളങ്ങി പതിവുംപിടിച്ച കരവും കൊടുത്തു നടന്നു കൊള്ളത്തക്കവെണ്ണവും ഈ വകക്കുള്ള ആധാരം കൈവശ്യോല മുതലായതും കൊടുത്തുകൊണ്ടാൻ മകൊദെവർ

പട്ടണം മുതലായയവസ്സും മണ്ടപത്തുംവാതുക്കൽ പള്ളിപ്രവൃത്തിയിൽ തസ്സാട്ടശെരിമുറിയിൽ കുടിയിരിക്കും അവരാവക്കിക്കൊണ്ടാൽ കൊണ്ടപരിശെ ആവിത. ഇമ്മാക്കമെ മെസ്രൂ. ഏച്ച്. ഈ. ശെട്ട്ളിയർ ഈ നാല അതൃക്കകെത്തുള്ള സ്ഥലവും അതിൽ ഉള്ള ആറാഴ്ച ഉഭയങ്ങറം എപ്പെപ്പെട്ടതുംകൂടി നിലപലമരമടക്കം വളരുവാനുള്ള അത്ഥം മുതൽ എപ്പെപ്പെട്ടതും വാങ്ങിക്കൊണ്ട പണ്ടാരവകയിൽ നെർപെട്ട പെരുമാറി നടന്നകൊള്ളത്തക്കവണ്ണവും ഈ വകകക്കള്ള ആധാരം കൈവര്യോല മുതലാസ്സും കൊടുത്തു ഈ തീറ എഴുതിയ സ്ഥലത്തിനും ആധാരങ്ങറക്കും ആറാഴ്ച മുതലായ അത്ഥത്തിനും മെസ്രൂ. ഏച്ച്. ഈ. ശെട്ട്ളിയർ തനിക്കും (തൻെറ മുതലവകാശികറക്കും) യാതൊരുശൊദ്യം ഇല്ലാത്തതിൻവണ്ണം സമ്മതിച്ച തീറാകെ എഴുതികൊടുത്താൻ. മെസ്രൂ. ഏച്ച്. ഈ. ശെട്ട്ളിയർ അപ്പരിശെ മെസ്രൂ. ഏച്ച്. ഈ. ശെട്ട്ളിയർ തനിക്കും മേല്പറഞ്ഞ നാല അതൃക്കകെത്തുള്ള സ്ഥലവും ആറാഴ്ചകറ എപ്പെപ്പെട്ടതുംകൂടി നിലപലമരമടക്കം ചെല്ലുവാനുള്ള മുതൽ എപ്പെപ്പെട്ടതും കൊടുത്ത പണ്ടാരവകയിൽ നെർപെട്ട പതിവുംപിടിച്ച കരവുംകൊടുത്ത നടന്നകൊള്ളത്തക്കവണ്ണവും ഈവകകക്കള്ള ആധാരങ്ങറ വാങ്ങിക്കൊണ്ട മെസ്രൂ. ഏച്ച്. ശെട്ട്ളിയർ തനിക്കും മുതലവകാശികറക്കും ഈ തീറ എഴുതിക്കൊടുത്ത സ്ഥലത്തിനും ആധാരങ്ങറക്കും ആറാഴ്ച മുതലായ അത്ഥത്തിനും മെലാൽ യാതൊരു ശോദ്യവും ഇല്ലാത്തവണ്ണം സമ്മതിച്ച എഴുതിച്ചുകൊണ്ടാൻ അവരാവക്കി ഇപ്പരിശെ ഈ തീറൊല എഴുതികൊടുത്തമെസ്സും എഴുതിച്ചുകൊണ്ടമെസ്സും അറിവും സാക്ഷി. മീനം മണ്ടപത്തുംവാതുക്കൽ ഭരണങ്ങാനംപ്രവൃത്തിയിൽ മാപ്രത്താനംമുറിയിൽ ചന്തിരൻ (ഒപ്പ്) ഏററുമാനൂര മണ്ടപത്തുംവാതുക്കൽ കടത്തുരുത്തി പ്രവൃത്തിയിൽ ആയങ്കുടി കരയിൽ കമ്മാത്തുരുത്തിൽ യൊ അന്നാ കത്തനാര (ഒപ്പ.)

ആലങ്ങാണ്ടമണ്ടപത്തും വാതുക്കൽ ടി പ്രവൃത്തിയിൽ തൊട്ടക്കാട്ടുകരയിൽ തെക്കെനെടത്ത മെസ്രൂ. ക്ലെമെന്തർ സ്ലൊത്ത (ഒപ്പ്) വസ്സും മണ്ടപത്തും വാതുക്കൽ

പള്ളിപ്രം പ്രവൃത്തിയിൽ തയ്യാട്ടശെരി മുറിയൽ പൗവത്തി ഈയ്യൊവക്കി (ഒപ്പ) അറികെ കരിങ്ങാതുരുത്തി ഉൾപ്പെട്ട കണക്കു നെടുമ്പള്ളി വീട്ടിൽ കൃഷ്ണൻ കുമാരൻ കയ്യെഴുത്ത.

നിമ്പരി 784-ാം നമ്പരിൽ 1041-ാമാണ്ടു ആനി മാസം 25-ാം തീയതി വന്ന ഉത്തരവുംപ്രകാരം.

ഉടനെതന്നെ പ്രസ്തുത ബംഗ്ലാവു സെമ്മിനാരിയാക്കി അതിൽ പീടിയേക്കൽ മാത്തുയൗസേപ്പ്, വളമംഗലത്തു യൗസേപ്പ മുതലായി ഏതാനും ശെമ്മാശ്ശന്മാരും ചില യുവാക്കന്മാരും ചേൎന്നു കണിയാരകത്തു ബ. മാണിക്കത്തനാർ മല്പാനായി പഠനം ആരംഭിച്ചു. കൊല്ലം ഓലിക്കരെനിന്നും ഗോവണ്ണദോരന്മാരുടെ താമസസ്ഥലം ഇവിടേക്കു മാററി. കൊടുങ്ങല്ലൂരിൻെറ ഗോവണ്ണദോരന്മാരായി അന്തോനി കൊറേല്ല്യോ ഫ്രാൻസിസച്ചൻ എന്ന പോൎത്തുഗൽക്കാരായ ഭരണാധികാരികൾ ഇവിടെ താമസം തുടങ്ങി. 1867-ൽ മംഗലപ്പുഴ സെമ്മിനാരിയിൽ നിന്നും പീടിയേക്കൽ യൗസേപ്പ, പൂത്തേട്ട ഈനാശു പടേട്ട മത്തായി, മരുതുക്കുന്നേൽ തോമ്മ, പ്രവിത്താനം ചന്ദ്രൻകുന്നേൽ കുര്യൻ മുതലായ ശെമ്മാശ്ശന്മാരും, പാലാ ഇടവക പോത്താനിക്കൽ അബ്രാഹം, കല്ലുക്കുന്നേൽ യൗസേപ്പു, കുറവിലങ്ങാട്ടുപള്ളി എടവക പൊട്ടനേട്ട പൈലി മുതലായി ഏതാനും യുവാക്കന്മാരും ഗോവയിൽ പോയി കല്പനപ്രകാരം പട്ടം ഏൽക്കുന്നതിനൊരുങ്ങുകയിൽ മംഗലപ്പുഴ ബംഗ്ലാവും കെട്ടിടങ്ങളും പറമ്പും ഗോവാ മെത്രാപ്പോലീത്തായുടെ പേൎക്കു എഴുതിക്കൊടുക്കണമെന്നു ഗോവയിൽനിന്നും വന്ന കർശനമായ കല്പനയനുസരിച്ച് കുറവിലങ്ങാട്, തൃശ്ശൂർ, പാലാ, ഭരണങ്ങാനം, അതിരമ്പുഴ മുതലായ പള്ളിക്കാർ പണം പിരിച്ച് 5000-ത്തോളം രൂപാ തരകനെ ഏല്പിക്കയും ഉദ്ദേശം 2000-ത്തോളം രൂപാ കൽദായ സുറിയാനിക്കാരുടെ പഠനം വകക്കായി തരകൻ ദാനം ചെയ്തു വസ്തുവിന്മേൽ സ്ഥാപിച്ച് ഗോവാ മെത്രാപ്പോലീത്താക്കു എഴുതിക്കൊടുക്കയും ചെയ്തു. ശെമ്മാശ്ശന്മാൎക്കു പട്ടവും കിട്ടി ഈ രേഖയും ചുവടെ ചേർത്തു കൊള്ളുന്നു.

"പെ. പെ. ബ. ഇന്ത്യാദേശത്തിന്റെ പ്രീമാസ്സും ഗൊവാ മെത്രാപ്പൊലീത്തായും ആകുന്ന ദൊം ജ്വാസ്സീ സെൊസ്സൊയ ദെ അമ്മൊരി പെനസ്സൊവ അച്ചൻ അവർകാംകെ വസ്ഥും മണ്ടപത്തുംവാതുക്കൽ പള്ളിപ്പുറം പ്രവൃത്തിയിൽ തസ്ഥാട്ടുശെരി പള്ളി എടവകക്കാരൻ പാറായിൽ അവരാ വക്കി എഴുതികൊടുത്ത തീറാധാരം. എന്തെന്നാൽ തിരുവിതാംകൂറ സമസ്ഥാനത്ത ആലങ്ങാട്ട മണ്ടപത്തും വാതുക്കൽ അയിരൂ പ്രവൃത്തിയിൽ വെളിയത്തനാട്ട കരയിൽ മങ്ങലപ്പുഴെ കുന്നിൽ രണ്ടു നിലയായി വാങ്ങിച്ചിരിക്കുന്ന മങ്കളാവും അതൊട്ട ചെന്ന കൽമതിൽ കെട്ടിനകത്തുള്ള വീടുകാം മുതലായ എട്ടപ്പുകളും അനുഭൊഗവൃക്ഷം മുതലാസ്സ എപ്പെർപ്പെട്ടതും മലയാളത്തിൽ കൊടുങ്ങല്ലൂര രൂപതയിൽ ടി മെത്രാപ്പൊലീത്താ അവറുകളുടെ ദെലഗാത തത്വത്തിൽ അടങ്ങിയ തെക്കും വടക്കും ഉള്ള കൊറവലങ്ങാട ചെങ്ങനാചെരി ഒല്ലൂര തൃശവപെരൂര മുതലായി 55 കൽദായ സുറിയാനി പള്ളിക്കാരര ആ രൂപതയുടെ സെമിനാരിക്കായിട്ടും രൂപതയുടെ ഗുണത്തിനായി മെല്പട്ടക്കാരൻ നിശ്ചയിക്കുന്ന സങ്ങതിക്കായിട്ടും മെത്രാപ്പൊലീത്താ അവറുകളുടെ പെരിൽ ആക്കി ഞങ്ങളുടെ രാജപത്രപെരാകുന്ന എത്രയും വിശ്വാസമെറുന്ന പുറത്തുഗാം മഹാരാജാവ അവർകാംകെ കാണിക്ക ചെയ്യാമെന്ന മെൽ പറഞ്ഞ പള്ളിക്കാരര ഏകമനസ്സൊട്ട കൂടി മെലെഴുതിയ മെത്രാപ്പൊലീത്താ അവർകളുടെ സന്നിധാനത്തിങ്കൽ വക്കദത്തം ചെയ്തതിനെ സ്ഥിരപ്പെടുത്തുവാനായിട്ടും ഈ രൂപതയിൽ ജീർണ്ണം വന്ന പൊയ വസ്തിൻകൊട്ട സമ്മനാരിക്ക പകരമായിട്ട മെൽപറഞ്ഞ പള്ളിക്കാരുടെ സമ്മദപ്രകാരവും മെൽപറഞ്ഞ പള്ളിക്കാരക്ക വീതിച്ചിരിക്കുന്നവക പിരിഞ്ഞ വന്നതകൊണ്ടു തികയാഴികയാൽ മുമ്പിന്നമായി 2000 രൂപാ എന്റെ മുത്തപ്പൻ അവരാത്തരകൻ തന്നതുകൊണ്ടും കൂടി കൊച്ചിയിൽ കൊട്ടയിൽ ഇരിക്കും മെസ്സ്രൂ. എച്ച്. ഈ. ശെട്ട്ളിയർനൊട മങ്കളാവ വീട മുതലാസ്സിന്നും സ്ഥലങ്ങാംക്കും ആറാഴ്ച മുതലായസ്സിന്നും കൂടി അച്ചടി ഓലയിലും വെള്ളൊലയിലുമായി എഴുതി വാങ്ങിച്ച വകക്ക പുറം ചിലവ

കൂടാതെ 4000 രൂപാ കൊടുത്തിരിക്കുന്നതും ആകകൊണ്ടു മെലെഴുതിയ സ്ഥലങ്ങാം മങ്കളാവു മുതലാസ്സ എപ്പെപ്പട്ട തിനും ഈവക വസ്തുക്കാംക്കും ആധാരങ്ങാംക്കും ശൊദ്യം ഇല്ലാത്തവണ്ണവും പള്ളിക്കാരരുടെ സമ്മതത്തോടകൂടി മേൽ പറഞ്ഞ സംഗതിക്കായി ഒഴിഞ്ഞ തീറാകെ എഴുതി തരികയും ചെയ്തു. എന്ന കൊല്ലം 1041-ാ മാണ്ടു കക്കിട കമാസം 11-ാംനു-. ഇതിന്ന സാക്ഷി അതിരമ്പുഴ പള്ളി യുടെ വിഗാരി കമ്മാത്തുരുത്തിൽ യൊഹന്നാൻ കത്ത നാരു (ഒപ്പ) തയ്യാട്ടുശേരി പള്ളിയുടെ വിഗാരി ചന്ദ്രക ന്നെൽ മത്തായി കത്തനാരു (ഒപ്പ) ടി എടവകക്കാരൻ വളവന്തുരുത്തിൽ കുറിയാക്കൊസ്സ കത്തനാര (ഒപ്പ) ചെ മ്പി പള്ളിയുടെ വികാരി മാതവക്കരെ മത്തായി കത്ത നാരു (ഒപ്പ) അറികെ എഴുത്ത.''

പട്ടം ഏററു മംഗലപ്പുഴ വന്നതിൻെറശേഷം മല്പാൻ ബ. കണിയാരകത്തു മാണിയച്ചൻ പ്രസംഗത്തിനു പല പള്ളികളിലും വിശ്രമത്തിനു് ഇടവകയിലും ഇഷ്ടം പോലെ പോയതുനിമിത്തം കണ്ടശ്ശാങ്കടവു്, പുത്തൻ പീടിക, ഏനമ്മാവു്, ഒല്ലൂർ, തൃശ്ശൂർ, കുറവിലങ്ങാടു്, നീണ്ടൂർ അതിരമ്പുഴ, ചങ്ങനാശേരി, പാലാ, ഭരണ ങ്ങാനം, കാരക്കുന്നം മുതലായ അനേക പള്ളികളിൽ നിന്നും വന്നുകൂടിയിരുന്ന വൈദിക വിദ്യാത്ഥികളെ പ ഠിപ്പിക്കുന്നതിനായി അന്തോനി കൊറേല്ല്യാ എന്ന ഗോ വണ്ണദോരിൻെറ നിശ്ചയമനുസരിച്ചു് അഞ്ചാം പട്ടക്കാ രനായ പീടിയേക്കൽ യൗസേപ്പുശമ്മാശ്ശൻ നിയമിക്ക പ്പെട്ടു. ഗോവാ മെത്രാപ്പോലീത്താ വത്തിക്കാൻ സൂനഹ ദോസിനു പോയ അവസരത്തിൽ ബോംബെയിൽവച്ചു് അതിരമ്പുഴ ഇടവക പീടിയേക്കൽ യൗസേപ്പു്, ളാലം ഇടവക പുത്തേട്ടു ഈനാസ്സു്, പുന്നത്ര ഇടവക പടേട്ടു മത്തായി മുതലായ ശെമ്മാശ്ശന്മാരും ഏതാനും കുട്ടികളും ബോംബെയിൽ ചെന്നു. ഡാമോൻ രൂപതയിൽപെട്ട പള്ളിയിൽ വച്ചു് 6 പട്ടവും 8-ാം ദിവസം കർബാന പ്പട്ടവും വിദ്യാത്ഥികാംക്കു ആസ്ഥപ്പാടു മുതൽ 4 വരെ പട്ടവും മെത്രാപ്പോലീത്താ കൊടുത്തു. അന്നു പട്ടമേററ മരുതുക്കുന്നേൽ ബ. യൗസേപ്പച്ചൻ ഇപ്പോഴും ജീവിച്ചി

രിക്കുന്നുണ്ട്. മലയാളത്തിലെ ഈ ശമ്മാശ്ശന്മാർക്കും മററും പട്ടം കൊടുക്കുന്നതിനായി ബോംബെയിൽ താമസിച്ച 8 ദിവസത്തിനിടയിൽ മെത്രാപ്പോലീത്തായ്ക്കും കൂടെയുണ്ടായിരുന്ന കോനികന്മാർക്കും 1000 ത്തിൽപരം രൂപാ വിശേഷാൽ ചിലവുണ്ടായത്രെ. ഗോവയിൽ വച്ചു യാത്രച്ചിലവിനേയും മററും 300-ൽ പരം രൂപാ തന്നതുപോലെ ഈ അവസരത്തിൽ, തനിക്കു 1000-ൽ പരം രൂപ ചെലവായിരിക്കുന്നതുകൊണ്ടും വലിയ യാത്രകൾ ഏറ്റപ്പെട്ടിരിക്കകൊണ്ടും വിദ്യാർത്ഥികളെ ഇത്തവണ സഹായിപ്പാൻ സാധിച്ചില്ലല്ലൊ എന്നു ഖേദിച്ചു അദ്ദേഹം പറയുകയുണ്ടായി. പീടിയേക്കൽ മാത്തു ഔസേപ്പു കത്തനാർക്കു മംഗലപ്പുഴ സെമിനാരിയിൽ താമസിച്ചുകൊണ്ടു പഠിപ്പിക്കുന്നതിനു പസ്സേന്തിയും 25 രൂപാ ശമ്പളം ഗോവയിൽനിന്നു കൊടുക്കാൻ ഏർപ്പാടു ചെയ്തുകൊണ്ടും ആണ് അദ്ദേഹം പുറപ്പെട്ടതു്.

ഇവരെല്ലാവരും മടങ്ങി മംഗലപ്പുഴയെത്തിയശേഷം, ആദ്യം പുത്തേട്ടു ഈനാസച്ചനും പടേട്ടു മത്തായി അച്ചനും അവസാന ദിവസം പീടിയേക്കൽ മാത്തു ഔസേപ്പു കത്തനാരും പുത്തൻകുർബാന അർപ്പിച്ചു. അന്തോനി കൊറേല്ല്യാ ഗോവായിലേക്കുപോയി അഡ്മിനിസ്ത്രേററായി അവിടെ താമസിക്കയും ചെയ്തു. അദ്ദേഹത്തോടു കൂടി താമസിച്ചിരുന്ന ഫ്റാൻസിസ് എന്ന പട്ടക്കാരൻ കൊടുങ്ങല്ലൂരിൻെറ ഗോവർണ്ണദോരായി നിയമിതനായി. അദ്ദേഹത്തിൻെറയും മഹാപ്രാസംഗികനായിരുന്ന അന്തോനി കൊറേല്ല്യായുടേയും മലയാള സിക്രട്ടറി ബ. നിധീരിക്കൽ മാണി ശെമ്മാശ്ശനായിരുന്നു. ഇദ്ദേഹത്തിൻെറ കൂടെ കൊടുക്കുന്ന കല്പനകാംക്ഷ പകർപ്പും മററും നമ്പരിട്ടു് എഴുതി പകർപ്പു് റിക്കാർട്ടകാം പുസ്തകത്തിൽ സൂക്ഷിക്കാനായി പുത്തൻവേലിക്കരപള്ളി ഇടവക ഇട്ടിക്കുറു എന്ന ഒരു ശെമ്മാശ്ശനേയും ശമ്പളത്തിൽ ഏൽപ്പെടുത്തിയിരുന്നു. അന്തോനി കൊറേല്ല്യായുടെ കാലത്തുതന്നെ ഒരു ലത്തീൻ ക്ലാസ്സ് ഏർപ്പെടുത്തി. 'ഇന്തിരീനൊ' ഗോവർണ്ണദോരായിരുന്ന ഫ്റാൻസിസച്ചനും ബ. മാണി ശമ്മാശ്ശനുംകൂടി ലത്തീൻ ക്ലാസ്സ് ഉച്ചതിരിഞ്ഞു $3\frac{1}{2}$ മണി

മുതൽ നാലര വരെ നടത്തിവന്നു. 40–ൽ പരം വിദ്യൎത്ഥിക ളുടേയും ശമ്മാശ്ശുന്മാരുടേയും സുറിയാനിക്ലാസ്സ് മൂന്നായി തിരിച്ചു 9 മണി മുതൽ $11\frac{1}{2}$ വരെ ബ. പീടിയേക്കൽ യൗസേപ്പു മല്പാനച്ചനും ഏറ്റത്തു വന്നിരുന്നു. ഇങ്ങനെ ക്രിസ്ത്വാബ്ദം 1871–ൽ ഫ്റാൻസീസ് ഗോവണ്ണദോരെ ഗോവയിലേക്കു അന്തോനി കുറേല്ല്യാ വിളിക്കയും പകരം ഗോവാക്കാരൻ ഗോമീസെന്ന ഒരു പട്ടക്കാരനെ ഗോവ ണ്ണദോരായി നിയമിച്ചു മംഗലപ്പുഴയിലേക്കയക്കയും ചെ യ്തു. അദ്ദേഹം നല്ല സംഗീത വിദഗ്ദ്ധനായിരുന്നതി നാൽ സെമ്മിനാരിക്കാർ പലരേയും 'നോട്ടു' മുറയിൽ പാട്ടുകരം ലത്തീനിൽ പഠിപ്പിച്ചു. ശനിയാഴ്ചതോറും പ്രാൎത്ഥനകഴിഞ്ഞു് രാത്രിയിൽ പ്രാൎത്ഥനമുറിയിൽ വച്ചു തന്നെ ഓരോ ലുത്തിനിയാ ലത്തീനിൽ ഫിഡിൽ മാത്രം വായിച്ചുകൊണ്ടു പാടിയിരുന്നു.

ഇനി അന്നു് സെമ്മിനാരിപറമ്പു് അഥവാ തോട്ടം എങ്ങനെ ഇരുന്നു എന്നുകൂടിപറഞ്ഞു് ഈലേഖനം അവ സാനിപ്പിക്കാം. ജാതിമരം ധാരാളമുണ്ടായിരുന്ന മതിൽ കെട്ടിനകത്തു തെക്കെകോണാട്ടത്തും കിഴക്കേക്കോണാട്ടത്തും ഓരോ കാവൽപുരയും 6 മുറിയും വടക്കേട്ടത്തു അപ്പബോ മ്മയും ചിമ്മിനിയുമുള്ള ഒരു അടുക്കളയും ആയി ഒരു വലിയ കെട്ടിടം ഒററനിലയിൽ പണുതിരുന്നു. അതി ൻെറ വടക്കുവശമായി ഒരു പ്രത്യേക പാചകശാലയും പണുതിരുന്നു. ബംഗ്ലാവിൻെറ പടിഞ്ഞാറുവശത്തു് ഒരു വലിയ പ്രാവിൻകൂട്ടം മുററത്തു് വിവിധതരം പൂച്ചെടി കളും പലതരത്തിലുള്ള നല്ല ശീമമാവുകളും പ്ലാവുകളും അത്തിമരങ്ങളും ഇരുവശവും പോർട്ടിക്കോയും വടക്കുവശ ത്തെ പോർട്ടിക്കോയിൽനിന്നു ആററിലേക്കു് ഇടയിട്ടു കെട്ടിയ അനേകനടകളും താഴെ ആറേറാരത്തേട്ടത്തു 2 കോൽ വീതിയിൽ ഇരുവശത്തോട്ടും നടകളായി ഒരു വലിയ പുലിമുട്ടും അതിനുതാഴെ 15 കോൽ നീളത്തിൽ കല്ലുകൊണ്ടു ചരിച്ചുകെട്ടിയ ഒരു തളവും രണ്ടുവശത്തോട്ടും നടകളും അവിടെനിന്നു് ആററിലേക്കിറങ്ങുന്നതിനു നടകളും ആ ററിൽനിന്നു കയറിയാൽ 4 കോൽ ഉള്ളിലേക്കുകയറി ഇരു നിലയിൽ ഒരു കെട്ടിടവും ഉണ്ടായിരുന്നു. അവിടെനിന്നു

20 കമ്പ് പടിഞ്ഞാട്ടുമാറി നടയും അവിടുന്നു വെള്ളം തേകി ഓടകെട്ടി ശരിപ്പെടുത്തിയിരുന്നതിൽക്കൂടി മതിൽക്കകെത്തുള്ള ജാതിമരം നനക്കാൻ തക്കവെണ്ണമുള്ള ഓടകളും അവിടവിടെ തൊട്ടികളും ആണു് ഉണ്ടായിരുന്നതു്. തെക്കുവശത്തു 25 കോൽ നീളത്തിൽ ഒററനിലമുറിയുടെ താഴെ ഒരു ചെറിയകപ്പേളയും സങ്കീത്തിയും ആയിരുന്നു. മതിൽക്കകെത്തു പടിഞ്ഞാറുഭാഗം തെക്കോട്ടുടുത്തുള്ളഭാഗം ഒരു വലിയ വനംതന്നെ ആയിരുന്നു. ഇതിൽ കടുവായും ഉണ്ടായിരുന്നു.

## II

സെമ്മിനാരിവളപ്പു തൊട്ടുകിടന്നിരുന്ന വനത്തിൽ കടുവാ ഉണ്ടെന്നു പ്രസ്താവിച്ചുകൊണ്ടാണല്ലോ പ്രഥമലേഖനം ഉപസംഹരിച്ചിരുന്നതു്. കാട്ടിൽനിന്നും കടുവാകരം വളപ്പിനുള്ളിൽ കടന്നു കന്നുകാലികളെ പിടിച്ചുകൊണ്ടുപോകാറുണ്ടായിരുന്നു എന്നു പറഞ്ഞാൽ അവകൊണ്ടുള്ള ശല്ല്യം ഊഹിക്കാമല്ലൊ. ചില സമയങ്ങളിൽ കടുവാ കൊന്നുകളഞ്ഞ കന്നുകാലികരം നഷ്ടപ്പെടുന്നതിനുമുൻപെ കണ്ടുകിട്ടുകയും അവ സെമ്മിനാരിയിലെ പാചകശാലയിൽ ഉപയോഗപ്പേടുത്തുകയും ചെയ്തിട്ടുണ്ടു്. കടുവാ വരുന്നവിവരം മനസ്സിലാക്കുന്നതിനു് സെമിനാരിയിൽ ഒരു കലയെ വളത്തിയിരുന്നു. രാത്രിയിൽ കടുവാ വരുമ്പോരം അതു് വലിയ ശബ്ദം ഉണ്ടാക്കിയിരുന്നു. തന്നിമിത്തം ആളുകരംക്കു് ഉണന്നു കടുവായെ ഓടിക്കുവാൻ കഴിഞ്ഞിരുന്നു. കുറവിലങ്ങാടു കോഴ സമീപമുള്ള കുര്യനാട്ടുനിന്നും കൊണ്ടുവന്നു വളത്തിയിരുന്ന ഒരു മൈൽകോഴിയും കടുവാവരുമ്പോരം ശബ്ദിച്ചു വിവരം അറിയിച്ചിരുന്നു.

1872-ൻെറ അവസാനത്തോടുകൂടി വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുന്നതിനു പോയിരുന്ന വരാപ്പുഴ മെത്രാപ്പോലീത്താ മാർ ലെയനോർദ അവർകരം തിരിച്ചെത്തി. വിക്ടർ എമ്മാനുവൽ രാജാവു റോമാ ആക്രമിച്ചതുകൊണ്ടാണു് സൂനഹദോസു നടപടികരം പൂത്തിയാക്കാതെ ഇടയ്ക്കുവച്ചു നിറുത്തിക്കളഞ്ഞതെന്നുള്ള ചരിത്രവാസ്തവം ഇവിടെ ഉപന്യസിക്കുന്നില്ല. മെത്രാപ്പോലീ

ത്താതിരിച്ചുവന്ന ഉടനെ തോമാറോക്കോസ് എന്ന ശീശ്മ മെത്രാനിൽനിന്നും പട്ടമേററവരായി വരാപ്പുഴയും, കൊടുങ്ങല്ലൂർ രൂപതയിലും ഉണ്ടായിരുന്ന വൈദികരുടെയും ശെമ്മാശ്ശന്മാരുടെയും മുടക്കുതീർത്തു. അതനുസരിച്ച് ആ മെത്രാനോട്ട് കുർബാനപട്ടമേററിരുന്ന വടയാററുപള്ളി ഇടവക ചോലൻകരയിൽ അച്ചൻ, പൈങ്ങളംപള്ളി ഇടവക കോരയച്ചൻ, കടനാട്ടുപള്ളിയിടവക പുത്തൻപുരക്കൽ പോത്തച്ചൻ മുതൽപേർ മംഗലപ്പുഴ സെമ്മിനാരിയിൽ വന്നു് ധ്യാനം കഴിച്ചു പുത്തൻകുർബാന അപ്പിക്കുകയുണ്ടായി. ഈ അവസരത്തിൽ കുറവിലങ്ങാട്ട്, ഭരണങ്ങാനം, കണ്ടശാൻകടവു്, ചങ്ങനാശേരി, ഏനമ്മാവു് മുതലായ പല ഇടവകകളിൽനിന്നും മാർ റോക്കോസിനോട്ട് പട്ടമേററ മുപ്പതിലധികം ശെമ്മാശന്മാർ മംഗലപ്പുഴ സെമ്മിനാരിയിൽ വന്നു കിഴക്കെ ഒററനിലമുറിയിൽ താമസിച്ചുകൊണ്ടു പഠനം ആരംഭിച്ചു. ഇങ്ങനെ പഠനം മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നുവെങ്കിലും ഗോവയിലേക്കു മെത്രാപ്പോലീത്താ വരാൻ താമസിക്കുകയാൽ പദ്വ്രാദക്കീഴിലുള്ള പള്ളികളെ വരാപ്പുഴ മെത്രാപ്പോലീത്താ യഥേഷ്ടം അദ്ദേഹത്തിൻെറ കീഴിലാക്കി ശെമ്മാശ്ശന്മാക്കു പട്ടം കൊടുത്തുതുടങ്ങി. പല പട്ടക്കാരും പാദർവാദയിൽനിന്നും പിൻവാങ്ങി, വരാപ്പുഴയിൽ ചേന്നു പട്ടമേററു. അതിരമ്പുഴപ്പള്ളിയിടവകക്കാരൻ പഴേപുരക്കൽ മത്തായിശെമ്മാശ്ശനും വരാപ്പുഴെകീഴിൽചേന്നു കുർബാനപ്പട്ടമേൽക്കയുണ്ടായി. അദ്ദേഹത്തിൻെറയും മററും അപേക്ഷപ്രകാരം അതിരമ്പുഴപള്ളിയിൽ വരാപ്പുഴഭാഗം വികാരിയായി ബ. മുട്ടത്തുപാടത്തു വക്കിയച്ചനെ അയച്ചു. എന്നാൽ മംഗലപ്പുഴ സെമ്മിനാരിയിലെ മല്പാനായ പീടിയേക്കൽ ബ. യൗസേപ്പച്ചൻെറ സമ്മതം കൂടാതെ എങ്ങനെ വരാപ്പുഴഭാഗം വികാരിയെ സ്വീകരിക്കേണ്ടു എന്നു് ബ. ഇല്ലിച്ചിറക്കൽ ലൂക്കാച്ചനും ഇടവകപ്രമാണികളുംകൂടി ആലോചിച്ചു. ബ. വക്കിയച്ചനെ വികാരിയായി സ്വീകരിക്കാതെ പറഞ്ഞയച്ചു. തന്നിമിത്തം അടുത്തിരുന്ന വി. സെബസ്ത്യാനോസിൻെറ 25-ാം തീയതിയിലെ വലിയതിരുനാളാംക്കു് യാതൊരു പള്ളിക്കാരും പൊയ്ക്കൂടായെന്നു

കുടമാളൂർ, ഐക്കരച്ചിറ, കോസനല്ലൂർ, കൈപ്പുഴ, പുന്നത്തുറ മുതലായ വരാപ്പുഴകീഴിലുള്ള അയൽപള്ളിക്കാൎക്കു ഒരു നിരോധനകല്പന മെത്രാപ്പോലീത്താ അയയ്ക്കുകയുണ്ടായി. ഇതിനാൽ ഇല്ലിച്ചിറക്കൽ ബ. ലൂക്കാച്ചനും യോഗപ്രമാണികളുംകൂടി ആലോചിച്ച പദർവാദക്കീഴിൽനിന്നും വിരമിച്ച വരാപ്പുഴ മെത്രാപ്പോലീത്താച്ചൻെറ അധികാരത്തെ സ്വീകരിക്കുവാൻ നിർബന്ധിതരായി. വീണ്ടും മുട്ടത്തുപാടത്തു ബ. വക്കിയച്ചനെ വികാരിയായി അയയ്ക്കുകയും ഒട്ടും താമസംകൂടാതെ ബ. പൊടിപാറയിലച്ചനെ സ്ഥിരം വികാരിയായി നിശ്ചയിച്ചയയ്ക്കുകയും ചെയ്തു. ബ. ഇല്ലിച്ചിറക്കൽ ലൂക്കാച്ചൻ അധികതാമസം കൂടാതെ പ്രമേഹദീനത്താൽ മരിച്ചു. പഴേപുരയ്ക്കൽ ബ. മത്തായിയച്ചനും തന്നാണ്ടു വിശുദ്ധ സെബസ്ത്യാനോസിൻെറ തിരുനാറം കഴിഞ്ഞു മരണംപ്രാപിച്ചു. ഈ വിവരങ്ങളൊക്കയും എഴുത്തുമുഖേന മംഗലപ്പുഴ സെമ്മിനാരി മല്പാൻ പീടിയേക്കൽ ബ. യൗസേപ്പച്ചനെ അറിയിച്ചു. മെത്രാനില്ലായ്കനിമിത്തം മാർ തോമ്മാ മെത്രാനോടു പട്ടമേററു മുടക്കതീർത്തുവന്ന ശെമ്മാശ്ശന്മാരും ക്രമേണ ഇടവകകളിലേക്കു പിരിഞ്ഞുപോയി. ഗോവയിൽനിന്നും മററും പട്ടമേററുവന്ന ശെമ്മാശ്ശന്മാരും വിദ്യാൎത്ഥികളായ ഞങ്ങളും പിന്നെയും നാലഞ്ചുമാസംകൂടെ മംഗലപ്പുഴതന്നെ താമസിച്ചു പഠിച്ചിരുന്നു. ഒടുവിൽ മെത്രാനില്ലാതെയും പട്ടം കിട്ടാതെയുമിരുന്നതുനിമിത്തം ഗോവാ മെത്രാപ്പോലീത്തായോടു പട്ടമേററ ശെമ്മാശ്ശന്മാരും വിദ്യാൎത്ഥികളും അവിടെനിന്നും പിരിയുന്നതിനു നിർബന്ധിതരായിത്തീൎന്നു.

ഈ സന്ദർഭത്തിൽ ഗോവക്കാർ പെ. ബ. ഗവൎണ്ണദോർ ഗോമീസച്ചനും ഗോവക്കാരും സ്ഥലംവിട്ടു കൊച്ചിയിലേക്കുപോയി. ഒരു മാസം കഴിഞ്ഞു ഞങ്ങളും മംഗലപ്പുഴ വിട്ടു. അവിടെ ഒരു കാവൽക്കാരൻ മാത്രം ശേഷിച്ചു. ഒന്നു ഒന്നര വൎഷം കഴിഞ്ഞു പാദർവാദയിൽപ്പെട്ട കുമരകത്തു വള്ളാരപ്പള്ളിയിടവകക്കാരൻ ബ. വട്ടക്കുളത്തിലച്ചനും മററും അവിടെപ്പോയി താമസിച്ചുകൊ

ണ്ടു് ഏതാനും ശെമ്മാശ്ശന്മാരെയും വിദ്യാൎത്ഥികളേയും പഠിപ്പിച്ചിരുന്നു. ഉത്തരദേശിയനായ ഒരു വൈദികനും മല്പാനായുണ്ടായിരുന്നു. മംഗലപ്പുഴയിൽ പഠനം പൂൎത്തിയാക്കിയ വൈദികവിദ്യാൎത്ഥികൾ ഗോവയിൽ പോയി പട്ടവും ഏററിരുന്നു. ഈ രീതിയിൽ മംഗലപ്പുഴയിലെ പഠനം 1883 വരെ ദീർഘിച്ചു.പിന്നീടു പാദവ്വാദക്കീഴിലുള്ള കൊടുങ്ങല്ലൂർ രൂപതയിലുള്ളവൎക്കു പട്ടം കൊടുക്കുന്നതിനു് കൊച്ചിമെത്രാനു് ഗോവയിൽനിന്നും അനുമതി നൽകി. അദ്ദേഹം അവസാനമായി കുറവിലങ്ങാട്ടു പള്ളിയിടവകക്കാരൻ മാപ്പിളപറമ്പിൽ അച്ചനും എലഞ്ഞി പള്ളിയിടവകക്കാരൻ പള്ളിക്കാപ്പറമ്പിൽ പൈലോച്ചനും ആസ്ഥപ്പാടു മുതലായ പട്ടങ്ങൾ 1886-ൽ കൊടുത്തു. 1886-ൽ ഇന്ധ്യയുടെ ആദ്യ ഡലഗററു അപ്പസ്തോലിക്കയായ അഗ്ലിയാർദ്ദി അവർകൾ ബാങ്കളൂരിൽവച്ചു കൂടിയ മെത്രാന്മാരുടെ കോൺഫ്രൻസിൽവച്ചു റോമയിലെ അനുമതിയോടുകൂടി കൊടുങ്ങല്ലൂർ രൂപതയും തത്സംബന്ധമായ പദവ്വാദ അധികാരവും നിൎത്തൽ ചെയ്യയാണുണ്ടായതു്. എന്നാൽ പദവ്വാദ അധികാരികൾ കൊടുങ്ങല്ലൂർ രൂപതയുടെ പേരു തങ്ങൾക്കു കിട്ടണമെന്നു വാദിക്കുകയും അതനുസരിച്ചു കൊടുങ്ങല്ലൂർ എന്ന പദം ബോംബെയിലുള്ള ദമോൻ രൂപതയോടു ചേൎക്കുകയും ചെയ്യു. മംഗലപ്പുഴ സെമ്മിനാരിയുടെ ഉടമസ്ഥതയെപ്പററിയും മററും വാദിക്കുന്നതിനു് മലയാളത്തിലുള്ള കൽദായ സുറിയാനിക്കാൎക്കു സ്വജാതി മെത്രാന്മാർ യാതൊരുത്തരുമില്ലാതിരുന്നതു നിമിത്തവും, തല്ക്കാലം കൊടുങ്ങല്ലൂർ പദർവാദയുടെ കാര്യം അന്വേഷിക്കുന്നതിനു് ഗോവയിൽ നിന്നു് കൊച്ചി മെത്രാനധികാരം കൊടുത്തിരുന്നതുകൊണ്ടും തൽക്കാലത്തേക്കു സെമ്മിനാരിയും ആധാരത്തിൽ പെട്ട വസ്തുക്കൾ മുഴുവനും ഗോവയിൽനിന്നും അദ്ദേഹത്തെ ഏല്പിച്ചു. സുറിയാനിക്കാർ നേരിട്ടു വാദിക്കുന്നതിനിടയായിട്ടില്ല. അതിനാൽ ഗോവമെത്രാപ്പോലീത്താ മംഗലപ്പുഴ സെമ്മിനാരിയിരിക്കുന്ന സ്ഥലം, കെട്ടിടം മുതലായതുകൾ സമസ്തവും അതിനായുള്ള ആധാരം മുതലായ സൎവ്വ രേഖകളും കൊച്ചിമെത്രാനെ ഏല്പിച്ചുകൊടുത്തു.

ഇങ്ങനെയത്രെ കൊച്ചിമെത്രാൻെറ ആധീനത്തിൽ മംഗലപ്പുഴ സെമ്മിനാരി വന്നതു്. അനന്തരചരിത്രം പ്രസിദ്ധമാണല്ലൊ.

ഈ ചരിത്രസഞ്ചയം ആലങ്ങാട്ടുവച്ചു മംഗലപ്പുഴയുടെ ആധാരം എഴുതിയസമയം കൂടെ ഉണ്ടായിരുന്ന ദേഹവും ഇപ്പോഴം 86 വയസ്സായി ജീവിച്ചിരിക്കുന്ന മംഗലപ്പുഴ സെമ്മിനാരിയിലെ ഒരു പൂവ്വ വിദ്യാത്ഥിയുമായ ബ. മരുതുകുന്നേൽ തോമ്മാച്ചൻെറ ആലോചനയോടുകൂടി പ്രസ്തുത സെമ്മിനാരിയിലെ ഒരു പൂവ്വ വിദ്യാത്ഥിയായ ഈ ലേഖകൻ എഴുതിയിട്ടുള്ളതാണെന്നതും പ്രസ്താവ്യമാണു്.

# APPENDIX— I

## "REGISTERED DEED" OF TRANSFERRING THE OWNERSHIP OF THE PROPERTY OF MANGALAPUZHA *

I

(The first document gives in detail the boundaries of the 40 acres of land on the hilloc of Mangalapuzha where the present St. Joseph's Aposlolic Seminary is situated. It is the registered deed of transferring the ownership of the property by Mr. H. E. Schoetlier to Parayil Avirah Varkey Tharakan.)

II

"Registered Deed" of transferring the ownership of the property by Parayil Avirah Varkey from the parish of Thaikkattusserry, in the Pallipuram Pravirthi of Vaikom Taluk, to Most Rev. Dom Jao Chrisostom de Amerim Pessosa, Primas of India and Metropolitan of Goa, which is as follows:

As to confirm what was promised by the parishioners of 55 Chaldeo-Syrian parishes of North and South such as Kuravilangadu, Changanacherry, Ollur, Trichur etc., before the above mentioned Metropolitan, that, the ownership of the property, the two-storied Bungalow, the buildings, the fruit bearing and other trees within

---

* A true copy of this document taken from the Original in Malayalam now kept in the Curia of the Diocese of Cochin, had been published in the "Ernakulam Missam", Vol. VII, pp. 21 – 24 (August, 1932.). The English Translation is the author's. A latin translation of this document is kept in the Curia of the S. Congregation for the Oriental Church. cfr. p. 77 – 78.

the stone walls in the Mangalapuzha hill situated in the Veliyathunadu kara of Airur Pravirthi of Alengadu Taluk in the Travancore State, shall be transferred and put in the name of the above said Metropolitan and offerred as a homage to the most credible King of Portugal, our Royal patron, for the erection of a Seminary in this diocese and for the cause decided by our Prelate for the good of diocese and since the above said parishioners have willingly contributed their share to build a Seminary instead of the alredy extinct Seminary of Vaippicotta of this diocese, which contribution being not adequate, added Rs. 2000/- which my great grand father Avirah Tharakan had already given, and thus, excluding the expenses of transcription on white palm leaves and printing leaves etc., Rs. 4000/- had been given to Mr. H. E. Schoetlier of Fort-Cochin (as price) for the two-storied Bungalow, compound, and fruit bearing trees etc., with the consent of the above said parishioners and for the above said purpose, without any condition or question over the above said properties and documents, is now permanently transferred on 11th Karkidakam, 1041 (25th July, 1866,) with the knowledge of the Witnesses:

Vicar of Athirampuzha charch,
Kammathuruthel Yohannan Kathanar (Signed.)
Vicar of Thaikkattusserry church,
Chandrankunnel Mathai Kathanar (Signed.)
Parishioner of Thaikkattuserry,
Valavanthuruthy Kuriakose Kathanar (Signed.)
Vicar of Chempil church,
Mathavakkara Mathai Kathanar (Signed.)

## അദ്ധ്യായം 5

# വരാപ്പുഴ– പുത്തമ്പള്ളി– മംഗലപ്പുഴ സെമ്മിനാരി

ഫാ. ജോസഫ് സെബസ്ത്യാനിയും നാലു കർമ്മലീത്താ മിഷനറിമാരും 1657 ഫെബ്രുവരി 22-ാംനു-യാണ് മലബാറിൽ വന്നെത്തിയതു്. (cfr. Ambrosius, O. C. D. "Hierarchia Carmelitana, Vol. IV, P. 188.) 1673-ൽ കർമ്മലീത്തർ വരാപ്പുഴയിൽ ഒരു പള്ളി പണിയിച്ചു. ഈ പള്ളിയോടനുബന്ധിച്ച് 1682-ൽ ആഞ്ചലോ ഫ്രാൻസീസ് എന്ന കർമ്മലീത്താ വൈദികൻെറ അശ്രാന്തപരിശ്രമഫലമായി സുറിയാനിറീത്തിൽ പെട്ട വൈദികാർത്ഥികളുടെ പരിശീലനത്തിനായി ഒരു സെമ്മിനാരിയും സമാരബ്ധമായി. ഇതുസംബന്ധിച്ച് അംബ്രോസ് ഒ. സി. ഡി. എന്ന ഇററാലിയൻ കർമ്മലീത്താ വൈദികൻ മേലുദ്ധരിച്ച ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്: "Ipso Vero P. Angelo Frncesco indefesse laborante, quamvis Semper infirma valetudine, Seminarium parvum ad instuendos et formandos aliquot juvenes Ritus Syriaci in Scientiis Sacris fundatur a. 1682 Verapoli" (p 208.)

പൗരസ്ത്യതിരുസംഘം അന്നു സ്ഥാപിക്കപ്പെട്ടിരുന്നില്ലാത്തതുകൊണ്ട്, പ്രൊപ്പഗാന്താതിരുസംഘത്തിൻെറ കീഴിലായിരുന്ന കർമ്മലീത്താ മിഷനറിമാർ മലങ്കര സഭയെ ഭരിച്ചിരുന്നതു്. പ്രൊപ്പഗാന്താ തിരുസ്സംഘത്തിൻെറ നിശ്ചയപ്രകാരം, മലങ്കരസഭയിലെ ശെമ്മാ

ശ്ശന്മാരുടെ സുറിയാനിമല്പാനായി സേവനമനുഷ്ഠിക്കാൻ സിറിയാക്കാരനായ ബർത്തലോമെയോ ഹന്ന എന്ന വൈദികൻ ആലെപ്പോയിൽനിന്നു് 1676-ൽ മലബാറിൽ എത്തിയിരുന്നു (Ambrosius. p. 201). വരാപ്പുഴ പള്ളിയോടനുബന്ധിച്ചു് സെമ്മിനാരി തുടങ്ങിയപ്പോൾ മേല്പറഞ്ഞ സിറിയൻ വൈദികൻതന്നെയാണു് ഏതാനുംവർഷത്തേയ്ക്കു് സെമ്മിനാരിയിലെ മല്പാനും റെക്ടരുമായി ജോലിനോക്കിയതു്. അദ്ദേഹത്തിനുശേഷം സെമ്മിനാരിയുടെ സ്ഥാപനത്തിനു ഹേതുഭൂതനായ ഫാ. ആഞ്ചലോ ഫ്റാൻസീസ് വരാപ്പുഴപള്ളിവികാരിയും സെമ്മിനാരി റെക്ടരുമായി നിയമിക്കപ്പെട്ടു.

1700-ാമാണ്ടു് ഡിസംബർ 6-ാംനു- ആഞ്ചലോ ഫ്റാൻസീസ് മലങ്കരസഭയുടെ പ്രഥമ വികാരിഅപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടതും പദ്രുവാദോഭരണത്തിൻകീഴിലുള്ള കൊടുങ്ങല്ലൂർ, കൊച്ചീരൂപതാദ്ധ്യക്ഷന്മാർ ഈ നിയമനത്തിൽ അമർഷവും പ്രതിഷേധവും കാണിച്ചതും മററും നാം മുമ്പു കണ്ടുവല്ലോ. ഇങ്ങനെ പദ്രുവാദോയും വരാപ്പുഴ വികാരിയാത്തും തമ്മിൽ സുറിയാനിക്കാരുടെമേൽ ഭരണാധിപത്യം അവകാശപ്പെട്ടുകൊണ്ടുള്ള വടംവലി ഏകദേശം ഒന്നര നൂററാണ്ടുകാലം നീണ്ടുനിന്നു. പ്രാരംഭദശയിൽ ഈ തക്കം പല അസുഖകരമായ ചുററുപാടുകളും സൃഷ്ടിക്കയും വിശ്വാസികൾക്കു് ഉതപ്പിനു കാരണമാവുകയും ചെയ്തിട്ടുണ്ടു്. ഈ സാഹചര്യങ്ങളിൽ, വിദേശികളുടെ ഭരണത്തിൽകീഴ് കഴിച്ചുകൂട്ടുവാൻ വിസമ്മതിച്ചിരുന്ന സുറിയാനിക്കാരിൽനിന്നോ അവരുടെ വൈദികരിൽനിന്നോ വരാപ്പുഴ സെമ്മിനാരിക്കു വേണ്ടത്ര പിൻതുണ ലഭിച്ചില്ല. ഇതോടുകൂടി സാമ്പത്തികമായ പരാധീനതകളുംകൂടിയായപ്പോൾ സെമ്മിനാരിപ്രവത്തനം താനേ നിന്നുപോയി.

പ്രവത്തനം നിലച്ചുപോയ വരാപ്പുഴസെമ്മിനാരി പുനരാരംഭിക്കുന്നതു് ഏകദേശം ഒരു നൂററാണ്ടു കഴിഞ്ഞാണു്. 1764 സെപ്റ്റംബർ 4-ാം തീയതി അയച്ച ഡിക്രിവഴി

പ്രൊപ്പഗാന്താ തിരുസ്സംഘം സെമ്മിനാരി പുനഃസ്ഥാപി ക്കുവാൻ അനുവാദം കൊടുത്തു * (Ambrosius, op. cit. p. 244). സുറിയാനിക്കാരായ പത്തു വൈദികവിദ്യാൎത്ഥി കളേയും ലത്തീൻകാരായ 6 പേരെയും സെമ്മിനാരി യിൽ ചേൎത്തു പഠിപ്പിച്ചുകൊള്ളണമെന്നും, സുറിയാനിയും ലത്തീനും സന്മാൎഗ്ഗശാസ്ത്രവും മററും പഠിപ്പിക്കുവാൻ ആ ണ്ടിൽ 60 സ്കൂത്താ (പോൎത്തുഗീസു് നാണയം) വീതം ചെലവുചെയ്തു് രണ്ടു പ്രൊഫസറന്മാരെ നിയമിക്കണ മെന്നും മററും ആ ഡിക്രിയിൽ വ്യവസ്ഥ ചെയ്തിരുന്നു. കൂടാതെ ബ്രാഹ്മണരിൽനിന്നു മാനസ്സാന്തരപ്പെട്ടവരുടെ മക്കളായ ആറു വൈദികവിദ്യാൎത്ഥികളെ റോമ്മിലെ ഉർബൻകോളജിൽ ചേൎത്തു പഠിപ്പിക്കുന്നതിനു് (Pro alendis sex alumnis Brahmanis in Collegio urbano) എന്ന നിയോഗത്തിൽ കർദ്ദിനാൾ ഒണോഫ്രിയോ ഒരു ട്രസ്റ്റായി ഏല്പിച്ചിരുന്നതും, ബ്രാഹ്മണവിദ്യൎത്ഥികളുടെ അഭാവത്തിൽ അമ്മേനിയൻ വിദ്യാൎത്ഥികൾക്കു് നൽകി പ്പോന്നതുമായ 400 സ്കൂത്തായുടെ പ്രതിവഷ്വരുമാനം, പരിശുദ്ധപിതാവിൻെറ അനുമതിയോടുകൂടി മലബാ റിലെ സെമ്മിനാരിക്കാർക്കായി വിനിയോഗിക്കാവുന്ന താണു് എന്നും ആ ഡിക്രിയിൽ പറഞ്ഞിരുന്നു (Ambrosius, p. 245). ഈ ഡിക്രിയിലെ താല്പൎയ്യപ്ര കാരം ഉടനെ സെമ്മിനാരി പുനരാരംഭിച്ചതായി കാണു ന്നില്ല. ഇത്രമാത്രം വൈദികവിദ്യാൎത്ഥികളെ താമസിപ്പി ക്കുന്നതിനു വേണ്ട കെട്ടിടസൗകൎയ്യങ്ങൾ വരാപ്പുഴ ഇല്ലാ തിരുന്നതിനാൽ 1766-ൽ സുറിയാനിക്കാൎക്കുവേണ്ടി ആല ങ്ങാട്ടു ഒരു സെമ്മിനാരി ആരംഭിക്കുകയും ഫാ. ഇൽ ഡെഫോൺസു് അതിൻെറ പ്രഥമ റെക്ടറായി നിയമി ക്കപ്പെടുകയും ചെയ്തു, നാട്ടുകാരനായ ഒരു വൈദികനായി രുന്നു അവിടത്തെ സുറിയാനിമല്പാൻ. റോമിലെ ഉർബൻ കോളജിൽ ഉന്നതവിദ്യാഭ്യാസം നടത്തിയിരുന്ന ഫാ.

* N. B. ഡിക്രിയുടെ പൂൎണ്ണരൂപം ഈ അദ്ധ്യായത്തിൻെറ അവസാനം Appendix അയി ചേൎത്തിട്ടുണ്ടു്.

ജോസഫ് കരിയാററി തിരിച്ചുവന്നപ്പോഠം ആലങ്ങാട്ടു സെമ്മിനാരിയിലെ മല്പാനായി നിയമിക്കപ്പെട്ടു. ഇതേ സമയം ലത്തീൻകാരായ വൈദികവിദ്യാൎത്ഥികഠംക്കായി വരാപ്പുഴയിലും സെമ്മിനാരി നടത്തിപ്പോന്നു.

## തക്ത്തിൻെറ ഫലം

വരാപ്പുഴയിൽ കൂടുതൽ കെട്ടിടസൗകര്യങ്ങഠം ഉണ്ടാക്കിയശേഷം പ്രൊപ്പഗാന്താതിരുസ്സംഘത്തിൻെറ താല്പര്യപ്രകാരം ഇരുസെമ്മിനാരികളും പുതിയ കെട്ടിടത്തിലേയ്ക്കു് മാററുകയും അങ്ങനെ 1773-ൽ ഒരു സംയുക്ത സെമ്മിനാരി ആരംഭിക്കുകയും ചെയ്തു. പക്ഷേ, ഫാദർ അംബ്രോസിൻെറ റിപ്പോർട്ടിൽ പറയുന്നതുപോലെ, ഇരുറീത്തിലുംപെട്ടവരെ ഒരുമിച്ചു താമസിപ്പിച്ചു പരിശീലിപ്പിക്കുന്നതിൽ പലക്കും അമൎഷമുണ്ടായിരുന്നു. ഈ അവസരത്തിലാണു് വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന മോൺ. ഫ്ളോറൻസ് ചരമം പ്രാപിച്ചതു്. അദ്ദേഹത്തിൻെറ ശവമഞ്ചം വഹിക്കുന്നതു സംബന്ധിച്ചു് കമ്മലീത്താ മിഷ്യനറിമാരും സുറിയാനിക്കാരും തമ്മിൽ തർക്കമുണ്ടായി. തങ്ങളുടെ വൈദികമേലദ്ധ്യക്ഷൻെറ മൃതശരീരം ശവക്കല്ലറയിങ്കലേയ്ക്കു് സംവഹിച്ചുകൊണ്ടു പോകുവാനുള്ള അവകാശം പണ്ടുമുതൽ സുറിയാനിവൈദികക്കുണ്ടായിരുന്നെന്നും ഈ അവസരത്തിലും കീഴ്നടപ്പനുസരിച്ചു് പ്രവൎത്തിക്കുവാൻ അനുവദിക്കണമെന്നും സുറിയാനിക്കാർ വാദിച്ചു. പക്ഷേ കമ്മലീത്താ മിഷ്യനറിമാർ അതിനു സമ്മതിച്ചില്ല. (cfr. ബർണാർദ്ദ്, മാർത്തോമ്മാക്രിസ്ത്യാനികഠം, vol. 2 P. 182. Ambrosius O. C. D. op. cit P. 248.) ഈ അവകാശധ്വംസനം നിമിത്തം കുപിതരായ മാൎത്തോമ്മാക്രിസ്ത്യാനികഠം, അനന്തര നടപടികളെക്കുറിച്ചു് ആലോചിക്കുവാൻ അങ്കമാലിയിൽ ഒരു യോഗം കൂടി. 72 പള്ളികളിൽനിന്നുള്ള പ്രതിനിധികഠം അതിൽ സംബന്ധിച്ചിരുന്നു. മേലിൽ തങ്ങളുടെ വൈദികമേലദ്ധ്യക്ഷന്മാർ മരിക്കുമ്പോഠം ശവമഞ്ചം വഹിക്കുന്നതിനുള്ള അവകാശം തങ്ങഠംക്കുണ്ടായി

രിക്കണമെന്നും സുറിയാനിക്കാരായ ശെമ്മാശ്ശന്മാരെ അവക്കുവേണ്ടി പ്രത്യേകമുള്ള സെമ്മിനാരിയിൽ ചേർത്തു പഠിപ്പിച്ചുകൊള്ളണമെന്നും മററും അവർ വ്യവസ്ഥകൾ എഴുതി ഉണ്ടാക്കി. കർമ്മലീത്താമിഷനറിമാർ ഈ വ്യവസ്ഥകൾ സമ്മതിച്ച് ഒപ്പു വയ്ക്കേണ്ടിവന്നു. ഇതിനെത്തുടർന്ന് സുറിയാനിക്കാരായ വൈദികവിദ്യാർത്ഥികളെ ആലങ്ങാട്ടുള്ള സെമ്മിനാരിയിലേക്കു മാററി പരിശീലിപ്പിച്ചുപോന്നു.

കർമ്മലീത്താമിഷനറിമാരും സുറിയാനിക്കാരും തമ്മിൽ വീണ്ടും പല നീരസങ്ങൾക്കും കാരണമുണ്ടായി. ഒരിക്കൽ കരിയാററി യൗസേപ്പുകത്തനാരുടെ നേതൃത്വത്തിൽ, വരാപ്പുഴവികാരി അപ്പസ്തോലിക്കായായിരുന്ന സാലസ്മെത്രാനെ സുറിയാനിക്കാരെല്ലാവരും കൂടി ചേർന്ന് സാഘോഷം ആലങ്ങാട്ടേക്കു എതിരേററു കൊണ്ടുപോയി. ഇതിൽ അസന്തുഷ്ടരായ കർമ്മലീത്താമിഷ്യനറിമാർ, ഈ എതിരേൽപ്പ് രാജനിയമത്തിന് എതിരാണെന്ന് സക്കാരിൽ പരാധി ബോധിപ്പിക്കുകയും, തൻമൂലം പതിനാലായിരത്തിഒരുന്നൂററി പന്ത്രണ്ടു പണം സുറിയാനിക്കാർ സക്കാരിൽ പിഴയൊടുക്കുവാൻ നിർബന്ധിതരാവുകയും ചെയ്തു. ഇങ്ങനെ പലതുകൊണ്ടും മിഷ്യനറിമാർ സുറിയാനിക്കാരെ ഉപദ്രവിക്കയും അവരുടെ സമുദായത്തിൻെറ അഭിമാനത്തിന് കോട്ടം തട്ടുമാറ് പ്രവത്തിക്കുകയും ചെയ്തതിനാൽ അവർ മിഷ്യനറിമാരിൽ നിന്ന് കഴിയുന്നത്ര അകന്നു ജീവിക്കുവാൻ ശ്രമിച്ചിരുന്നു. (cfr. ബർണാർദ്, op. cit. p. 182—190; also cfr. Ambrosius op. cit. 263—268.)

## നാലു സെമ്മിനാരികൾ

ഈ ചുററുപാടുകൾ സെമ്മിനാരിപ്രവത്തനം സംബന്ധിച്ചും ചില പ്രത്യാഘാതങ്ങൾ ഉണ്ടാക്കാതിരുന്നില്ല. തൽഫലമായി ശെമ്മാശ്ശന്മാരെ കഴിയുന്നതും പ്രാദേശിക മല്പാൻഭവനങ്ങളിൽ പരിശീലിപ്പിച്ചുപോന്നു. ഈ കാലഘട്ടത്തിൽ മലങ്കരയിൽ ഇരുപതിൽപ്പരം സെമ്മിനാരി

കരം ഉണ്ടായിരുന്നുവെന്നു ഈ ലേഖനത്തിന്റെ ആദ്യഭാഗങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. 1854-ൽ മോൺ. ബർണർദീൻ മല്പാൻഭവനങ്ങളെല്ലാം നിറുത്തൽ ചെയ്യുകയും വരാപ്പുഴ, മാന്നാനം, എൽത്തുരുത്തു്, വാഴക്കുളം എന്നീ സ്ഥലങ്ങളിൽ നാലു വലിയ സെമ്മിനാരികരം സ്ഥാപിക്കുകയും ചെയ്തു. ഈ നാലു സെമ്മിനാരികളിലൊന്നിലെങ്കിലും പഠിച്ചവർക്കുമാത്രമേ പട്ടംകൊടുക്കുകയുള്ളു എന്നു് നിഷ്ക്കർഷിച്ചിരുന്നു.

വൈദികവിദ്യാത്ഥികരംക്കു് നൽകുന്ന പരിശീലനത്തിലും വിദ്യാഭ്യാസത്തിലും മററും ഐകരൂപ്യം വരുത്തേണ്ടതു് ആവശ്യമായിരുന്നു. ഇതിനായി മേജർ സെൻട്രൽ സെമ്മിനാരി സ്ഥാപിക്കുവാൻ മോൺ. ബർണർദീൻ ശ്രമിക്കാതിരുന്നില്ല. പുത്തമ്പള്ളി (സുറിയാനി) ഇടവകക്കാർ ഇക്കാര്യത്തിൽ ഉദാരമനസ്സോടെ സഹായസഹകരണങ്ങരം ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിച്ചു, പള്ളിക്കടുത്തു് സാമാന്യം വിസ്തൃതമായ ഒരു സ്ഥലം, ഉടമസ്ഥാവകാശം നഷ്ടപ്പെടാത്തവിധത്തിൽ, നാമമാത്രമായ പാട്ടവ്യവസ്ഥയിന്മേൽ സെമ്മിനാരി ആവശ്യത്തിനായി വിട്ടുകൊടുത്തു. ഏറെത്താമസിയാതെ സെമ്മിനാരിക്കാവശ്യമായ കെട്ടിടങ്ങരം നിർമ്മിക്കപ്പെടുകയും 1866-ൽ പുത്തമ്പള്ളിയിലെ പുതിയ കെട്ടിടത്തിൽ മേജർ സെൻട്രൽ സെമ്മിനാരി സമാരബ്ധമാവുകയും ചെയ്തു. 66 വഷത്താളം സെമ്മിനാരി അവിടെയാണു് നടത്തപ്പെട്ടതു്. ഒടുവിൽ സെമ്മിനാരി മംഗലപ്പുഴയ്ക്കു മാററപ്പെട്ടപ്പോരം, കെട്ടിടങ്ങരംക്കു് ന്യായമായ വിലകൊടുത്തു് പള്ളിക്കാര്യത്തിൽനിന്നു് വീണ്ടെടുക്കുകയും ചെയ്തു.

# APPENDIX- II

## Decree of the S. Congregation of Propaganda Fide dated 4th Sept. 1764 erecting the Seminary anew at Verapoly.

Discussa igitur nova instantia Vicarii Apostolici Malabarium in Congregatione Particulari, sub die 4 sept. 1764, E. mi Patres decreverunt (*)

"Novum Seminarium erigendum esse in urbe Verapoli pro educatione Clericorum utriusque ritus (latini scil· et syro-chal-daei), qui tam ipsi, quam eorum magistri alantur expensis S. Congregations, a qua, etiam Pro aedificio necessaria pecunia impendatur cum infrascriptts pactis et conditionibus:

1. Ut dictum Seminarium perpetuo sit ac censeatur sub pleno dominio et potestate eiusdem Sacrae Congregationis, eique sit libera facultas, vel illud transferendi vel suspendendi, claudendi, atque etiam supprimendi prout sibi videbitur, necnon eidem eas regulas, ac leges praescribenbi, quas nunc et in posterum opportunas censebit.

2. Ut eusdem Seminarii directio, atque administratio amovibilis ad nutum S. Congregationis spectet ad Vicarium Apostolicum Missionis Malabaricae pro tempore, qui teneatur singulis annis de eodem exactam rationem reddere eidem Sacrae Congregationi.

3. Ut in eo sex alumni saltcm alantur Latini ritus, et decem ritus Syro-Chaldaei, utque hi omnes ibidem

---

* Arch. Prop. Decreta a. 1741-1767. f. 400-404.

detineantur per quatuor annos, ac etiam longiori spatio prout expediens videbitur Vicario Apostolico.

4. Ut pro alumorum victu, ceterisque rebus eorum educationi necessariis annua scuta quadringenta, assignentur, ac insuper alia scuta sexaginta singulis annis subministrentur pro doubus magistris linguarum latiuae et syro-chaldaicae, nec non etiam Moralis; utque praedicta scuta 400 in alium usum non possint erogari, nisi in alimoniam et beneficium sexdecim alumnorum, ut supra, atque etiam plurium, si fieri poterit.

5. Ut annua pensio scutorum 400, de quo superius, praevia dispensatione SS.mi Domini Nostri excipiatur ex fundo relicto a bo·me. Cardinali S. Onuphrio pro alendi sex almnis Brahmanis Collegio Urbano, utque ad eum finem supprimantur seu potius transferantur ad novum Seminarium Malabaricum quatuor ex dictis alumnatibus, qui nunc per alias nationes, et praesertim per Armenos in defectu Brahmanorum occupantur.

6. Ut in eodem Seminario duo magistri cum salario, de quo supra, habeantur, qui alumnos doceant linguam latinam et syro-chaldaicam, nam quoad Moralem doceri haec poterit etiam in lingua vernacula, seu Malabarica ab aliquo missionario, qui ad hunc effectum, si non perpetuo, saltem pro magna anni parte morari tenebitur in Seminario.

7. Ut Regulae a Sacra Congregatione praescribantur pro alumnorum exacta disciplina, quarum vi tum bene morati, tum litteris sufficienter instructi evadant, ita ut deinceps in Pastorum numerum adlectis et populos in fide erudire, et rite Sacramenta administrare valent".

Quoad hoc Seminarium refert ipse Vicarius Apost. D. Florentius in sua relatione de Missione Malabarica,

sub die 22 apr. 1767 (16), Seminarium provisorie esse institutum ab initio mensis decembris a. 1766, i. e. domum Carmelitarum in Mangate esse adaptatam pro clericis ritus Syriaci sub P. Ildephonso a Praesentatione Rectore, ac cum sacerdote quodam indigena uti magistro linguae syriacae, usquedum veniat D. Joseph Cariati, alumnus Collegii Urbani de Propaganda; in residentia vero verapolitana Carmelitarum institui clericos latinos sub vigilantia ipsius Vicarii Apostolici, ac cum Alexio Gonzalez, sacerdote indigena, ut magistro. Et hoc puraturum esse usque dum domus propria fabricari dossit, quod adhuc fieri non potuisse ob imminentia bella ac angustias temporum.

(Cited in Ambrosius O. C. D. op. Cit. P. 244-245)

# അദ്ധ്യായം 6

# മംഗലപ്പുഴക്കുന്നിൻെറ ഉടമസ്ഥാവകാശം

## വിവിധ അവകാശങ്ങരം

ഒരു വസ്തുവിന്മേൽ ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ പലതരത്തിലുള്ള അവകാശങ്ങരം ഉണ്ടാകാം. ഉടമസ്ഥാവകാശം (ownership) കൈവശാവകാശം (possession) അനുഭവാവകാശം (usufruct) എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടതു്. പാട്ടം, പണയം, ചൂണ്ടിപ്പണയം എന്നിങ്ങനെയും ചില അവകാശങ്ങരം ഉണ്ടു്. ഓരോ തരത്തിലുള്ള അവകാശത്തിനും പ്രത്യേക പരിധികളുണ്ടു്.

ഒരു വസ്തുവിന്മേൽ പരിപൂർണ്ണമായ ഉടമസ്ഥാവകാശമുള്ള ഒരാരംക്കു് ആരുടേയും അനുവാദംകൂടാതെ ആ വസ്തു സ്വമേധയാ വേറൊരാരംക്കു തീറെഴുതുന്നതിനോ ദാനം ചെയ്യുന്നതിനോ പാട്ടത്തിനു കൊടുക്കുന്നതിനോ അവകാശവും അധികാരവുമുണ്ടു്. വിസ്തുവിന്മേലുള്ള അവകാശം പലക്കാണെങ്കിൽ കൂട്ടവകാശികരം എല്ലാവരുടേയും സമ്മതത്തോടുകൂടി മാത്രമേ വസ്തു അന്യാധീനപ്പെടുത്താവൂ. കേവലം കൈവശാവകാശമോ അനുഭവാവകാശമോ മാത്രമുള്ള ഒരാരം വസ്തുവിൻെറ ആദായമെടുക്കുകയും ചിലപ്പോരം ഉടമസ്ഥൻെറ പേരിൽ കരംകെട്ടുകയുംതന്നെ ചെയ്യേന്നുവരാം. പക്ഷേ വസ്തു കൈമാററം ചെയ്യുന്നതിനോ പാട്ടത്തിനു കൊടുക്കുന്നതിനോ ഉടമസ്ഥൻെറ സമ്മതംകൂടാതെ അയാരംക്കു അവകാശമോ അധികാരമോ ഇല്ല. ഇപ്പറഞ്ഞവയെല്ലാം വസ്തുവിൻെറ ഉടമസ്ഥാവകാശവും കൈമാററവ്യവസ്ഥകളും സംബന്ധിച്ച പൊതുതത്വങ്ങളാണു്.

## മംഗലപ്പുഴക്കുന്നിൻെറ മൂന്നു ഉടമസ്ഥാവകാശികഠം

1866–മുതൽ ഇന്നുവരെയുള്ള ആധാരങ്ങളുടേയും ചരിത്രരേഖകളുടേയും വെളിച്ചത്തിൽ, ഈ കാലഘട്ടത്തിനിടയ്ക്കു് മംഗലപ്പുഴക്കുന്നിൻെറ ഉടമസ്ഥാവകാശം മൂന്നു വ്യത്യസ്ത സ്ഥാപനങ്ങഠംക്കായിരുന്നു എന്നു സിദ്ധിക്കുന്നു. 1) കൊടുങ്ങല്ലൂർ രൂപതയിലെ സുറിയാനിക്കാർ. 2) പോത്തുഗൽ രാജാവു്. 3) പരിശുദ്ധ സിംഹാസനം.

### 1) കൊടുങ്ങല്ലൂർ രൂപതയിലെ സുറിയാനിക്കാരുടെ കൂട്ടവകാശത്തിൽ·

1866–ൽ ശെട്ട്ളിയർ എന്ന സായ്പിൽനിന്നും വാങ്ങി 1867–ൽ ഗോവാമെത്രാപ്പോലീത്തായുടെ പേരിലാക്കി പോത്തുഗൽരാജാവിനു് എഴുതിക്കൊടുത്ത കാലംവരെ മംഗലപ്പുഴക്കുന്നു് ശ്രീ പാറായിൽ അവിരാ വക്കിത്തരകൻെറയും കൊടുങ്ങല്ലൂർ രൂപതയിൽപ്പെട്ട 55 സുറിയാനിപ്പള്ളിക്കാരുടെയും കൂട്ടവകാശത്തിലായിരുന്നു. മംഗലപ്പുഴ പാദ്രുവാദോ സെമ്മിനാരിയിലെ ഒരു വിദ്യാത്ഥിയായിരുന്ന പീടിയേക്കൽ യൗസേപ്പ് കത്തനാരുടെ ദൃക്സാക്ഷി വിവരണം (ദീപിക, ഫെബ്രു. 24, 1933) ഇങ്ങനെയാണു്: "കൊടുങ്ങല്ലൂർ രൂപതയിൽചേന്ന പതിർവാദാധികാരത്തിൽപ്പെട്ട സുറിയാനിക്കാരായ ശെമ്മാശന്മാക്കു വൈദികപഠനത്തിനു സെമ്മിനാരി ഇല്ലാതെവന്നതിനാൽ കുറവിലങ്ങാട്ടു്, തൃശ്ശൂർ, ഒല്ലൂർ മുതലായ പള്ളിക്കാർ ആലോചിച്ചു് ഒരു സെമ്മിനാരി ഉണ്ടാക്കണമെന്നു നിശ്ചയിച്ചു. ഇതിലേയ്ക്കു മംഗലപ്പുഴക്കുന്നിൽ നാല്പതേക്കർ വരുന്ന സ്ഥലം മി. ശെട്ട്ളിയർ എന്ന ധ്വരയിൽനിന്നു് പള്ളിക്കാരുടെ ആവശ്യപ്രകാരം പാറായിൽ അവിരാ വക്കിത്തരകനവർകഠം 1041–ാം മാണ്ടു് (1866) എഴുതി വാങ്ങിച്ചു." ഇതിൽനിന്നും 1866–ൽ പാറായിത്തരകൻ സ്ഥലംവാങ്ങിയതു പള്ളിക്കാരുടെ പേരിൽ സെമ്മിനാ

രിക്കായിട്ടായിരുന്നുവെന്നും, ആകയാൽ മേല്പറഞ്ഞ പള്ളിക്കാർ ഏവരുടേയും കൂട്ടവകാശത്തിലായിരുന്ന വസ്തുവെന്നും സിദ്ധിക്കുന്നു.

ടി വസ്തുവകകളും കെട്ടിടങ്ങളും ഗോവാ മെത്രാപ്പോലീത്താവഴി പദ്രുവാദോയ്ക്കു തീറെഴുതിക്കൊടുക്കുവാൻ പദ്രുവാദോ അധികാരികൾ നിർബന്ധിച്ചപ്പോഴാണു ദാതാക്കളുടെ നിയോഗം പാലിക്കപ്പെടണമെന്ന വ്യവസ്ഥയിൻകീഴ് മേല്പറഞ്ഞ പള്ളിക്കാർ തീറെഴുതിക്കൊടുത്തത്. പീടിയേക്കലച്ചന്റെ വിവരണം കേൾക്കുക: "1867-ൽ മംഗലപ്പുഴെനിന്നും ഏതാനും ശെമ്മാശ്ശന്മാർ ഗോവായിൽപ്പോയി പട്ടമേല്ക്കുന്നതിനു ഒരുങ്ങുകയിൽ മംഗലപ്പുഴ ബംഗ്ലാവും പറമ്പും ഗോവാ മെത്രാപ്പോലീത്തായുടെ പേക്കു് എഴുതിക്കൊടുക്കണമെന്നു് കർശനമായ കല്പന ഗോവായിൽനിന്നും വന്നതനുസരിച്ച് സുറിയാനിപ്പള്ളിക്കാർ 5000 രൂപയോളം തരകനെ ഏല്പിക്കുകയും ഉദ്ദേശ്യം 2000 രൂപ സുറിയാനിക്കാരുടെ പഠനം വകയായി തരകൻ ദാനംചെയ്തു വസ്തുവിന്മേൽ സ്ഥാപിച്ച് ഗോവാമെത്രാപ്പോലീത്താക്കു എഴുതിക്കൊടുക്കുകയും ചെയ്തു. ശെമ്മാശന്മാർക്കു പട്ടവും കിട്ടി." അങ്ങനെ വസ്തു തീറെഴുതിത്തന്നെങ്കിലേ ശെമ്മാശന്മാർക്കു പട്ടം കൊടുക്കയുള്ളൂ എന്ന കർശനമായ നിലപാടു് പദ്രുവാദോ അധികാരികൾ സ്വീകരിച്ചപ്പോഴാണു വസ്തു അവർക്കു് എഴുതിക്കൊടുത്തതു്.

ശ്രീ തരകൻ മേല്പറഞ്ഞ 55 സുറിയാനിപ്പള്ളിക്കാരുടെ സമ്മതത്തോടുകൂടിയാണു പോത്തുഗൽ രാജാവിനു് എഴുതിക്കൊടുത്തതെന്നു് ആധാരത്തിൽ പറയുന്നുണ്ടു്. അങ്ങനെ ഏതെങ്കിലും പള്ളിക്കാരുടെ സമ്മതംകൂടാതെ തീറെഴുതിയിരുന്നെങ്കിൽ, ആ പള്ളിക്കാർ കേസുകൊടുത്താൽമതി, ശ്രീ തരകൻ നടത്തിയ തീറാധാരം അസാധുവായിത്തീരുമായിരുന്നു. ഇതിന്റെ അത്ഥം 1866-ൽ സായ്പിൽനിന്നും വാങ്ങി പോത്തുഗൽരാജാവിനു് എഴുതിക്കൊടുക്കുന്നതുവരെ മംഗലപ്പുഴ വസ്തുവകകൾ കൊടുങ്ങ

ല്പൂർ രൂപതയിൽപ്പെട്ട സുറിയാനിക്കാരുടെ ഉടമസ്ഥാവ കാശത്തിൽ (കൂട്ടവകാശം) ആയിരുന്നു എന്നാണ്.

ആ രൂപതയിലെ ഇതരറീത്തിലും സമുദായങ്ങളിലും പെട്ടവർക്കും ഉടമസ്ഥാവകാശമുണ്ടായിരുന്നില്ലേ എന്നു ചിലർ ചോദിച്ചേക്കാം. ആധാരത്തിൽനിന്നും ദാതാക്കളുടെ നിയോഗത്തിൽനിന്നും മറിച്ചാണു തോന്നുന്നത്. കേരളത്തിൽ, തെക്കുംഭാഗം, വടക്കുംഭാഗം, അഞ്ഞൂററി, എഴുന്നൂററി മുതലായ സമുദായവിഭാഗങ്ങളും ഓരോ സമുദായത്തിനും അവരുടേതായ സ്ഥാപനങ്ങളും രൂപതകൾതന്നെയും ഉണ്ടല്ലോ. ഉദാഹരണമായി ആംഗ്ലോഇൻഡ്യൻ സമുദായാംഗങ്ങൾ തങ്ങളുടെ സമുദായത്തിൽപ്പെട്ട ഏതാനും വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് എന്ന നിയോഗത്തിൽ നൂറ് ഏക്കർ റബർതോട്ടം വാരാപ്പുഴ അതിരൂപതാധികാരികളെ ഏല്പിക്കുന്നുവെന്നു വിചാരിക്കുക. ഈ വസ്തുവിൻെറ ആദായം എല്ലാവർക്കും പൊതുവായി അവകാശപ്പെട്ടതാണെന്നു പറയുന്നതു ന്യായമല്ലല്ലോ. ചരിത്രരേഖകളുടെ വെളിച്ചത്തിൽ ഉടമസ്ഥാവകാശം സംബന്ധിച്ച ചില കാര്യങ്ങൾ പ്രതിപാദിച്ചുവെന്നുംമാത്രം. കേരളകത്തോലിക്കർ സങ്കുചിതമായ വിഭാഗീയചിന്തകൾ വെടിഞ്ഞ് ഒരൊററ സമുദായമെന്നോണം വർത്തിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളാണ് ഈ ലേഖകൻ എന്നു വ്യക്തമാക്കിക്കൊള്ളട്ടെ.

## 2) പോർത്തുഗൽ രാജാവിൻെറ ഉടമസ്ഥാവകാശത്തിൽ

ഈ ഉടമസ്ഥാവകാശത്തിനും ചില പ്രത്യേകതകളുണ്ട്. പോർത്തുഗൽരാജാവ് പദ്രുവാദോയുടെ പരമാധികാരിയായിരുന്നതിനാലാണു സെമ്മിനാരിക്കെന്ന പ്രത്യേക നിയോഗത്തിൽ ദാതാക്കൾ മംഗലപ്പുഴ വസ്തുവകകൾ രാജാവിനു തീറെഴുതുന്നത്. പദ്രുവാദോ അഥവാ സംരക്ഷണാധികാരം എന്നു പറയുന്നത്, പോർത്തുഗൽ രാജാവിന് അദ്ദേഹത്തിൻെറ കൊളോണിയൽ രാജ്യങ്ങ

ളിലെ സഭാകാര്യങ്ങരം സംബന്ധിച്ച് മാപ്പാപ്പാ നൽകിയ അധികാരങ്ങളുടെ ആകെത്തുകയാണ്. ഈ അധികാരംവഴി മെത്രാൻപദത്തിനുള്ള അത്ഥികളുടെ പേരുകരം പ. സിംഹാസനത്തിൽ സമപ്പിക്കുന്നതിനും പള്ളികളുടേയും മിഷ്യൻപ്രവത്തനങ്ങളുടേയും കാര്യങ്ങരം നോക്കുന്നതിനും രാജാവിനു് അവകാശവും അധികാരവും ഉണ്ടായിരുന്നു. അന്നത്തെ പദ്ര്വാദോ (Patronage) സമ്പ്രദായം പില്ക്കാലത്തു് ഉടലെടുത്ത പല റോമൻ തിരുസംഘങ്ങളോടും സാമ്യമുള്ളതാണ്. മാപ്പാപ്പായുടെ വലംകൈയായിനിന്നു മാപ്പാപ്പാക്കുവേണ്ടി ഓരോ കാര്യങ്ങരം നിവ്വഹിക്കുന്നതിനാണല്ലൊ റോമൻ തിരുസംഘങ്ങരം സ്ഥാപിതമായിരിക്കുന്നതു്. ഇതുപോലെതന്നെ പദ്ര്വാദോയും മാപ്പാപ്പാക്കുവേണ്ടി പ്രവത്തിച്ചിരുന്നു. ആകയാൽ പദ്ര്വാദോ അധികാരം എന്നുപറയുന്നതു തികച്ചും ആത്മീയതലത്തിലുള്ള ഒരധികാരമാണെന്നു സ്പഷ്ടമാണ്. അതുകൊണ്ടു്, പദ്ര്വാദോയുടെ പരമാധികാരിയായ പോത്തുഗീസ്രാജാവിനു് വസ്തു എഴുതിക്കൊടുത്തപ്പോരം പ. സിംഹാസനത്തിനുതന്നെയാണു കൊടുത്തതെന്നു പറയാം. ലൗകികാധികാരം മാത്രമുള്ള ഒരു രാജാവിനെ ആത്മകാര്യം (Pious Foundation) ഏല്പിക്കുന്നതിനു് ആരും സന്നദ്ധരാവുകയില്ലല്ലോ. ഇക്കാരണത്താൽ ശ്രീ പാറായിൽതരകനും സഹപ്രവത്തകരും മംഗലപ്പുഴ വസ്തുവകകരം, സെമ്മിനാരി നടത്തണമെന്ന നിയോഗത്തിൽ പദ്ര്വാദോവഴി പരിശുദ്ധ സിംഹാസനത്തെത്തന്നെ ഏല്പിച്ചു എന്നു വേണമെങ്കിൽ പറയാം. ഏതായാലും വാദത്തെ പ്രതി, ആധാരത്തിൽ ഉള്ളതുപോലെ, പദ്ര്വാദോയുടെ പരമാധികാരിയായ പോത്തുഗൽ രാജാവിനു് എഴുതിക്കൊടുത്തു എന്നും വസ്തു അദ്ദേഹത്തിൻെറ ഉടമസ്ഥതയിലായിരുന്നുവെന്നും സമ്മതിക്കുന്നു. പക്ഷേ രാജാവു് അതേററിരുന്നതു് പരി. സിംഹാസനത്തിൻെറ പ്രതിനിധി എന്ന നിലയിലായിരുന്നുവെന്ന വസ്തുത വിസ്മരിക്കരുതു്.

1886-ൽ പദ്ര്വാദോ നിറുത്തൽ ചെയ്തപ്പോരം ദാതാക്കളുടെ നിയോഗം ഇന്നതെന്നു കാണിച്ചു മംഗലപ്പുഴ വസ്തു

ക്കാം പരിശുദ്ധ സിംഹാസനത്തെ ഏല്പിക്കുക രാജാവി ൻെറ കടമയായിരുന്നു. പക്ഷേ അങ്ങനെ ഏല്പിക്കാതെ 1929-വരെ ന്യായരഹിതമായി കൈവശം വച്ചുകൊണ്ടി രിക്കുകയാണുണ്ടായതു് (unjust possession). പോൎത്തുഗൽ രാജാവു് യുദ്ധംചെയ്തു വെട്ടിപ്പിടിച്ച രാജ്യമായിരുന്നെ ങ്കിൽ അതു കൈവശം വച്ചുകൊണ്ടിരുന്നതു് ആരും ന്യാ യരഹിതമെന്നു പറയുകയില്ലായിരുന്നു. ഏകദേശം 43 വർഷത്തോളം ഒരു ആത്മകാര്യംവസ്തുവിൻെറ നിയോഗം നിറവേററാതെ കൈവശം വച്ചുകൊണ്ടിരുന്നതു ന്യായര ഹിതവും ഉത്തരിപ്പുകടം ഉളവാക്കുന്നതുമല്ലേ?

### 3) തിരുസിംഹാസനത്തിൻെറ ഉടമസ്ഥാ വകാശത്തിൽ

1929-ൽ മാത്രമാണു് പോൎത്തുഗൽ രാജാവു മംഗല പ്പുഴ വസ്തുവകകാം തിരുസിംഹാസനത്തിനു് എഴുതിക്കൊ ടുത്തതു്. ഇത്ര വൈകിയ വേളയിലെങ്കിലും ആ കടമ നിൎവ്വഹിക്കുവാൻ പോൎത്തുഗൽ രാജാവിനെ പ്രേരിപ്പിച്ച സാഹചര്യങ്ങാം പലതാണു്.

മംഗലപ്പുഴ വസ്തുവകകാം സെമ്മിനാരിക്കായി ദാനം ചെയ്തവർ തങ്ങളുടെ നിയോഗം നിറവേററപ്പെടുന്നില്ല എ ന്നു കണ്ടപ്പോാം പലപ്രാവശ്യം പരിശുദ്ധ സിംഹാസന ത്തിൽ ആവലാതി ബോധിപ്പിക്കയുണ്ടായി. ബ. പീടി യേക്കലെച്ചൻെറ മുൻപറഞ്ഞ ലേഖനത്തിൽ ഇങ്ങനെ കാണുന്നു: "1886-ൽ പതിർവാദ നിറുത്തൽചെയ്തപ്പോാം മംഗലപ്പുഴ സെമ്മിനാരിയുടെ ഉടമസ്ഥതയെപ്പററിയും മററും വാദിക്കുന്നതിനു് മലയാളത്തിലുള്ള സുറിയാനി ക്കാർക്കു് അന്നു സ്വജാതി മെത്രാന്മാരുണ്ടായിരുന്നില്ല." 1896-ലാണല്ലോ എറണാകുളം, തൃശ്ശൂർ, ചങ്ങനാശ്ശേരി വികാരിയാത്തുകാം സ്ഥാപിതമായതും സുറിയാനിക്കാക്കു സ്വദേശീയമെത്രാന്മാരെ ലഭിച്ചതും. ഒരു വഷം കഴി ഞ്ഞില്ല, 1897-ൽ അന്നു ജീവിച്ചിരുന്ന ശ്രീ പാറായിൽ അവിരാ വക്കീത്തരകൻതന്നെ എറണാകുളം വികാരി അപ്പസ്തോലിക്കാ മാർ ലൂയീസു് പഴേപറമ്പിൽ തിരുമേ

നിക്കു സമപ്പിച്ച ഒരു അപേക്ഷയിൽ ഇങ്ങനെ പറയുന്നു: ''...മംഗലപ്പുഴ ബംഗ്ലാവും കെട്ടിടങ്ങളും നമ്മുടെ ശെമ്മാശന്മാരുടെ പഠിനസെമ്മിനാരിക്കായി വില പററാതെ ദാനംകൊടുത്തിട്ടുള്ളതാണു് ... എന്നാൽ മേല്പറഞ്ഞ സ്ഥലവും കെട്ടിടങ്ങളും ഉടമ്പടിയിലേ നിശ്ചയപ്രകാരം ചെയ്യിട്ടില്ലാത്തതും ദാനക്കാരനായ ഞാൻ ഈ മിസ്സത്തിൽ ചേന്നവനും ആയിരിക്കയാൽ ബ. അച്ചൻ (മെത്രാൻ) വഴിയായി എൻെറ ആവലാതിയെ പരിശുദ്ധപിതാവിൻെറ അടുക്കൽ ബോധിപ്പിച്ചു് മേലെഴുതിയ സ്ഥലങ്ങളും കെട്ടിടങ്ങളും ഈ മിസ്സത്തിലേ ഉപകാരത്തിനായി ഉപയോഗപ്പെടുത്തുന്നതിനു് അപേക്ഷിച്ചുകൊള്ളുന്നു.''

ഇതിനെത്തുടന്നു ആ വഷംതന്നെ മാർ ലൂയിസു് പഴേപറമ്പിൽ, മംഗലപ്പുഴ വസ്തുവകകളുടെ ദാതാക്കാം ആരെന്നും, ഏതു നിയോഗത്തിൽ അവ നൽകപ്പെട്ടുവെന്നും കാണിച്ചു് പ. സിംഹാസനത്തിൽ ആവലാതി ബോധിപ്പിക്കയുണ്ടായി. അതിനു മറുപടിയായി 1898 Prot 8402–ാം നമ്പരായി പ. സിംഹാസനത്തിൽനിന്നു ലഭിച്ച കത്തിൽ, 1866–ൽ കെട്ടിടങ്ങളും വസ്തുവും ഏല്പിച്ചപ്പോാം ദാതാക്കാം വച്ചിരുന്ന നിയോഗം വളരെ പ്രാധാന്യമർഹിക്കുന്നതാണെന്നും ഇക്കാര്യം സംബന്ധിച്ചു് ഗോവാ മെത്രാപ്പോലീത്താസ്സു് ഉടനെ എഴുതുന്നതാണെന്നും പറഞ്ഞിരുന്നു.''

തുടന്നു്, പ. സിംഹാസനവും ഗോവാ മെത്രാപ്പോലീത്തായും പോത്തുഗൽരാജാവും തമ്മിൽ നടത്തിയ എഴുത്തുകുത്തുകളുടെ ഫലമായി മലയാളത്തിലെ സുറിയാനിക്കാർ ഒരു സെമ്മിനാരിക്കായി പദ്രുവാദോ അധികാരികളെ ഏല്പിച്ചിരുന്ന വസ്തുവകകാം ദാതാക്കളുടെ നിയോഗപ്രകാരം ഉപയോഗപ്പെടുത്തേണ്ടതാണെന്ന തീരുമാനത്തിലെത്തി. ഈ അവസരത്തിലാണു് സുറിയാനിക്കാരായ ശെമ്മാശന്മാർകൂടി പഠിച്ചിരുന്ന പുത്തമ്പള്ളി സെമ്മിനാരി മാററി സ്ഥാപിക്കുവാൻ ആലോചനയുണ്ടായതു്. ഇതിലേക്കായി മംഗലപ്പുഴക്കുന്നു് വിട്ടുകൊടുക്കണമെന്നു് തിരുസിംഹാസനത്തിൽനിന്നും കല്പിച്ചു. അതനുസരിച്ചു്

ഗോവാമെത്രാപ്പോലീത്താ പോത്തുഗൽ ഗവമ്മെൻറിനു് എഴുതി (ഈ കത്തു് ഡോ. നടുവത്തുമുറി ഉദ്ധരിച്ചിട്ടുണ്ടു്). പോത്തുഗൽ ഗവമ്മെൻറധികാരികൾ പ്രസ്തുത ഗവമ്മെൻറിൻെറ പ്രതിനിധികൾ എന്ന നിലയിൽ മംഗലപ്പുഴ വസ്തുവകകൾ തിരുസിംഹാസനത്തിനു് എഴുതിക്കൊടുക്കുവാൻ ഗോവാ, കൊച്ചി രൂപതാധികാരികളെ അധികാരപ്പെടുത്തി. അങ്ങനെ 1929 ഒക്ടോബർമാസത്തിൽ മംഗലപ്പുഴ വസ്തുവകകൾ തിരുസിംഹാസനത്തിൻെറ പ്രതിനിധിയെന്ന നിലയിൽ വെരി റവ. ഫാ. ജോൺ ജോസഫ് ഒ. സി. ഡി അവർകളുടെ പേരിലേക്കു തീറെഴുതപ്പെട്ടു. അങ്ങനെ 1929 മുതൽ ഇന്നുവരെ മംഗലപ്പുഴ വസ്തുവകകൾ പ. സിംഹാസനത്തിൻെറ ഉടമസ്ഥാവകാശത്തിലാണു്.

## 1866-ൽ കൊടുങ്ങല്ലൂർ രൂപത ഉണ്ടായിരുന്നോ?

1866-ൽ കൊടുങ്ങല്ലൂർ രൂപത ഉണ്ടായിരുന്നില്ല എന്നു് ചിലർ ചെയ്യുന്ന പ്രസ്താവനയെ ചരിത്രരേഖകളുടെ വെളിച്ചത്തിൽ ലേഖകൻ പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു.

## 1857-ൽ പുനരുദ്ധരിച്ചു.

1. 1838-ൽ Multa Praeclara എന്ന തിരുവെഴുത്തുവഴി പരിശുദ്ധസിംഹാസനം കൊച്ചീരൂപതയും കൊടുങ്ങല്ലൂർരൂപതയും നിറുത്തലാക്കിയെന്നതു ശരിയാണു്. എന്നാൽ ഏതാനും വഷങ്ങൾക്കുശേഷം ഈ രൂപതകൾ പുനഃസ്ഥാപിതമായിയെന്നതും ഒരു ചരിത്രസത്യമാണു്. 1866-ൽ കൊടുങ്ങല്ലൂർ, കൊച്ചീ രൂപതകൾ നിറുത്തൽ ചെയ്തപ്പോഴുണ്ടായ പ്രത്യാഘാതങ്ങൾ ഡോ. നടുവത്തുമുറിതന്നെ വിവരിക്കുന്നുണ്ടല്ലോ. പോത്തുഗീസു് പദ്രുവാദോയുടെ മേല്പറഞ്ഞ രൂപതകൾ നിറുത്തൽ ചെയ്തപ്പോൾ ചിലർ ആ നടപടിയെ അനുകൂലിച്ചുകൊണ്ടും ചിലർ

പ്രതികൂലിച്ചുകൊണ്ടുമുള്ള ഒരു നിലപാടാണ് സ്വീകരിച്ചതു്. മേല്പറഞ്ഞ രൂപതകൾ പോർത്തുഗീസുരാജാവിൻെറ കീഴിലായിരുന്നതിനാൽ പോർത്തുഗൽവഴി വരാത്ത കല്പനകൾ സ്വീകാര്യമല്ലെന്നായിരുന്നു പദ്രുവാദോപക്ഷക്കാരുടെ വാദം. എന്നാൽ പ്രൊപ്പഗാന്താ പക്ഷക്കാർ മാർപ്പാപ്പായുടെ ഏതു കല്പനകളും അനുസരിക്കുവാൻ ബന്ധപ്പെട്ടവർ ബാദ്ധ്യസ്ഥരാണെന്നു വാദിച്ചു. ഈ തർക്കങ്ങൾനിമിത്തം ബോംബേ, ഗോവാ, കൊച്ചി, കൊടുങ്ങല്ലൂർ മുതലായ പദ്രുവാദോ രൂപതകളിൽപ്പെട്ട ചുരുക്കം ചില പള്ളികൾ മാത്രമേ പ്രൊപ്പഗാന്തായുടെ കീഴിലുള്ള പുതിയ മലബാർ, ബോംബേ വികാരിയാത്തുകളിൽ ചേർന്നുള്ളൂ. അങ്ങനെ അറിഞ്ഞോ അറിയാതെയോ ഒരു ശീശ്മയ്ക്കു വഴിതുറക്കുന്നു എന്നു കണ്ടതിനാൽ സംഗതികൾ നേരേയാക്കുന്നതിനു് മാർപ്പാപ്പായും പോർത്തുഗൽ രാജാവും തമ്മിൽ ഒരു ഉടമ്പടി ഉണ്ടാക്കുന്നതിനു തീരുമാനിച്ചു. 1857-ൽ ഈ ഉടമ്പടി ഒപ്പുവയ്ക്കപ്പെട്ടു. ഈ ഉടമ്പടിവഴി പ്രൊപ്പഗാന്താപക്ഷക്കാരായ ബോംബേ, മലബാർ വികാരിയാത്തു് അധികാരികളെ വിസ്മയിപ്പിക്കുമാറു് കൊച്ചി കൊടുങ്ങല്ലൂർ രൂപതകൾ പുനസ്ഥാപിക്കപ്പെട്ടു. ഇപ്പറഞ്ഞ സംഗതികളെക്കുറിച്ചു് കർദ്ദിനാൾ ഗ്രേഷ്യസിൻെറ മുഖവുരയോടുകൂടി അലോഷ്യസ് സുവാരസ് എന്ന ചരിത്രകാരൻ 1964-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു: "When Bishop Hartman of Bombay complained to Propaganda about the disorderly situation in Bombay, Pope Pius IX issued on May 9, 1853 the letter "Probe Nobis"...... The pope in the letter accused other priests in Madras, Ceylon and other places of "fomenting most heinous schism," a rather loose expression since

they never fell away from Rome or disclaimed allegiance to the Holy See. It was a purely jurisdictional question with two interested parties on opposite sides... Negotiations between the Holy See and Portugal began in 1849 and a new Concordat was signed in 1857. The Concordat to the great distress of Bishop Hartman maintained the right of jurisdiction in the See of Goa and its suffragans of Cochin and Cranganore. The Concordat was a great shock to the Vicars-Apostolic. It was a clear victory of Padroadists ... The Concordat was ratified by the Pope in 1859 and by the King in 1860" (Cfr. "The Catholice Church in India, A historical sketch" by Aloysius Soares, Bombay, 1964, p. 81).

മേലുദ്ധരിച്ച രേഖയിൽനിന്നും 1857-ലേ ഉടമ്പടി 1859-ൽ മാപ്പാപ്പായും 1860-ൽ പോർത്തുഗൽ രാജാവും അംഗീകരിച്ചുവെന്നും അങ്ങനെ കൊച്ചി, കൊടുങ്ങല്ലൂർ രൂപതകൾ പുനസ്ഥാപിക്കപ്പെട്ടുവെന്നും വ്യക്തമാണല്ലോ, ഇപ്രകാരം പുനരുദ്ധരിക്കപ്പെട്ട കൊടുങ്ങല്ലൂർ രൂപത 1886-ൽ മാത്രമാണു് പ. സിംഹാസനം നിറുത്തലാക്കിയതു്. ആകയാൽ മംഗലപ്പുഴ വസ്തുവകകളുടെ ആധാരം നടന്ന 1866-ൽ കൊടുങ്ങല്ലൂർ രൂപത ഉണ്ടായിരുന്നുവെന്നു വ്യക്തമാണു്.

2. വേറേയും തെളിവുകൾ കാണിക്കാം. പദ്രുവാദോ രൂപതകളുടെ ചരിത്രം വിവരിക്കുന്ന "Mitras Lusitanas no Oriente" എന്ന പോർത്തുഗീസു് ഗ്രന്ഥത്തിൽ മോൺ. നസ്രത്തു് ക്രിസ്തോവോ കസിമീരോ (p. 60-61) കൊടുങ്ങല്ലൂർ രൂപതയെക്കുറിച്ചു് പ്രതിപാദിക്കുന്നുണ്ടു്. 1868-ൽ

കൊടുങ്ങല്ലൂർ രൂപതയുടെ വികാരി ജനറാൾ ആയിരുന്ന മോൺ. കൊയൽ ഹോ ആ രൂപതയിലെ വൈദികക്ക് അയച്ച ഒരു സക്കുലർ ലററർ അതേപടി ഉദ്ധരിച്ചിട്ടുണ്ട്. അസ്തിത്വമില്ലാത്ത ഒരു രൂപതയെക്കുറിച്ചും അതിൻെറ വികാരി ജനറാളിനെക്കുറിച്ചും മോൺ നസ്രത്തിനെപ്പോലുള്ള ഒരു ചരിത്രകാരൻ തൻെറ ഗ്രന്ഥത്തിൽ പ്രതിപാദിക്കുമെന്നെങ്ങനെ വിചാരിക്കും?

3. ഇനിയും വേറെ ചരിത്രകാരന്മാരുടെ സാക്ഷ്യങ്ങളും ചൂണ്ടിക്കാണിക്കാം. പ്രസിദ്ധ ചരിത്രകാരനായ ഫാ. ബർണാർദ് സി. ഡി. "മാർത്തോമ്മാക്രിസ്ത്യാനികൾ" രണ്ടാം വാല്യം, p. 279-ൽ ഇങ്ങനെ പറയുന്നു: "വിശുദ്ധ സിംഹാസനവും പോർത്തുഗലും തമ്മിൽ ബന്ധം പുനഃസ്ഥാപിക്കപ്പെട്ടുകൊണ്ട് 1857-ൽ ഒരു കൊൺകൊർദാത്തു ഉടമ്പടി ഉഭയസമ്മതപ്രകാരം ചെയ്യുകയും, ആ ഉടമ്പടിയിലെ നിശ്ചയങ്ങൾ നടപ്പിൽ വരുത്തുന്നതിനു മാർപ്പാപ്പായുടെ പ്രതിനിധിയായി മോൺ. സാൽവത്തോർ സാബാ ഇൻഡ്യയിലേക്ക് അയക്കപ്പെടുകയും ചെയ്തു. കൊൺകോർദാത്തിലേ 15-ാം വകുപ്പുപ്രകാരം വരാപ്പുഴ വികാരിയാത്തിലോ കൊടുങ്ങല്ലൂർ രൂപതയിലോ നിന്നു കൊള്ളുവാൻ സുറിയാനിക്കാക്ക് അനുവാദമുണ്ടായിരുന്നു."

ഇങ്ങനെ രണ്ടു് അധികാരങ്ങൾ ആയപ്പോൾ ഓരോരുത്തരും താന്താങ്ങളുടെ പക്ഷത്തേക്കു് കൂടുതൽ ആളുകളെ ചേർക്കുന്നതിനുള്ള മത്സരമായി. വരാപ്പുഴയും പദ്രുവാദോയും തമ്മിലുള്ള ഈ മത്സരം 1886 വരെ നീണ്ടുനിന്നു. അവസാനം 1886-ൽ കൊടുങ്ങല്ലൂർ പദ്രുവാദോ രൂപത നിറുത്തൽ ചെയ്തു് ഇരുരൂപതകളിലുമുള്ള സുറിയാനിക്കാക്കായി പ. സിംഹാസനത്തിൽനിന്നു് പ്രത്യേകം വികാരി അപ്പസ്തോലിക്കായെ നിയമിക്കയാണുണ്ടായതു്.

4. പോർത്തുഗൽ പദ്രുവാദോയുടെ സമ്പൂർണ്ണചരിത്രം വിവരിക്കുന്ന "Bullarium Patronatus Portugalliae Regum" എന്ന ചരിത്രഗ്രന്ഥത്തിൽ 1857-ൽ ഒപ്പുവയ്ക്കപ്പെട്ട കൊൺകോർദാത്തിൻെറ വിശദ രൂപങ്ങൾ കൊടു

ത്തിട്ടുണ്ട്. കൊടുങ്ങല്ലൂർ രൂപതയുടെ പുനരുദ്ധാരണം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ആ ഗ്രന്ഥത്തിൽനിന്നു ഗ്രഹിക്കാം. സ്ഥലപരിമിതിയാൽ അവയൊന്നും ഇവിടെ വിവരിക്കുന്നില്ല.

ഇപ്പറഞ്ഞവയിൽനിന്നെല്ലാം 1866-ൽ കൊടുങ്ങല്ലൂർ രൂപത ഉണ്ടായിരുന്നുവെന്നും പ്രസ്തുത് രൂപതയുടെ അധികാരികൾവഴിയാണ് ആ രൂപതയിൽപ്പെട്ട 55 സുറിയാനിപ്പള്ളിക്കാർ പാറായിത്തരകൻെറ നേതൃത്വത്തിൽ മംഗലപ്പുഴ വസ്തുവകകൾ വാങ്ങി അവരുടെ ന്യായമായ അധികാരികൾവഴി സെമ്മിനാരിക്കെന്ന നിയോഗത്തിൽ പുറത്തുഗാറ രാജാവിന് കാണിക്കവെച്ചതെന്നും സിദ്ധിക്കുന്നു. ഇല്ലാത്ത ഒരു രൂപതയുടെ പേരു പറഞ്ഞ് ആധാരം നടത്തുമെന്നു വിശ്വസിക്കുന്നതും അബദ്ധമായിരിക്കുമല്ലോ.

## അദ്ധ്യായം 7

# കൊച്ചി ത്രൂപതയും മംഗലപ്പുഴക്കുന്നും

ഒരു വസ്തുവിന്മേൽ ഒരു വ്യക്തിക്കോ സ്ഥാപനത്തി നോ ഉണ്ടാകാവുന്ന വിവിധതരത്തിലുള്ള അവകാശങ്ങ ളെക്കുറിച്ച് കഴിഞ്ഞ ലേഖനത്തിൽ പറഞ്ഞിരുന്നല്ലോ.

ഡോ. നടുവത്തുമുറി മംഗലപ്പുഴക്കുന്നു സംബന്ധിച്ച് ഉദ്ധരിച്ച രേഖകൾ പ്രധാനമായി മൂന്നു സംഗതികൾ വ്യക്തമാക്കുന്നു (കേരളടൈംസ്). കൊച്ചിത്രൂപതാധികാരി കൾ 1) കരം കെട്ടിയിരുന്നു; 2) പാട്ടവസ്തു വീണ്ടെടുത്തു; 3) പോത്തുഗൽരാജാവിൻെറ പ്രതിനിധിയെന്ന നില യിൽ പ. സിംഹാസനത്തിൻെറ പ്രതിനിധിയായ മംഗ ലപ്പുഴ റെക്ടറച്ചനു് വസ്തു എഴുതിക്കൊടുത്തു.

## കൊച്ചിത്രൂപതയ്ക്കു കൈവശാവകാശവും അനുഭവാവകാശവുംമാത്രം

1) കൊച്ചി ത്രൂപതാധികാരികൾ പട്ടയം 1/1 സർവ്വേ നമ്പറിൽ 647-ാം നമ്പരായി മംഗലപ്പുഴക്കുന്നിൻെറ കരം കൊടുത്തുകൊണ്ടിരുന്നു എന്നു ഡോ. നടുവത്തുമുറി പറയുന്നു. ഒരു വസ്തുവിൻെറ ഉടമസ്ഥൻ തൻെറ ഉടമസ്ഥാ വകാശം എഴുതിക്കൊടുക്കാതെതന്നെ വസ്തു നടത്തി കരം കെട്ടി ആദായമെടുത്തുകൊള്ളുവാൻ ആക്കെങ്കിലും വിട്ടു കൊടുത്തെന്നു വരും. ഇങ്ങനെ കൈവശംവച്ച് (Permissive Possession) കരം കെട്ടി ആദായമെടുക്കുന്നു എന്നതിൻെറ പേരിൽ ഉടമസ്ഥാവകാശം ഉണ്ടെന്നു പറയുന്നതു നിയമ പരമായി ശരിയല്ല. പോത്തുഗൽ രാജാവിൻെറ ഉടമസ്ഥ തയിലായിരുന്ന മംഗലപ്പുഴ വസ്തുവകകൾ കൈവശം വച്ച് കരംകെട്ടി അനുഭവിക്കുക മാത്രമാണു് കൊച്ചീത്രൂപ താധികാരികൾ ചെയ്തിരുന്നതു്.

2) വസ്തുവിൻെറ കുറെഭാഗം യൂണിയൻ ക്രിസ്ത്യൻ കോളേജുകാക്ക് പാട്ടത്തിന കൊടുത്തിരുന്നുവെന്നും, പാട്ടക്കാർ അതു "തിരുവിതാംകൂർ അധികാരികഠംവഴി സ്വന്തമാക്കാൻ ശ്രമിച്ചപ്പോഠം വളരെ ബുദ്ധിമുട്ടിയും പണം ചെലവാക്കിയും കൊച്ചീമെത്രാൻ അവയെല്ലാം വീണ്ടെടുത്തു"വെന്നും ഡോ. നടുവത്തുമുറി പറയുന്നു.

ഒരു വസ്തുവിന്മേൽ കൈവശാവകാശമോ അനുഭവാവകാശമോ മാത്രമുള്ള ഒരാഠംക്ക് ഉടമസ്ഥൻ അധികാരപ്പെടുത്താതെ സ്വമേധയാ ആ വസ്തു പാട്ടത്തിനുകൊടുക്കുന്നതിനോ അന്യാധീനപ്പെടുത്തുന്നതിനോ അവകാശവും അധികാരവുമില്ല. ഇങ്ങനെ അധികാരമില്ലാതിരിക്കേ, പാട്ടത്തിനു കൊടുത്തെങ്കിൽ, പാട്ടക്കാരൻ ആ വസ്തു സ്വന്തമാക്കാൻ ശ്രമിച്ചപ്പോഠം എന്തു വിലകൊടുത്തും ബുദ്ധിമുട്ടിയും വീണ്ടെടുക്കുവാൻ കൈവശക്കാരനു കടമയുണ്ട്. ഇങ്ങനെ വീണ്ടെടുത്തു എന്ന പരമാത്ഥം വസ്തുവിന്മേലുള്ള ഉടമസ്ഥാവകാശത്തിന് ഒരു തെളിവായി ആരെങ്കിലും ഉന്നയിച്ചാൽ നിയമത്തിൻെറ മുമ്പിൽ ഈ വാദത്തിന് യാതൊരു വിലയുമില്ലതന്നെ.

3) കൊച്ചിമെത്രാൻ, പോത്തുഗൽരാജാവിൻെറ പ്രതിനിധിയെന്ന നിലയിൽ പ. സിംഹാസനത്തിൻെറ പ്രതിനിധിയായ മംഗലപ്പുഴ റെക്ടറച്ചന് വസ്തു എഴുതിക്കൊടുത്തു എന്നതു ശരി.

ദെലഗാദ് അപ്പസ്തോലിക്കാ ദിവ്യശ്രീ എഡ്വേർഡ് മൂണിക്ക്, കൊച്ചിമെത്രാൻ മോൺ. റിബേരോ അയച്ച ഒരു കത്ത് ഡോ. നടുവത്തുമുറി ഉദ്ധരിക്കുന്നുണ്ട്. ആ കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "The proprety belongs to the Portuguese Government but I am sure that the Government will not have any objection to make a donation of it to the Holy See being for the utility of my diocese..." ഈ കത്തിൽ വസ്തു തൻെറതല്ലെന്നും വസ്തുവിൻെറ ഉടമസ്ഥൻ പോത്തുഗീസ് ഗവണ്മെൻറാണെന്നും എന്നാൽ

ഈ വസ്തു പ. സിംഹാസനത്തിനു് ദാനംചെയ്യുവാൻ പോർത്തുഗൽ അധികാരികൾക്കു് തടസ്സമുണ്ടാകയില്ലെന്നും കൊച്ചീമെത്രാൻതന്നെ വ്യക്തമായി പറയുന്നു. അതേസമയം ഡോ. നടുവത്തുമുറി കൊച്ചിരൂപതയ്ക്കു മംഗലപ്പുഴക്കുന്നിന്മേൽ ഉടമസ്ഥാവകാശം ഉണ്ടായിരുന്നുവെന്നും കൊച്ചിമെത്രാനാണു് അതു കർമ്മലീത്താ മിഷനറിമാർക്കു ദാനംചെയ്തതെന്നും വാദിക്കുന്നു. സ്വന്തമല്ലാത്ത വസ്തു എങ്ങനെ ഒരാൾ "ദാനം"ചെയ്തു എന്നു മനസ്സിലാക്കാൻ പ്രയാസം!

1886-ൽ പദ്രുവാദോ നിറുത്തൽ ചെയ്ത കാലംമുതൽ ന്യായമായി പരിശുദ്ധ സിംഹാസനത്തിൻേറതായിരുന്ന (കൊടുക്കേണ്ടിയിരുന്ന) ഒരു വസ്തു ഇപ്പോൾ വളരെ "ഔദാര്യപൂർവ്വം" ഒരു ദാനമായി നൽകുവാൻ പോർത്തുഗീസു് ഗവണ്മെൻറിനു് വിരോധമുണ്ടാകയില്ലത്രേ! ഒരാളുടെ വാച്ചു് വേറൊരാൾ കൈവശം വച്ചുകൊണ്ടിരുന്നിട്ടു് കുറെ കഴിയുമ്പോൾ ഉടമസ്ഥനെ സമീപിച്ചു് താങ്കൾക്കു് ഒരു വാച്ചു് സമ്മാനംതരാം എന്നു പറയുമ്പോലെയാണിതു്!

വസ്തു പരി. സിംഹാസനത്തിനു് എഴുതിക്കൊടുക്കുവാൻ ഗോവാ, കൊച്ചി രൂപതാധികാരികളെ അധികാരപ്പെടുത്തിക്കൊണ്ടു് പോർത്തുഗൽ ഗവണ്മെൻറധികാരികൾ ഗോവാ പാത്രിയർക്കീസിനയച്ച ഒരു കത്തു് ഡോ. നടുവത്തുമുറി ഉദ്ധരിച്ചിരിക്കുന്നതിൽ ഇങ്ങനെ കാണുന്നു:

"I have the honour to communicate to Your Excellency that His Excellency, the Minister of Colonies by his despatch of 15 th of the current month has authorised that the land and house where the seminary of the Archbishopric of Cranganore was installed ... be destined for the new Papal Seminary and he empowers Your Excellency and the Bishop of Cochin to regulate the affairs ..."

മംഗലപ്പുഴ വസ്തുവകകഠം പരി. സിംഹാസനത്തിനു് എഴുതിക്കൊടുക്കുന്നതിനു് പോൎത്തുഗൽ ഗവണ്മെൻറു് ഗോവ, കൊച്ചി രൂപതാധികാരികളെ അധികാരപ്പെടുത്തുന്നു (has authorised ... empowers) എന്നു് എഴുത്തിൽ പറഞ്ഞിരിക്കുന്നു. ഒരു പ്യൂണിനെ അധികാരപ്പെടുത്തി (authorise) അയച്ചാൽ മതി ഒരാഠക്കു് തന്റെ പേരിൽ വന്നിട്ടുള്ള ഒരു പാഴ്സൽ ഏറവുവാങ്ങുന്നതിനു്. വസ്തു കൈമാററംചെയ്യുന്നതിനു് ഉടമസ്ഥനെ ആരും അധികാരപ്പെടുത്തേണ്ട ആവശ്യമില്ല. ആകയാൽ ഈ അധികാരപ്പെടുത്തൽമൂലം ലഭിക്കുന്ന "അവകാശ"ത്തിന്റെ സ്വഭാവം വ്യക്തമാണല്ലൊ.

ഇങ്ങനെ പോൎത്തുഗൽരാജാവു് 1886-ൽ പദ്രുവാദോ നിറുത്തലാക്കിയപ്പോഠതന്നെ പ. സിംഹാസനത്തിനു വിട്ടുകൊടുക്കേണ്ടിയിരുന്ന വസ്തു 1929-ൽ വിട്ടുകൊടുത്തപ്പോഠ അതിനെ ഒരു "ദാന"മെന്നു വിശേഷിപ്പിച്ചതു് പന്തിയായില്ലെന്നു പറയേണ്ടതില്ലല്ലോ. കൂടാതെ, കേവലം അനുഭവാവകാശം മാത്രമുള്ള കൊച്ചിമെത്രാൻ അതു കമ്മലീത്താ മിഷനറിമാൎക്കു "ദാനം"ചെയ്തു എന്നു് എങ്ങനെ പറയുവാൻ സാധിക്കും?

ഈ "ദാന"ത്തെക്കുറിച്ചു് ഡോ. നടുവത്തുമുറി തന്റെ ലേഖനത്തിൽ പറയുന്നതു ശ്രവിച്ചാലും: "കെട്ടിടങ്ങളും വസ്തുവകകളും പേപ്പൽ സെമ്മിനാരിക്കായി വിട്ടുകൊടുക്കുന്നതിനു ഗോവാ പാത്രിയൎക്കീസിനും കൊച്ചിമെത്രാനും സമ്മതമാണു്. എത്ര വിശാലവും ഔദാര്യം നിറഞ്ഞതുമായ ആശയങ്ങഠ! യഥാൎത്ഥ പ്രേഷിതാരൂപിയാണിവിടെ പ്രകടമാക്കിയിരിക്കുന്നതു്." വിശദീകരണം ആവശ്യമില്ലല്ലൊ!

ഈ സെപ്റ്റമ്പർ 11-ാം തീയതിയിലെ കേരളാടൈംസിൽ മി. എൻ. ജെ. ജോസഫ് എഴുതിയിരിക്കുന്ന ഒരു ലേഖനത്തിലും പറഞ്ഞിട്ടുണ്ടു് "കൊച്ചി മെത്രാൻ ഡോ. ജോസ് ബെനീറേറാ മാർട്ടിൻ തിരുമേനി തന്റെ കൈവശത്തിലും അധീനത്തിലുമിരുന്ന 44 ഏക്കറോളം വിസ്തീൎണ്ണം വരുന്ന ഹൃദയഹാരിയായ മംഗലപ്പുഴക്കുന്നും അതിന്മേൽ ഉണ്ടായിരുന്ന ചില പഴയ കെട്ടിടങ്ങളും...

മാപ്പാപ്പായ്ക്കു സംഭാവന ചെയ്യുകയാണുണ്ടായതു്'' എന്നു്! എത്രയേറെ പ്രാവശ്യം ആവർത്തിച്ചുറക്കെ പറഞ്ഞാലും നുണ നേരാവുകയോ തെററു് ശരിയാവുകയോ ചെയ്യുകയില്ലല്ലൊ!

## കർമ്മലീത്താ മിഷനറിമാരുടെ അവകാശം

പ. സിംഹാസനത്തിൻെറ പ്രതിനിധിയെന്ന നിലയിൽ മംഗലപ്പുഴ റെക്ടറായിരുന്ന വെ. റവ. ഫാ. ജോൺ ജോസഫ് ഒ. സി. ഡി. വസ്തുവകകൾ തീറുവാങ്ങിയതുകൊണ്ടു് ഇപ്പോൾ അവ പെ. ബ. റെക്ടറച്ചൻേറയും കർമ്മലീത്താ മിഷനറിമാരുടേയും ഉടമസ്ഥാവകാശത്തിലാണെന്നു് ആരും പറയുമെന്നു തോന്നുന്നില്ല. സെമ്മിനാരിയധികാരികൾ കരംകെട്ടി വസ്തു അനുഭവിച്ചുപോരുന്നു എന്നുമാത്രം. ഇതുപോലെ കേവലം കൈവശാവകാശവും അനുഭവാവകാശവും മാത്രം കുറെ വർഷത്തേക്കു് കൊച്ചി മെത്രാനും ഉണ്ടായിരുന്നു എന്നു സമ്മതിക്കാം.

പ. സിംഹാസനത്തിൻെറ അനുവാദംകൂടാതെ വസ്തുവിൻെറ ഏതെങ്കിലും ഭാഗം പാട്ടത്തിനു കൊടുക്കുന്നതിനോ അന്യാധീനപ്പെടുത്തുന്നതിനോ സെമ്മിനാരിയധികൃതക്കു് അവകാശവും അധികാരവും ഇല്ലല്ലോ. ഏതെങ്കിലും കാലത്തു് സെമ്മിനാരി മററാക്കെങ്കിലും ഏല്പിച്ചുകൊടുക്കുവാൻ പ. സിംഹാസനം കർമ്മലീത്താമിഷനറിമാരോടു് ആജ്ഞാപിക്കുന്നു എന്നു വിചാരിക്കുക. അവർ വിട്ടുപോകുമ്പോൾ സെമ്മിനാരിക്കെട്ടിടവും വസ്തുവകകളും ''ദാനം'' ചെയ്തിട്ടു പോകുന്നുവെന്നു പറഞ്ഞാൽ അതു തികച്ചും നിരർത്ഥകമായിരിക്കുമല്ലൊ.

## കൊച്ചി രൂപതയുടെ അനുഭവാവകാശം ന്യായരഹിതമായിരുന്നോ?

1886-ൽ പദ്രുവാദോ നിറുത്തലാക്കിയപ്പോൾ ദാതാക്കളുടെ നിയോഗം എന്തെന്നു വ്യക്തമാക്കിക്കൊണ്ടു് മംഗലപ്പുഴ വസ്തുവകകൾ പ. സിംഹാസനത്തിനു് ഏല്പിച്ചുകൊ

ടുക്കുവാൻ പോത്തുഗൽ രാജാവിനു കടമയുണ്ടായിരുന്നു എന്നു പ്രസ്താവിച്ചുവല്ലോ. ഇങ്ങനെയിരിക്കെ ഈ ആത്മ കാര്യംവസ്തുവിൻെറ നിയോഗം 1929 വരെ നിറവേററാതെ കൈവശം വച്ചുകൊണ്ടിരുന്നതു് ന്യായരഹിതവും ഉത്തരിപ്പുകടം ഉളവാക്കുന്നതുമായിരുന്നില്ലേ?

രാഷ്ട്രീയകെട്ടുപാടുകളിൽ മുഴുകിക്കഴിയുന്ന രാജാക്കന്മാരും മററും വസ്തുക്കൾ വിട്ടുകൊടുക്കുന്നതിനോ ആത്മീയകടമകൾ നിറവേററുന്നതിനോ ശ്രദ്ധിച്ചില്ലെന്നുവരാം. പക്ഷേ മംഗലപ്പുഴവസ്തുവകകളുടെ നിയോഗം പാലിക്കപ്പെടുന്നില്ലെന്നു കണ്ടപ്പോൾ കഴിയുന്നതും വേഗം അതിനു് ഒത്താശകൾ ചെയ്യണമെന്നു് പോത്തുഗീസ്സ് അധികാരികളെ ഓമ്മപ്പെടുത്തുവാൻ, വസ്തു കൈവശംവച്ചു് അനുഭവിച്ചുപോന്ന ഗോവാ-കൊച്ചിരൂപതാധികാരികൾക്കു് കടമയുണ്ടായിരുന്നില്ലേ എന്നു ചിലർ സംശയിച്ചേക്കാം. ഈ വിവരങ്ങൾ അറിയാതെ ഉത്തമബോധ്യത്തിലായിരിക്കാം (bonafide) അവർ കൈവശംവച്ചു് അനുഭവിച്ചുപോന്നതു്. പക്ഷേ 1897-ൽ എറണാകുളം വികാരി അപ്പസ്തോലിക്കാ മാർ ലൂയീസ്സ് പഴേപറമ്പിൽ, ദാതാക്കളുടെ നിയോഗപ്രകാരം വസ്തുവകകൾ വിനിയോഗിക്കപ്പെടുന്നില്ലായെന്നുകണ്ടു് പ. സിംഹാസനത്തിൽ ആവലാതി ബോധിപ്പിക്കുകയും അക്കാര്യം സംബന്ധിച്ചു് ഉടനെ ഗോവാമെത്രാപ്പോലീത്താസ്സു് എഴുതുന്നതാണെന്നു് 1898 Prot. 8402-ാം നമ്പരായി അയച്ച കത്തിൽ പ. സിംഹാസനം മറുപടിനൽകുകയും ചെയ്യുകയുണ്ടായല്ലോ. അങ്ങനെ പ. സിംഹാസനത്തിൽനിന്നു് ഗോവാമെത്രാപ്പോലീത്താസ്സു് ഇക്കാര്യംസംബന്ധിച്ചു് എഴുതിയകാലംമുതൽ മേല്പറഞ്ഞ രണ്ടു രൂപതാധികാരികളും മംഗലപ്പുഴവസ്തുവകകൾ ഉത്തമബോദ്ധ്യത്തോടുകൂടി കൈവശം വച്ചനുഭവിച്ചുപോന്നു എന്നു് വിചാരിപ്പാൻ പ്രയാസം. ദാതാക്കളുടെ നിയോഗപ്രകാരം പ. സിംഹാസനത്തിൻെറ പേരിൽ തങ്ങൾ സെമ്മിനാരി സ്ഥാപിച്ചു നടത്തിക്കൊള്ളാമെന്നു് അവരുടെ പ്രതിനിധികൾ പ. സിംഹാസനത്തിൽ ആവലാതി ബോധിപ്പിച്ച അവസരത്തിലെങ്കിലും വസ്തു

ക്കാം വിട്ടുകൊടുക്കുന്നതിനു പോർത്തുഗൽരാജാവിനെഴുതി വേണ്ട ഒത്താശകാം കൈവശക്കാർ ചെയ്യേണ്ടതായിരുന്നില്ലേ?

ഇതുപോലെ പ്രാധാന്യമർഹിക്കുന്ന ഒരു ആത്മകാര്യംവസ്തുവിൻെറ (Pious Foundation) നിയോഗം മാററുന്നതിനോ ബാദ്ധ്യതകാം കുറവുചെയ്യുന്നതിനോ പ. സിംഹാസനത്തിനു മാത്രമേ അധികാരമുള്ളുവെന്നു് കാനൻനിയമം C. I. C. 1551 പറയുന്നു: ("Reductio onerum quae Pias fundationes gravant uni Sedi Apostolicae reservatur, nisi in tabulis fundationis aliud expresse Caveatur") പ. സിംഹാസനം മംഗലപ്പുഴ ആത്മകാര്യം (Pious Foundation) വസ്തുവിൻെറ നിയോഗം മാററുകയോ ബാധ്യതകാം കുറവുചെയ്യുകയോ ചെയ്തതായി അറിവില്ല. പിന്നെ ഏതധികാരമുപയോഗിച്ചു് 43 വഷത്തോളം മംഗലപ്പുഴ വസ്തുവകകളുടെ നിയോഗം നിറവേററാതെ ഇട്ടുകൊണ്ടിരുന്നു എന്നറിഞ്ഞുകൂടാ.

## തെററായ ധാരണ ഉളവാക്കുന്ന അവകാശവാദം

മംഗലപ്പുഴ വസ്തുവകകാം 1929-ൽ പ. സിംഹാസനത്തിനു ഏല്പിച്ചുകൊടുക്കുന്നതുസംബന്ധിച്ചു് കേവലം അനുഭവാവകാശം മാത്രമുണ്ടായിരുന്ന കൊച്ചീരൂപതാധികാരികാം നടത്തിയ ചില എഴുത്തുകുത്തുകളിൽ മേലധികാരികളെ തെററിദ്ധരിപ്പിക്കുവാൻ പോരുന്ന തരത്തിലുള്ള ചില അവകാശവാദങ്ങാം ഉന്നയിച്ചിരിക്കുന്നതായി കാണുവാൻ സാധിക്കും. 1929 നവംബർ 23-ാംനു- കൊച്ചീമെത്രാൻ തൻെറ അധീനതയിലിരിക്കുന്ന മംഗലപ്പുഴക്കുന്നു് സെമ്മിനാരിക്കായി വിട്ടുകൊടുക്കുവാൻ തയ്യാറാണെന്നുകാണിച്ചു് ഡെലഗാട്ടു് അപ്പസ്തോലിക്കാ ദിവ്യശ്രീ എഡ്വേർഡു് മൂണിക്കു് അയച്ച ഒരു കത്തു് ഡോ.

നടവത്തുമുറി ഉദ്ധരിച്ചിട്ടുണ്ടു്. (1929 ഒക്ടോബർമാസത്തിൽ മംഗലപ്പുഴ വസ്തുവകകൾ പ. സിംഹാസനത്തിനു് എഴുതിക്കൊടുക്കപ്പെട്ടുവെന്നു് തീറാധാരത്തിൽ കാണുന്നു. തീറാധാരം കഴിഞ്ഞു ഒരു മാസത്തിനുശേഷം കൊച്ചിമെത്രാൻ മേല്പറഞ്ഞവിധം ഒരു കത്തെഴുതിയെന്നു് ഡോ. നടവത്തുമുറി ഉദ്ധരിച്ച രേഖകളിൽ കാണുന്നതു വിചിത്രംതന്നെ.) ഡെലഗാദു് അപ്പസ്തോലിക്കായ്ക്കു് എഴുതിയതായി പറയപ്പെടുന്ന 1929 നവംബർ 23-ാം തീയതിയിലെ കത്തിൽ ഇങ്ങനെ കാണുന്നു: "...So I wish to profit by this occasion to acquire a right of sending my Seminarists to this Seminary and for that I offer a large property situated in one of the best places in Alwaye..." തൻെറ രൂപതയിലെ ശെമ്മാശന്മാരെ ആ സെമ്മിനാരിയിലേക്കു് അയയ്ക്കുന്നതിനുള്ള ഒരവകാശം സമ്പാദിക്കുന്നതിനു് താൻ വസ്തു നൽകുന്നു എന്നാണു് പ്രസ്തുത കത്തിൽ പറഞ്ഞിരിക്കുന്നതു്. വസ്തു കൈവശം വച്ചനുഭവിക്കുന്ന ഒരു വ്യക്തിക്കു്, ഉടമസ്ഥൻ പറഞ്ഞിട്ടു് ആ വസ്തു വേറൊരാൾക്കു് ഒഴിഞ്ഞുകൊടുക്കുന്നതിൻെറപേരിൽ തനിക്കായി എന്തെങ്കിലും അവകാശം സമ്പാദിക്കാമോയെന്നു തോന്നുന്നില്ല.

ഏതായാലും പരിശുദ്ധ സിംഹാസനം ഇതുപോലുള്ള കത്തുകൾമൂലം തെററിദ്ധരിപ്പിക്കപ്പെട്ടില്ല എന്നതു ചാരിതാൎത്ഥ്യജനകമാണു്. ദാതാക്കളുടെ നിയോഗപ്രകാരംതന്നെ മംഗലപ്പുഴ വസ്തുവകകൾ വിനിയോഗിക്കത്തക്കവിധം പ. സിംഹാസനം സാവകാശത്തിലും വിവേകപൂൎവ്വവും കാര്യങ്ങൾ തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു.

## അദ്ധ്യായം 8

# പൊന്തിഫിക്കൽ പദവി

1964 ജൂൺമാസത്തിൽ മംഗലപ്പുഴ സെമ്മിനാരിക്കു് പൊന്തിഫിക്കൽപദവി നൽകിക്കൊണ്ടു് പ. സിംഹാസനത്തിൽനിന്നും പുറപ്പെടുവിച്ച ഡിക്രിയിൽ ഇക്കാര്യം സംശയരഹിതമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇന്ത്യയിൽ പരി. സിംഹാസനത്തിൻെറ പ്രതിനിധിയായ ഇൻറർനൺസിയോ മോസ്റ്റ് റവ. ഡോ. റോബർട്ടു് നോക്സ് തിരുമേനിയുടെ അദ്ധ്യക്ഷതയിലും എറണാകുളം മെത്രാപ്പോലീത്താ ഡോ. ജോസഫ് പാറേക്കാട്ടിൽ, വരാപ്പുഴ മെത്രാപ്പോലീത്താ ഡോ. ജോസഫ് അട്ടിപ്പേററി എന്നീ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിലും 1964 ജൂൺ 14-ാംനു- ആലുവാ സെമ്മിനാരിയിൽവച്ചു കൂടിയ മഹായോഗത്തിലാണു് പ്രസ്തുത സെമ്മിനാരിയെ പൊന്തിഫിക്കലാക്കിക്കൊണ്ടുള്ള മാപ്പാപ്പായുടെ കല്പന ഔദ്യോഗികമായി വായിച്ചു പ്രസിദ്ധീകരിച്ചതു്. ലത്തീനിലുള്ള പ്രസ്തുത കല്പനയുടെ ഒരു ഭാഗം താഴെ ചേർക്കുന്നു: "Quapropter hisce Litteris Apostolicis Nostraque auctoritate, certa scientia ac matura deliberatione Nostra, Seminarium majus a Sto. Joseph, quod pro alumnis rituum Chaldaeum-Malabaricum servantibus in urbe Alwaye, intra Ernakulamensis Archdioecesis fines exstat, Pontificium edicimus..." ("എറണാകുളം അതിരൂപതാതിർത്തിയിൽ ആലുവാ നഗരത്തിൽ സ്ഥിതി ചെയ്യുന്നതും മലബാർ-കൽദായറീത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടിയുള്ളതുമായ സെൻറു് ജോസഫ്സ് മേജർ സെമ്മിനാരിയെ... പൊന്തിഫിക്കൽ പദവിയിലേക്കുയർത്തുന്നു..."). (അടിവര മൂലരേഖയിലില്ല.)

## അവകാശത്തിനു സ്ഥാനമില്ല

ആധാരത്തിൽ ദാതാക്കാം "മേലാൽ യാതൊരു ചോദ്യവും ഇല്ലാത്തവണ്ണം എഴുതിത്തരുന്നു" എന്നു പറഞ്ഞിട്ടുണ്ടല്ലോ. പിന്നെ എന്തിനു് ഇപ്പോാം ദാതാക്കളുടെ പിൻഗാമികാം അവകാശവാദം ഉന്നയിക്കുന്നു എന്നു ചിലർ ചോദിച്ചേക്കാം. ശരിയാണു്, സാധാരണ രീതിയിൽ ഒരു വസ്തു തീറെഴുതിയാൽ പിന്നെ അതിൻെറ പേരിൽ യാതൊരു അവകാശവാദവും ഉന്നയിച്ചിട്ടു കാര്യമില്ല. എന്നാൽ ഇതു് ഒരു ആത്മകാര്യം വാസ്തുവാണെന്നു ധരിക്കണം. മംഗലപ്പുഴ വസ്തുവകകാം വിട്ടുതരണമെന്നു് ആരും വാദിച്ചില്ല; വാദിച്ചാൽ അതിനർത്ഥവുമില്ല. ആത്മകാര്യം വസ്തുവിൻെറ നിയോഗം നിറവേററപ്പെടുന്നില്ലെങ്കിൽ അതുസംബന്ധിച്ചു് മേലധികാരികളുടെ മുമ്പാകെ ആവലാതി ബോധിപ്പിക്കാനെങ്കിലും ദാതാക്കാംക്കു് അവകാശമില്ലെന്നോ? സഭാധികാരികളെ വിശ്വസിച്ചാണു് വിശ്വാസികാം, നിത്യകുർബാനയ്ക്കും, വൈദികവിദ്യാർത്ഥികളുടെ പഠനത്തിനും മററുമായി വസ്തുക്കളോ പണമോ ഏല്പിക്കുന്നതു്. മരിച്ചുപോയ തങ്ങളുടെ മാതാപിതാക്കാംക്കുവേണ്ടി ആണ്ടുതോറും ഇത്ര കുർബാന ചൊല്ലണമെന്ന നിയോഗത്തിലോ, തങ്ങളുടെ ഇടവകയിൽനിന്നോ കുടുംബത്തിൽനിന്നോ വൈദികവിദ്യാഭ്യാസത്തിനു പോകുന്നവരുടെ പഠനച്ചെലവിലേയ്ക്കുന്ന നിയോഗത്തിലോ വസ്തുക്കാം ഏല്പിച്ചെന്നുവരാം. ഈ നിയോഗം മാററാതെ ആ കടമകാം നിറവേററുവാൻ ആത്മീയാധികാരികാംക്കു കടമയുണ്ടു്. ഒരു ആത്മകാര്യം വസ്തുവിൻെറ നിയോഗം നിറവേററപ്പെടുന്നില്ല എന്നു കണ്ടാൽ, എങ്ങനെ ഭാവിയിൽ വിശ്വാസികാം ആത്മകാര്യം വസ്തുക്കാം ഏല്പിക്കുവാൻ സന്നദ്ധരാകും?

മംഗലപ്പുഴ വസ്തുക്കളുടെ നിയോഗം നിറവേററപ്പെടുന്നില്ലെന്നു കണ്ടപ്പോാം ദാതാക്കളുടെ പ്രതിനിധികാം പരി. സിംഹാസനത്തിൽ സങ്കടം ബോധിപ്പിച്ചു. പ. സിംഹാസനം ഇടപെട്ടു്, ദാതാക്കളുടെ നിയോഗം പൂൎണ്ണ

മായി മാനിച്ചുകൊണ്ടുള്ള ഒരു തീരുമാനം ചെയ്യുകയും ചെയ്തു.

മുമ്പു നടന്നിരുന്ന അവകാശവാദങ്ങൾ എന്തൊക്കെയായിരുന്നാലും, ഇക്കാര്യത്തിൽ അന്തിമതീരുമാനം ചെയ്യാൻ അവകാശവും അധികാരവുമുള്ള പരിശുദ്ധ സിംഹാസനം എല്ലാ വാദങ്ങളും കണക്കിലെടുത്തുകൊണ്ടു് ഏററവും ഒടുവിൽ പുറപ്പെടുവിച്ചിട്ടുള്ള കല്പനയിൽ തിരുസിംഹാസനത്തിൻെറ ആശയം വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ഇനിയും ഇതേപ്പററി അന്യഥാ അവകാശവാദങ്ങളും പ്രചരണങ്ങളും നടത്തുന്നതു് നിരർത്ഥകവും യുക്തിരഹിതവുമാണു്. പ. സിംഹാസനത്തോടുള്ള വിധേയത്വത്തിൻെറയും ബഹുമാനത്തിൻെറയും കുറവായും അതു് എണ്ണിക്കൂടായ്കയില്ല.

---

# APPENDIX – III

## PAPAL BRIEF *

## PROCLAIMING ST. JOSEPH'S APOSTOLIC SEMINARY, MANGALAPUZHA, AS PONTIFICAL SEMINARY

## PAULUS PAPA VI

Ad Perpetuam rei Memoriam

Quae semper adulescentibus in sortem Domini vocatis eorumqe liberali et sacrae institutioni provida consuluti, Mater Ecclesia post editum ab Oecumenica Tridentina Synodo decrtum illud de seminariis condendis accuratiorem sane diligentiam studiumque singularius hisce in domibus adhibuit, id monens suadensque ut in omnibus catholici orbis dioecesibus exsurgerent. Nequevero in tanta re efficienda praetrmisit, quominus pro fidelium locorumque condicione peculiares rationes legesque serverentur. Hinc est cur in Malabaria, quae Indica regio, civili quidem cultu admodum insigniz, florentissima quoque christianorum communitatis ritum Chaldaeum servantium antiquitus sedes erat, jam inde a saeculo XVII sodales carmelitae, missionali ibidem operi cum vacarent, sacram aperuerint domum juvenibus ejusdem regionis excipiendis Mens quidem illis fuit, ut proprie

---

* The Brief was published in a solemn gathering of the Professors and Students of St. Joseph's Apostolic Seminary, Mangalapuzha and Carmel Giri, presided over by His Excellency Most Rev. Dr. Robert James Knox, Apostolic Internuncio, for India. His Grace the Most Rev. Dr. Joseph Parecattil Archbishop of Ernakulam, and His Grace the Most Rev. Dr. Joseph Attippetty, Archbishop of Verapoly, attended the function, on 14th June 1964.

clero Malabarensi idem institutum pateret atque nessitatibus Christifidelium ritu illo utentium pares educeret sacrorum adminstros. Crevitque inceptum divina favente benignitate auctusque feliciter sacerdotii candidatorum numerus, ita ut a sacro consilio fidei Propagandae praeposito Seminarium Apostolicum educeretur ac Pontificiae huic sedi proxime subjiceretur. Quodsi alio tempore alio ejus sedes transmigravit, nostra aetate in urbe Alwaye amplissimae exstructae sunt aedes, quas ipso saeculo post humanam Redemptionem undevicessimo apostolicus in India Delegatus sollemni ceremonia dedicavit. Aliquot autem post annos alterius aedificii ibidem condendi est initum consilium, quo satius alumnis philosophiam discentibus prospiceretur: quod quidem pari successu est perfectum, ita ut hodie septingenti omnino juvenes duabus domibus recipi possint. Nuperrime vero quae est auctoritas ac diligentia studiorum qui inibi exercentur, domicilium illud quadam quasi adoptione cum Pontificia Laterenensi Studiorum Universitate est sociatum atque etam "Baccalaureatus", ut aiunt, titulum deferendi utitur jure. Quae omnia animadvertens cupiensque opus tam egregium honestissimo beneficio exornare. et Patrianae Sedi vel arctius de-vinci re. Dilectus filius Noster Gustavus S. R. E. Presb Card. Testa, titulo S Hieronimi Illyricorum Sacri consilii Ecclesiae Orientali praepositi secretarius, nomine quoque totuis Malabarensis cleri, Nos rogavit ut iis-dem aedibus nomen Pontificii Seminarii benigne tribueremus. Nos autem, qui Malabarensem populum praecipua complectimur caritate ac fore confidimus ut aedem domus, uberrima praebent pietatis doctrinaeque suis semper alumnis subsidia, laetiorbus auctibus amplificetur, voto hujusmodi libenti animo statuimus obsecumdare. Quapropter hisce Litteris Apostolicis Nostraque auctori-

tate, certa scientia ac matura deliberatione Nostra, Seminarium Majus a Sancto Joseph, quod pro alumnis ritum Chaldaeum-Malabaricum servantibs in urbe Alwaye, intra Ernakulamensis Archirdiocesis fines, exstat, Pontificium edicimus idemque omnibus honoribus et privilegiis quae hujusmodi titulo respondent, afficimus et augemus. Contrariis quibusvis nihil obstantibus. Haec edicimus, statuimus, decernentes praesentes Litteras firmas, validas, atque efficaces jugiter exstare ac permanere; suosque plenos atque integros effectus sortiri et obtinere; illisque ad quos spectant seu spectare poterunt, nunc et in posterum plenissime suffragari sicque rite judicandum esse ac definiendum; irritumque ex nunc et inane fieri, si quidquam secus, super his a quovis, auctoritate qualibet, scienter sive ignoranter attentari contigerit. Datum Romae, apud Sanctum Petrum, sub anulo Piscatoris, die. XVII mensis Martii, anno MCML XIV, Pontificatus Nostri primo.

H. J. Card Cicognani
a publicis Ecclesia negotiis.

# APPENDIX — IV

(പൗരസ്ത്യതിരുസംഘത്തിൽനിന്നു് ''പൗരസ്ത്യ സഭാവാർത്തകൾ'' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ബുള്ളറ്റിനിൽ മംഗലപ്പുഴ സെമ്മിനാരി പൊന്തിഫിക്കൽ ആക്കിയതു് സംബന്ധിച്ച് കൊടുത്തിരിക്കുന്ന വിവരങ്ങൾ.)

## II. Seminario Apostolico di S. Giuseppe ad Alwaye estato dichiarato "Pontificio"

Col Breve "Quae semper" del 17 marzo 1964, il Santo Padre Si e degnato conferire il titolo di Pontificio al Seminario Maggiore di S. Giuseppe Per gli alunni di rito Malabarese, nella citta di Alwaye dell, arcidiocesi di Ernakulam nel Kerala (India).

Dopo aver accenato agli inizi lontani e allo svilluppo nelle tappe piu significative dell, Istituto, il Breve cosi si esprime:

"Quae omnia animadvertens cupiensque opus tamegragium honestissimo beneficio expornare et Petrianae Sedi vel arctius devincire, dilectus Filius Noster Custavus S. R. E. Presbyter Cardinalis Testa, titulo S. Hieronymi Illyricorum, Sacri Consilii Ecclesiae Orientali Praepositi secretarius, nomine quoque totuis Malabarensis cleri, Nos rogavit, ut iisdem aedibus nomen Pontificic Seminarii tribueremus."

"Nos autem - Proseque il documento–qui Malabarensem populum praecipua complectimur caritate ac fore confidimus, ut eadem domus, uberrima praebens pietatis doctrinaeque suis semper alumnis subsidia, laetioribus auctis amplificetur ... Seminarium Maius a Sancto Ioseph, . . . Pontificium edicimus."

Ed ecco, in breve, la storia del Seminario dai primordi ad oggi:

L' educazione del clero Malabarese di rito caldeo rimase poco piu che domestica fino alla seconda meta

del secolo XIX. Da una relazione della S. Congregazione de Propaganda Fide del 30 gennaio 1854 si rileva che esistevano allora 14 scuole ecclesiastiche, dirette ciascuna da un solo "malpan" o professore: l ' educazione era Pressoche esclusivamente liturgica, datala mancanza di altri maestri.

Per ovviare a questo inconveniente i Carmelitiani avevano traditto in malayalm, - la lingua Parlata dai 14 milioni di abitant dello Stato del Kerala - , la teologia morale del P. Gury a qualche altro manuale di dommatica.

E' Pero da notare che i primi Missionari Carmelitani gia avevano iniziato, circa l ' anno 1675, un Seminario per tutto il clero del Malabar. Stabilito dapprima a Verapoly, fu trasferito nel 1866 a puthenpally, nello Stato di Travancore, ed i Chierici di rito caldeo cominciarono a frequentarlo Fu dichiarato "apostolico" ed immediatamente soggetto alla S. Sede, con decreto della S. Congregazione de Propaganda Fide del 1890.

Il Seminario apostolico di S. Giuseppe di Puthenpally aveva una capacita massima di 140 alunni. Mapoiche il loro numero era in sempre maggiore sviluppo. nel 1929 gli alunni di retorica e del primo anno di filosofia furono inviati a MAGNAMEY VILLA e frattanto si cercava un luogo conveniente per la construzione di un seminario adatto.

Un vecchio possedimento portoghese ad ALWAYE, detto "Monte formoso", in malayalam "Mangalapnzha", fu comprato a tal fine, ed il 1 febbraio 1930 vi fu posta la prima pietra del nuovo seminario che comincio a funzionare dal 1 guigno 1932, e fu inaugurato solennemente dal Delegato Apostolico in India, S E. Mons. Leone Kierkels, il 28 gennaio 1933

Aveva la capacita di 400 alunni: ma dopo un ventennio non bastava piu. Fu decisa percio la construzione, sempre nella medesima localita, di un nuovo edificio che accogliesse i soli corsi filosofici; e di esso benedisse la pietra, nel 1953, l ' Em· mo Cardinale Tisserant, in visita alla comunita caldeomalabarese.

Questo nuovo edificio fu inaugurato nel 1955.

Nel frattempo anche il seminario per gli studenti di teologia veniva ampliato: cosicche oggi i due edifici accolgono complessivamente 700 alunni, che - cosa singolare - arrivano tutti alla meta. E' una delle prove della straordinaria vitalita spirituale de qella terra generosa.

La direzione del Seminario a affidata ai Carmelitani Scalzi della provincia di Navarra, che lo assolvono col piu grande zelo ed impegno; ma fanno parte del corpo insegnante anche sacerdoti del clero diocesano malabarese.

Dal 1959 il Seminario a affiliato alla Pontificia Universita Lateranense di Roma, a puo dare il grado del "baccalaureato".

L' Ecc. mo Internunzio Apostolico, Mons. Giacomo Roberto Knox, ha voluto solennizzare con la sua presenza la cerimonia della proclamazione del titolo di Pontificio.

La domenica 14 guigno, il Rappresentante Pontificio giungeva al Seminario di Alwaye recando il Breve Apostolico. Erano ad attenderlo, con il Rettore P. Michelangelo, gli Arcivescovi di Ernakulam e di Veraply, l'interno corpo insegnante a tutti i Seminaristi.

Dopo la S. Messa, celebrata dall' Internunzio, il P. Michelangelo dava letura del Breve a quindi l'Ecc. mo Mons. Knox dichiarava ufficialmente Pontificio il Seminario e, dopo aver rivolto un devoto indirizzo di gratitudine al Santo Padre per il privilegio concesso al Seminario, ne illustrava il valore e il significato. Infine benediceva i nuovi locali della Biblioteca.

Il titolo di Pontificio saggella cosi lo sviluppo felice e costante di un Seminario tra i piu fiorenti e caratteristici, vera gemma della Chiesa Malabarese.


(Report from "SERVIZIO INFORMAZIONI CHIESA ORIENTALE", Rome N. 280 (A. XIX, n. 5-6), 30 Giugno 1964.)

## അദ്ധ്യായം 9

# വടവാതൂർ സെമ്മിനാരി

വൈദികാന്തസ്സിലേയ്ക്കും സന്ന്യാസാന്തസ്സിലേയ്ക്കുമുള്ള ദൈവവിളികളെ സംബന്ധിച്ചിടത്തോളം കേരളം സ്തുത്യർഹമായ ഒരു നിലവാരം പുലത്തുന്നുണ്ട്. മററു പല ക്രൈസ്തവ രാജ്യങ്ങളിലെയും ആനുപാതികമായ സ്ഥിതിവിവരക്കണക്കുകളുമായി തട്ടിച്ചു നോക്കുമ്പോഠ ഈ വിഷയത്തിൽ കേവലം 20 ശതമാനംമാത്രം കത്തോലിക്കരുള്ള കേരളം മുൻപന്തിയിൽത്തന്നെ നിൽക്കുന്നുവെന്നു കാണാം. കേരളത്തിലെ പുരാതന ക്രൈസ്തവകുടുംബങ്ങളുടെ പാവനാന്തരീക്ഷത്തിൽ ദൈവവിളികഠ ധാരാളം മൊട്ടിട്ടു വികസിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ. ഇങ്ങനെ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദൈവവിളികഠ നഷ്ടമാക്കിക്കളയാതിരിക്കുവാൻ സഭാധികാരികഠ ജാഗ്രതയോടെ വത്തിക്കുന്നു. മംഗലപ്പുഴയോടനുബന്ധിച്ച് ബ്രഹ്മാണ്ഡമായ കാമ്മൽഗിരി ബ്ളോക്കു നിമ്മിച്ചിട്ടുപോലും യോഗ്യരായ വൈദികാത്ഥികളെ മുഴുവൻ സ്വീകരിച്ച് പരിശീലിപ്പിക്കുന്നതിനു് അനുമതിയാകാതെവന്നു. ആകയാൽ മറെറാരു സെമ്മിനാരി ആവശ്യകമായിത്തീൻ്നു.

കോട്ടയം പട്ടണത്തിനു് നാലുമൈൽ കിഴക്കു് ഏകാന്തരമണീയമായ വടവാതൂർകുന്നിൽ ഇന്നു് തലയുയർത്തി നിൽക്കുന്ന മനോജ്ഞമായ സെൻറു് തോമസ്സ് അപ്പസ്തോലിക്കു സെമ്മിനാരി സഭാധികാരികളുടെ ദീർഘവീക്ഷണത്തിൻെറ നിതാന്തസ്മാരകമാണു്. ഈ സെമ്മിനാരി സ്ഥാപനത്തിനായുള്ള നടപടികഠ 1958–ൽ ആരംഭിച്ചതാണു്. റോമ്മിലെ പൗരസ്ത്യതിരുസ്സംഘത്തിൻെറ ഉദാരമായ സഹായത്തോടുകൂടി 22 ഏക്കറോളം സ്ഥലം സെമ്മിനാരിക്കായി വാങ്ങിച്ചു. 1961–ൽ കെട്ടിടം പണിയാ



അപ്പസ്തോലിക സെമ്മിനാരി – വടവാതൂർ, കോട്ടയം.

രംഭിച്ചു. 1962 ജൂലൈ 3-ാം തീയതി, സെമ്മിനാരിയുടെ മദ്ധ്യസ്ഥനായ വി. തോമ്മാശ്ശീഹായുടെ ദുക്റാനത്തിരുനാരംദിനം, ഈ മഹൽസ്ഥാപനം ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. സീറോ-മലബാർ ഹൈരാക്കിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ഈ സെമ്മിനാരി നടത്തപ്പെടുന്നതു്. മൂന്നു മെത്രാന്മാരടങ്ങിയ ഒരു കമ്മിററിയാണ് ഇതിൻെറ ഭരണസമിതി.

കേരളത്തിലെ ത്രിവിധ റീത്തുകളിൽപ്പെട്ട വൈദികവിദ്യാൎത്ഥികരംക്ക് ഇവിടെ പരിശീലനം നൽകുന്നതാണ്. പ്രതിവൎഷം 50-ൽപരം വിദ്യാൎത്ഥികളെ സ്വീകരിക്കുന്നതിനുള്ള സജ്ജീകരണങ്ങരം ചെയ്തുകഴിഞ്ഞു. അങ്ങനെ 7 വൎഷത്തെ പഠനം നടത്തുന്നവരായ 350-ൽപരം ശെമ്മാശ്ശന്മാരെ ഇവിടെ പരിശീലിപ്പിക്കാൻ കഴിയും. 20-ഓളം പ്രൊഫസറന്മാൎക്കു താമസിക്കുന്നതിനു് സെമ്മിനാരിക്കെട്ടിടത്തിൽത്തന്നെ പ്രത്യേക ക്വാർട്ടേഴ്സ് ഉണ്ടു്. 250 വൈദികവിദ്യാൎത്ഥികളും 18 പ്രൊഫസറന്മാരുമാണ് ഇന്നു സെമ്മിനാരിയിലുള്ളതു്. 1965 ജൂൺമാസത്തിൽ ദൈവശാസ്ത്ര കോഴ്സ് ആരംഭിച്ചു. ആദ്യബാച്ചു വിദ്യാൎത്ഥികരം 1968 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിക്കുന്നതാണ്.

കെട്ടിടംപണി മിക്കവാറും പൂൎത്തിയായി. ലളിതവും എന്നാൽ ബലിഷ്ഠവും സൗകര്യപ്രദവുമായ രീതിയിലാണ് ഓരോ ബ്ളോക്കും പണുതുയൎത്തിയിരിക്കുന്നതു്.

## ഉദ്ഘാടനം

സെമ്മിനാരിയുടെ ഔപചാരികോദ്ഘാടനത്തിനു് ചാപ്പലിൻെറയും ഓഡിറേറാറിയത്തിൻെറയുംകൂടി പണി പൂൎത്തിയാകുവാൻ ബന്ധപ്പെട്ടവർ കാത്തിരിക്കയായിരുന്നു. ഇവയുടേയും പണികരം പൂൎത്തിയായപ്പോഴാണ് പൗരസ്ത്യതിരുസ്സംഘത്തിൻെറ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാരം മാക്സിമില്യൻ ഡി ഫുർഷെട്ടൻബർഗ്, മാപ്പാപ്പായുടെ പ്രത്യേകാജ്ഞപ്രകാരം സെമ്മിനാരി ഉദ്ഘാടനത്തിനായി കേരളത്തിലെത്തിയതു്. 1968 ഫെ

ബ്രുവരി 25-ാം തീയതി തിരുമേനി സെമ്മിനാരിയുടെ ഔപചാരികോദ്ഘാടനം നിർവ്വഹിച്ചു. ഇൻഡ്യയിലെ പേപ്പൽ പ്രതിനിധി മോൺ. കാപ്രിയോ, വിവിധ ക്രൈസ്തവവിഭാഗങ്ങളിൽപ്പെട്ട വൈദികമേലദ്ധ്യക്ഷന്മാർ, സമുദായ പ്രമാണികൾ എന്നിങ്ങനെ അനേകം പ്രമുഖ വ്യക്തികൾ ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു.

## സ്റ്റാഫ്

കേരളത്തിലെ വിവിധ രൂപതകളിൽനിന്നുള്ള ഇടവക വൈദികന്മാരാണ് ഈ സെമ്മിനാരി നടത്തുന്നത്. റോം, ജർമ്മനി, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം നടത്തി ഡോക്ടറേറ്റും മററു ബിരുദങ്ങളും നേടിയിട്ടുള്ളവരാണ് പ്രൊഫസറന്മാരിൽ ബൃഹദ്ഭൂരിപക്ഷവും. ഈശോസഭ, ഒ. ഐ. സി. മുതലായ സന്യാസ സഭകളിൽപ്പെട്ട വൈദികരും പ്രൊഫസറന്മാരായി സേവനമനുഷ്ഠിക്കുന്നുണ്ട്. സെമ്മിനാരി റെക്ടർ റൈററ് റവ. മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ അവർകളുടെ പ്രഗത്ഭമായ നേതൃത്വത്തിൽ, കായികവും മാനസികവും ബൗദ്ധികവും ആദ്ധ്യാത്മികവുമായ കാര്യങ്ങളിൽ വിദഗ്ദ്ധമായ ഒരു പരിശീലനമാണ് വൈദികാർത്ഥികൾക്ക നല്കിവരുന്നത്.

## പ്രതീക്ഷകളുടെ ചവിട്ടുപടി.

16-ാം നൂററാണ്ടുവരെ കേരളത്തിലെ വൈദിക വിദ്യാർത്ഥികളുടെ പരിശീലനം മുഴുവനായും കേരളസഭാ വൈദികർതന്നെയാണ് നടത്തിപ്പോന്നത്. എന്നാൽ വിദേശികളുടെ ആഗമനം നിമിത്തം പുരാതനമായ മലബാർ സഭയ്ക്ക സ്വന്ത റീത്തുകാരും സ്വദേശികളുമായ മെത്രാന്മാരെ ലഭിക്കാതെ പോയതുപോലെ തന്നെ, മലബാർ സഭയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനവും കഴിഞ്ഞ മൂന്നു നൂററാണ്ടു കാലത്തേയ്ക്കു് മിക്കവാറും വിദേ

ശികളുടെ നിയന്ത്രണത്തിലായിരുന്നുവെന്നു പറയാം. 19 നൂററാണ്ടുകാലത്തെ പഴക്കമുള്ള ഒരു പുരാതന ക്രൈസ്തവസമൂഹത്തിനു് സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തി ഇല്ലാഞ്ഞിട്ടല്ല. വടവാതൂർ സെമ്മിനാരി തുടങ്ങാൻ പ്ളാനിട്ടപ്പോഠം, അതിൻെറ ഭരണം വിദേശികഠംക്കോ സ്വദേശികഠംക്കോ വിട്ടുകൊടുക്കേണ്ടതെന്ന പ്രശ്നം ആവിർഭവിച്ചു. ഏതായാലും, ഓരോ രാജ്യത്തെയും ക്രിസ്തീയ സമൂഹങ്ങളെ കഴിയുന്നത്ര സ്വയം പര്യാപ്തമാക്കുവാൻ കാലോചിതമായി വേണ്ട നടപടികഠം നടത്തിക്കൊണ്ടിരിക്കുന്ന തിരുസ്സിംഹാസനം, അപ്പസ്തോലിക പാരമ്പര്യമുള്ള മലബാർസഭ, പാരംപരാധീനയായിക്കഴിയുന്നതു കണ്ടുകൊണ്ടു്, ഈ പുരാതനസഭയ്ക്കു പണ്ടുണ്ടായിരുന്ന സ്വയം പര്യാപ്തതയിലേക്കു അതിനെ പുനരാനയിക്കുവാനെന്നോണം, വടവാതൂർ സെമ്മിനാരിയുടെ നടത്തിപ്പു്, തദ്ദേശവൈദികരെ ഏല്പിച്ചിരിക്കയാണു്. ആർഷഭാരതമണ്ണിൽ കിളിർത്തു്, ഭാരതസംസ്കാരത്തോടു് അലിഞ്ഞുചേർന്നു പുലരുന്ന ഒരു ക്രൈസ്തവ സമൂഹത്തിനാണല്ലോ ഭാരതമക്കളെ ക്രിസ്തുവിങ്കലേക്കാനയിക്കുവാൻ എളുപ്പം കഴിയുക. ഈ വസ്തുത മനസ്സിലാക്കി തിരുസിംഹാസനത്തിൽനിന്നും പ്രത്യേക മിഷ്യൻ കേന്ദ്രങ്ങളും മലബാർസഭയെ ഭരമേല്പിച്ചിരിക്കയാണു്. ഇനിയും വേദപ്രചാരമണ്ഡലത്തിലും, സെമ്മിനാരിമണ്ഡലത്തിലും മലബാർസഭയെ സംബന്ധിച്ചിടത്തോളം ആർഷഭാരതത്തിൻെറ ഉപരിമേന്മയെ ലാക്കാക്കി, പുരോഗമനാത്മകമായ പല പന്ഥാവുകളും തിരുസിംഹാസനം വെട്ടിത്തുറന്നു തരുമെന്നു് പ്രത്യാശിക്കാം.

# അദ്ധ്യായം 10

## ധമ്മാരാംകോളേജ്

ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസസഭയായി 19-ാം നൂററാണ്ടിൻെറ മധ്യത്തിൽ കേരളത്തിൽ ജന്മംകൊണ്ടതാണ് സി. എം. ഐ. (Carmelites of Mary Immaculate) കോൺഗ്രിഗേഷൻ. ഈ സഭയുടെ ബഹുമുഖ പ്രവത്തനമണ്ഡലങ്ങരം-പ്രേഷിതപ്രവത്തനം, യുവജനവിദ്യാഭ്യാസം, പത്രപ്രവത്തനം, സാമൂഹ്യസേവനപ്രവത്തനങ്ങരം മുതലായവ-നൂറുകണക്കിനു് യുവത്തിടമ്പുകളെ ആകഷിക്കാൻ തുടങ്ങിയപ്പോരം സഭയ്ക്കു് സ്വകീയമായൊരു വൈദിക വിദ്യാമന്ദിരം (സെമ്മിനാരി) അനിർവാര്യമായി ഭവിച്ചു. പക്ഷേ ആ ചിരന്തനാഭിലാഷം സാക്ഷാത്ക്കരിക്കപ്പെട്ടതു് 1950-നു ശേഷം ബാങ്ളൂർ ധമ്മാരാംകോളേജ് രൂപംപ്രാപിച്ചപ്പോരം മാത്രമാണു്. നൂറു വഷത്തിലേറെ കേരളസഭയിൽ നിസ്തന്ദ്ര സേവനമനുഷ്ഠിച്ച സി. എം. ഐ. സഭയുടെ രണ്ടാം വസന്തത്തിൽ കരുത്ത മലർവാടിയാണു് ധമ്മാരാം. തികച്ചും ഭാരതീയത്വം പ്രദ്യോതിപ്പിക്കുന്ന ഈ സുകൃതോദ്യാനം (Dharma+arama) മൊട്ടിട്ടു വികസിച്ചിരിക്കുന്നതു് കേരളത്തിനു വെളിയിലാണെന്നതാനും. ബാങ്ളൂർ നഗരത്തിനു് മൂന്നു മൈൽ തെക്കുമാറി ധമ്മാരാം സ്ഥിതിചെയ്യുന്നു. സെൻറു് ജോൺസു് മെഡിക്കൽകോളേജ് ഇതിനു സമീപമാണു്. 400 വിദ്യാത്ഥികരംക്കുവേണ്ട സൗകര്യങ്ങളാണു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

### പ്രാരംഭം.

1953 ഡിസംബർ 8-നു് അത്യുന്നത കർദ്ദിനാരം ടിസ്സുരാങ്ങു് തിരുമേനി ധമ്മാരാമിൻെറ അസ്ഥിവാരശില

ആശീർവ്വദിക്കുകയും 1955 ജൂലൈ 16-ന് ബാങ്ക്ളൂർ മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ്സ് പോത്തക്കാമുറി ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഏതാണ്ടൊരു പൗരസ്ത്യമാതൃകയിലാണ് ധർമ്മാരാം പ്ലാൻ ചെയ്തിരിക്കുന്നത്. 1957 ജൂൺ മുതൽ 87 വിദ്യാർത്ഥികളോടെ കോഴ്സ് ആരംഭിക്കുകയും ചെയ്തു. എങ്കിലും ഔപചാരികോദ്ഘാടനം പിന്നീട് 1958 ഫെബ്രുവരി 23-ന് അപ്പസ്തോലിക്ക് ഇൻറർനൺഷ്യോ നോക്സ് തിരുമേനി നിർവ്വഹിച്ചു. ഇപ്പോൾ സ്റ്റുഡൻസ് ബ്ളോക്കുകൾ, ഓഡിറേറാറിയം, ലൈബ്രറി, ക്ലാസ്സ് റൂമുകൾ തുടങ്ങിയവ പൂർത്തിയായിട്ടുണ്ട്. ധർമ്മാരാമിനെ തിലകം ചാർത്തുന്ന ചാപ്പലും മററും അനതിവിദൂരഭാവിയിൽ രൂപംകൊള്ളുമെന്നു് പ്രത്യാശിക്കുന്നു.

## കോഴ്സ്

തത്വശാസ്ത്ര-ദൈവശാസ്ത്ര-കോഴ്സുകൾക്കായി ഏഴു വർഷത്തെ കോഴ്സാണ് ധർമ്മാരാമിലുള്ളത്. തത്വശാസ്ത്ര കോഴ്സ് ആരംഭിക്കുന്നതിനു മുമ്പോ അതു കഴിഞ്ഞിട്ടോ, കോളേജ് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ നിർദ്ദേശപ്രകാരം പാഠ്യപദ്ധതിയിലും മററും പുത്തൻ സമീപന രീതികൾ ആവിഷ്ക്കരിക്കുന്നതിന് ഉററു ശ്രമിക്കുന്നു. ഇതിനകം ധർമ്മാരാമിൽ റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയുടെ അംഗീകാരത്തോടെ ബി. ഡി. ബിരുദ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. അടുത്തുതന്നെ എൽ. ഡി., എൽ. പി. എച്ച്. ബിരുദങ്ങൾ നല്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു

## സ്റ്റാഫ്

ബൈബിൾ, കാനൻനിയമം, തിരുസ്സഭാചരിത്രം, തത്വശാസ്ത്രം, ദൈവശാസ്ത്രം, പൗരസ്ത്യശാസ്ത്രങ്ങൾ തുട

ങ്ങിയവയിൽ ഉപരിപഠനവും ഡോക്ടറേററുബിരുദവുമുള്ള ഇരുപത്തഞ്ചോളം പ്രൊഫസറന്മാർ സ്റ്റാഫിലുണ്ട്. റോം, ല്വവയിൻ, അമേരിക്ക, ജർമ്മനി മുതലായ രാജ്യങ്ങളിൽ ധർമ്മാരാമിനുവേണ്ടി ഉപരിപഠനം നടത്തുന്നവരുമുണ്ട്

## ഗ്രന്ഥാലയം

ലൈബ്രറി, ലാബ്രട്ടറി, മ്യൂസിയം തുടങ്ങിയ ജ്ഞാനസമ്പാദനോപാധികൾ ധർമ്മാരാമിൽ വേണ്ടത്ര പ്രാധാന്യം നേടിയിട്ടുണ്ട്. മൂന്നു നിലകളിലായി ഉയർന്നുനില്ക്കുന്ന ഗ്രന്ഥാലയത്തിൽ സൗകര്യപ്രദമായ സജ്ജീകരണസംവിധാനങ്ങളാണുള്ളതു്. രണ്ടു ലക്ഷത്തിലധികം പുസ്തകങ്ങൾ സംഭരിക്കാനാവും ലൈബ്രറിക്കെട്ടിടത്തിൽ. മാസികകളും വാരികകളുമായി 215-ൽ പരം പ്രസിദ്ധീകരണങ്ങൾ ഇപ്പോൾ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വരുത്തുന്നുണ്ട്. ഇതിനകം ഇരുപതിനായിരത്തിലേറെ ഗ്രന്ഥങ്ങൾ ശേഖരിച്ചുകഴിഞ്ഞു.

## ഭാവി

"ഈശഭക്തി പരം ജ്ഞാനം"- ഇതാണു് ധർമ്മാരാമിന്റെ മുദ്രാവാക്യം. ഈ മഹൽസ്ഥാപനത്തിന്റെ ലക്ഷ്യം ഈ വാക്യം വ്യക്തമാക്കുന്നുണ്ട്. ദൈവവിളികൾ വർദ്ധിച്ചുവരുന്ന കേരള ക്രിസ്തീയസമൂഹത്തിൽനിന്നു് പ്രാപ്തരായ യുവാക്കളെ തെരഞ്ഞെടുത്തു് പരിശീലിപ്പിച്ചു് സന്യാസികളും മിഷനറിമാരും ആക്കിത്തീർക്കുവാൻ ധർമ്മാരാം ത്യാഗോജ്ജ്വലമായ ഒരു സേവനപന്ഥാവു് വെട്ടിത്തുറന്നുകഴിഞ്ഞിരിക്കുന്നു.

## അദ്ധ്യായം 11

# ഇടക്കാല സെമ്മിനാരികളും വൈദികാത്ഥി പഠനഗൃഹങ്ങളും

കേരളത്തിൽ ഇതഃപര്യന്തം ഉണ്ടായിട്ടുള്ള വൻകിട മേജർ സെമ്മിനാരികളെ സംബന്ധിച്ച് പ്രാമാണിക രേഖകളുടെ വെളിച്ചത്തിൽ ചരിത്രം രചിക്കുകയാണല്ലോ ഈ ലേഖനപരമ്പരയുടെ ഉദ്ദേശ്യം. മൈനർസെമ്മിനാരികാം മേജർ സെമ്മിനാരിയിലേക്കുള്ള ചവിട്ടുപടി മാത്രമാകയാൽ അവയെക്കുറിച്ചു പ്രത്യേകം വിവരിക്കുന്നില്ല. ഈ ചരിത്രപംക്തിയുടെ പൂത്തീകരണത്തിന് ഇടക്കാലത്തുദിച്ച് അസ്തമിച്ച ചില മേജർ സെമ്മിനാരികളെക്കുറിച്ചും പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

കൊല്ലം രൂപതയുടെ വികാരി അപ്പസ്തോലിക്കയായിരുന്ന മോൺ. കാർളോസ് വലേവിയ 1863-ൽ തങ്കശേരിയിൽ ഒരു സെമ്മിനാരി ആരംഭിച്ചു. ബൽജിയംകാരായ കർമ്മലീത്താ വൈദികരായിരുന്നു ഇതു നടത്തിപ്പോന്നതു്. തങ്കശേരിയിൽനിന്നു രുയറ്ററിലേക്കും, വീണ്ടും കൊല്ലത്തേക്കും, ഈ സെമ്മിനാരി മാററുകയുണ്ടായി. മംഗലപ്പുഴ സെമ്മിനാരി വിപുലീകരിച്ച് കൂടുതൽ വൈദികവിദ്യാത്ഥികളെ പ്രവേശിപ്പിക്കുവാൻ തുടങ്ങിയപ്പോാം കൊല്ലം സെമ്മിനാരിയിൽ അംഗസംഖ്യ കുറഞ്ഞു. 1947-ൽ അതു നിറുത്തലാക്കപ്പെടുകയും ചെയ്തു.

1927-ൽ മൂന്നു പ്രാദേശിക സെമ്മിനാരികാം കേരളത്തിൽ ആരംഭിക്കുകയുണ്ടായി. മലബാർ സഭയുടെ വദ്ധിച്ചുവരുന്ന ആവശ്യങ്ങാം സാധിക്കത്തക്കവിധം വേണ്ടുവോളം വൈദികരെ വാർത്തെടുക്കുന്നതിനു പുത്തൻപള്ളിയിൽ സ്ഥലസൗകര്യം പോരാതെവന്നു. ഈ സാഹചര്യത്തിലാണു് 1927-ൽ തൃശ്ശൂരും എറണാകുളത്തും കോട്ടയ

ത്തും ഓരോ മേജർ സെമ്മിനാരികൾ പ്രവർത്തനം ആരംഭിച്ചതു്. എന്നാൽ പുത്തമ്പള്ളി സെമ്മിനാരി, മംഗലപ്പുഴക്കുന്നിൽ പുതുതായി പണികഴിപ്പിച്ച വിശാലമായ കെട്ടിടത്തിലേയ്ക്കു മാററപ്പെട്ടപ്പോൾ സ്ഥലസൗകര്യം പോരായെന്ന പ്രശ്നത്തിനു പരിഹാരം കണ്ടെത്തി. അങ്ങനെ 1937-ൽ മേല്പറഞ്ഞ മൂന്നു സെമ്മിനാരികളും അടയ്ക്കപ്പെട്ടു.

## പഠനഗൃഹങ്ങൾ

## (Study Homes)

കേരളത്തിലെ സന്യാസസഭകളിൽ സി. എം. ഐ. ഒഴിച്ചുള്ള സഭകൾക്കു് സ്വന്തമായി സെമ്മിനാരികൾ ഇല്ല. ഏതാനും വർഷങ്ങൾക്കു മുമ്പുവരെ അവരുടെ വൈദികവിദ്യാർത്ഥികളെ കേരളത്തിനകത്തും പുറത്തുമുള്ള സെമ്മിനാരികളിൽ അയച്ചു പരിശീലിപ്പിച്ചുപോന്നു. എന്നാൽ ഓരോ സന്യാസ സഭയുടെയും പ്രത്യേകമായ ചൈതന്യവിശേഷം തദംഗങ്ങൾക്കു് ലഭിക്കുന്നതിനു് സ്വന്തമായി ഓരോ പഠനഗൃഹങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതു് ആവശ്യകമാണെന്നു മനസ്സിലാക്കി, പൗരസ്ത്യ തിരുസ്സംഘം എല്ലാ സഹായസഹകരണങ്ങളും കേരളത്തിലേ സന്യാസസഭകൾക്കു് നല്കുകയുണ്ടായി. ഇങ്ങനെ പ. സിംഹാസനത്തിൽനിന്നു ലഭിച്ച നിർലോഭമായ സഹായങ്ങളുടേയും പ്രോത്സാഹനങ്ങളുടേയും ഫലമായി മംഗലപ്പുഴ സെമ്മിനാരിയോടനുബന്ധിച്ചും പൂനാ സെമ്മിനാരിയോടനുബന്ധിച്ചും വിവിധ സന്യാസസഭക്കാർ വൈദികവിദ്യാർത്ഥിഭവനങ്ങൾ അഥവാ പഠനഗൃഹങ്ങൾ നിർമ്മിച്ചിട്ടുണ്ടു്.

## വിൻസെൻഷ്യൻ വിദ്യാഭവൻ

മംഗലപ്പുഴ തിയോളജിക്കൽ സെമ്മിനാരിയുടെയും കാർമ്മൽഗിരി ഫിലോസഫിക്കൽ സെമ്മിനാരിയുടെയും മദ്ധ്യത്തിലായി ആലുവാപ്പുഴയുടെ തീരത്തു് വിൻസെൻ

ഷ്യൻ സഭക്കാർ 1960-ൽ ഒരു പഠനഗൃഹം പണികഴിപ്പിക്കയുണ്ടായി. കെട്ടിടം മുഴുവൻ പൂർത്തിയാകുമ്പോൾ 100-ൽപരം വൈദികവിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാനുള്ള സൗകര്യങ്ങൾ "വിദ്യാഭവനിൽ" ഉണ്ടായിരിക്കുന്നതാണ്. തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുന്ന 60 തോളം വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ താമസിച്ചുകൊണ്ട് മംഗലപ്പുഴ സെമ്മിനാരിയിൽപോയി പഠനം നടത്തുന്നുണ്ട്. ഇതിനകം മുപ്പതിലേറെ വൈദികർ വിദ്യാഭവനിൽനിന്നും പുറത്തുവന്നിട്ടുണ്ട്.

## M. C. B. S. Study House

ദിവ്യകാരുണ്യ മിഷ്യനറിസഭ വകയായി ഒരു പഠനഗൃഹം 1961-ൽ സമാരബ്ധമായി. മംഗലപ്പുഴ സെമ്മിനാരിയിൽനിന്ന് ഏകദേശം ഒരു മൈൽ പടിഞ്ഞാറു മാറി ആലുവാ-പറവൂർ റോഡരുകിൽ കാരകുന്ന് എന്ന സ്ഥലത്ത് ഈ സ്റ്റഡിഹൗസ് സ്ഥിതിചെയ്യുന്നു. ഇപ്പോൾ നാല്പതോളം വൈദികവിദ്യാർത്ഥികൾ ഇവിടെ താമസിച്ച് മംഗലപ്പുഴ സെമ്മിനാരിയിലെ ക്ലാസ്സുകളിൽ സംബന്ധിക്കുന്നുണ്ട്. ഈ പഠനഗൃഹത്തിൻെറ പ്രധാന കെട്ടിടം അത്യുന്നത കർദ്ദിനാൾ മാക്സിമില്യൻ തിരുമേനി 1968 ഫെബ്രുവരി 18-ാം തീയതി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

## Little Flower Study House

ആലുവാ-പെരുമ്പാവൂർ റോഡിൽനിന്ന് രണ്ടു ഫർലോങ്ങ് തെക്കായി ചെറുപുഷ്പസന്യാസ സഭാംഗങ്ങൾ ഒരു പഠനഗൃഹം 1961-ൽ ആരംഭിച്ചു. ആലുവാ ടൗണിൽനിന്ന് ഏകദേശം ഒരു കിലോമീററർ അകലെയാണീ സ്ഥാപനം. 1963 മുതൽ ഈ സഭക്കാർ സ്വന്തമായി ഒരു തത്വശാസ്ത്ര കോഴ്സ് ഇവിടെ ആരംഭിച്ചിട്ടുണ്ട്. ദൈവശാസ്ത്ര കോഴ്സിനു ഇവിടത്തെ ശെമ്മാശ്ശന്മാർ മംഗലപ്പുഴ സെമ്മിനാരിയിൽ പോകുന്നു. ഉദ്ദേശം 80-തോളം

വിദ്യാത്ഥികഠം താമസിച്ച പഠിക്കുന്നതിനുള്ള സൗകര്യങ്ങഠം സജ്ജമാക്കിയിട്ടുണ്ട്.

## St. Vincents Study House

കട്ടാക്കൂ് രൂപതയിൽ ജോലിചെയ്യുന്ന വിൻസെൻഷ്യൻ സഭക്കാരുടെ (C. M.) ഒരു പഠനഗൃഹം ആലുവാ U. C. കോളേജിനു സമീപം സ്ഥിതിചെയ്യിരുന്ന വരാപ്പുഴ അതിരൂപത വക സിമിത്തേരിക്കപ്പേളയോടനുബന്ധിച്ച് 1963-ൽ സമാരബ്ധമായി. 40-ൽപരം വിദ്യത്ഥികഠംക്കു് താമസിച്ച പഠിക്കുന്നതിനുള്ള സൗകര്യങ്ങഠം ഇവിടെയുണ്ട്.

മേല്പറഞ്ഞ സ്റ്റഡിഹൗസുകളിൽ നിന്നുള്ള വൈദികവിദ്യാത്ഥികളെ കൂടാതെ കമ്മലീത്താ ഒന്നാം സഭയിൽപ്പെട്ട മഞ്ഞുമ്മേൽ കൊവേന്തയിൽനിന്നു് സന്യാസാത്ഥികഠം അനുദിനം ബസുമാർഗ്ഗം വന്നു് മംഗലപ്പുഴ സെമ്മിനാരിയിലെ ക്ലാസ്സുകളിൽ സംബന്ധിച്ചിട്ട പോകുന്നുണ്ട്.

## കേരളത്തിൽനിന്നുള്ള വൈദിക വിദ്യാത്ഥിഠം മററു സെമ്മിനാരികളിൽ

കേരളത്തിലേ സെമ്മിനാരികളെക്കുറിച്ചുള്ള ഈ ചരിത്രാവലോകനത്തിൽ കേരളത്തിൽ ഇത:പര്യന്തം ഉണ്ടായിട്ടുള്ള സെമ്മിനാരികളേയും പഠനഗൃഹങ്ങളേയും കുറിച്ച് മാത്രമേ പ്രതിപാദിക്കുന്നുള്ളു. പക്ഷേ, കേരളത്തിൽനിന്നുള്ള വൈദികവിദ്യാത്ഥികഠം ഏതാണ്ട് 60 ശതമാനം മാത്രമേ കേരളത്തിൽത്തന്നെയുള്ള സെമ്മിനാരികളിൽ പഠനം നടത്തുന്നുള്ളു. ദൈവവിളിയുടെ നാടായ കേരളത്തിൽനിന്നു വൈദികവിദ്യാത്ഥികളിൽ 40 ശതമാനമെങ്കിലും കേരളത്തിനു വെളിയിൽ, ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലുള്ള മററു മേജർ സെമ്മിനാരികളിലോ വിവിധ സന്യാസസഭകളിൽ ചേന്നു് അവരുടെ സ്കൊളാസ്റ്റിക്കേററുകളിലോ പഠിച്ച് വൈദികരാകുന്നുണ്ട്. റോം, ജമ്മനി, ഇംഗ്ലണ്ട്, അമേരിക്ക മുതലായ വിദേശരാജ്യങ്ങ

DHARMARAM COLLEGE LIBRARY
26115

ിലേ സെമ്മിനാരികളിൽ ചേൎന്നുപഠിക്കുന്ന കേരള വൈദികവിദ്യാൎത്ഥികളും ധാരാളമുണ്ടു്. കേരളീയരായ വൈദികരോ വൈദികവിദ്യാൎത്ഥികളോ ഇല്ലാത്ത ഒരു സന്യാസസഭയെങ്കിലും ലോകത്തിൽ ഉണ്ടായിരിക്കുമോയെന്നു സംശയിക്കണം.

"കേരള ദൈവവിളികൾ കേരളത്തിനു വെളിയിലേക്കു്" എന്ന തലക്കെട്ടിൽ ഒരു ഗ്രന്ഥം രചിക്കുന്നതിനു് ആരെങ്കിലും മുൻകൈയെടുത്താൽ, അതു് കേരളസഭയ്ക്കു ചെയ്യാവുന്ന ഒരു വലിയ സേവനമായിരിക്കും. പ്രസ്തുത ഗ്രന്ഥത്തിൽ കേരളത്തിൽനിന്നുള്ള വൈദികവിദ്യാൎത്ഥികൾ ചേൎന്നു പഠിക്കുന്ന സെമ്മിനാരികളെക്കുറിച്ചും സന്യാസസഭകളെക്കുറിച്ചും ഒരു ലഘുവിവരണം നല്കാൻ സാധിക്കും. കൂടാതെ കേരളത്തിനുവെളിയിൽ ജോലി ചെയ്യുന്ന മിഷനറിമാരുടേയും വൈദികവിദ്യാൎത്ഥികളുടേയും ഒരു സ്ഥിതിവിവരക്കണക്കും അതിൽ ചേൎക്കുന്നതിനു സാധിക്കും.

മിഷ്യൻ ലീഗിൻെറ ആഭിമുഖ്യത്തിൽ, മിഷ്യൻ ലീഗിനോടു് ബന്ധപ്പെട്ട വൈദികൎക്കോ അല്മായൎക്കോ ഇപ്രകാരം ഒരു ഗ്രന്ഥം രചിക്കുന്നതിനു് കൂടുതൽ എളുപ്പമുണ്ടു്. സ്ഥിതിവിവരക്കണക്കുകളും, വിവിധ സെമ്മിനാരികളേയും സന്യാസസഭകളേയും കുറിച്ചുള്ള വിവരങ്ങളും മിഷ്യൻലീഗിൻെറ അഭിമുഖ്യത്തിൽ ശേഖരിച്ചിട്ടുള്ളതും, ശേഖരിച്ചുകൊണ്ടിരിക്കുന്നതുമാകയാലാണു്, മേല്പറഞ്ഞ വിധം ഒരു ഗ്രന്ഥം രചിക്കുന്നതിനു് മിഷ്യൻലീഗിനോടു് ബന്ധപ്പെട്ടവർ ശ്രമിക്കുന്നതു കൊള്ളാമെന്നു് ഈ ലേഖകൻ അഭിപ്രായപ്പെടുന്നതു്.

മാർ തോമ്മാശ്ലീഹാ ഭാരതത്തിൽ കൊളുത്തിയ സുവിശേഷദീപം, അന്ധകാരത്തിൽ കഴിയുന്ന ഭാരതമക്കൾക്കു് കാട്ടിക്കൊടുക്കുവാൻ തോമ്മാശ്ലീഹായുടെ ആത്മീയസുതർ എന്നഭിമാനിക്കുന്ന കേരളത്തിലേ ക്രിസ്ത്യാനികൾ എന്തു ചെയ്തു, എന്തുചെയ്തുകൊണ്ടിരിക്കുന്നു എന്നു് "കേരള മിഷ്യനറിമാർ കേരളത്തിനു വെളിയിൽ" എന്ന ഗ്രന്ഥം വ്യക്തമാക്കും. ശ്രമസാധ്യമായ ഈ കാര്യത്തിലേക്കു് ഉത്സാ

ഹശീലവും ക്ഷമയും സ്ഥിരചിത്തതയുമുള്ള യുവവൈദ
കരോ അല്മായരോ മുമ്പോട്ടുവരണമെന്നഭ്യർത്ഥിക്കുന

## കേരളത്തിലേ സെമ്മിനാരികഠം

## എക്കുമേനിസത്തിലൂടെ

കേരളത്തിലേ കത്തോലിക്കാ സെമ്മിനാരികളു ഒരു വിവരണംമാത്രമാണീ ഗ്രന്ഥത്തിലേ ഉള്ളടക്കം. എന്നാൽ, കേരളത്തിലേ ഓർത്തഡോക്സു, മാർത്തോമ്മ C. S. I. മുതലായ വിവിധ ക്രൈസ്തവവിഭാഗക്കാരു സെമ്മിനാരികളെക്കുറിച്ചും ചരിത്രപരമായ വിവരങ്ങഠം ഇപ്രകാരമൊരു ഗ്രന്ഥത്തിൽ ചേക്കുന്നതിനു ലേഖകൻ വളരെ ആഗ്രഹിച്ചിരുന്നു. പക്ഷേ, കിട്ടിയരേഖകഠം അപൂർണ്ണമാകയാലും, കൂടുതൽ രേഖകഠം ശേഖരിക്കുന്നതിനു കഴിയാഞ്ഞതിനാലും, വിവിധ ക്രൈസ്തവ വിഭാഗക്കാരുടെ സെമ്മിനാരികളെക്കുറിച്ചുള്ള ചരിത്രവിവരങ്ങഠം അടുത്ത പതിപ്പിലേക്കു മാററിവച്ചിരിക്കയാണു്.

CT Library
00026115
J72 P982